# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി VI
## (SUBJECT COMMITTEE VI)
## വിദ്യാഭ്യാസം
## (EDUCATION)

**ആനുകാലിക റിപ്പോർട്ട്**

**( 2024 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT AS ON $31^{St}$ MARCH, 2024)**

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്**

**[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]**

**2024 ജൂലൈ 4-ാം തീയതി സമർപ്പിച്ചത്**

**(Presented on $4^{th}$ July , 2024)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2024

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM

2024

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VI

# (SUBJECT COMMITTEE VI)

## വിദ്യാഭ്യാസം

## (EDUCATION)

ആനുകാലിക റിപ്പോർട്ട്

(2024 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31St MARCH 2024)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

937/2024.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 65 |

# സബ്ജക്ട് കമ്മിറ്റി VI
## (വിദ്യാഭ്യാസം)
## (2023-2026)

### ഘടന

<u>അദ്ധ്യക്ഷൻ:</u>

ശ്രീ. വി. ശിവൻകുട്ടി,
പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ:</u>

ഡോ. ആർ. ബിന്ദു,
ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി.

ശ്രീ. സജി ചെറിയാൻ,
മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. കെ. എം. സച്ചിൻദേവ്

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എം. വിജിൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അജിത് കുമാർ വി. ഒ., അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള പ്രവർത്തനം സംബന്ധിച്ച ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരം സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ 2021 ജൂൺ 7-ലെ ബുള്ളറ്റിൻ - ഭാഗം 2 നമ്പർ 26 പ്രകാരം 2021-2023 കാലയളവിലേക്കായും 2023 ഡിസംബർ 7-ലെ ബുള്ളറ്റിൻ - ഭാഗം 2 നമ്പർ 445 പ്രകാരം 2023-26 കാലയളവിലേക്കായും രൂപീകരിച്ച സബ്ജക്ട് കമ്മിറ്റി VI, 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെ സമിതി 8 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 3 യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കും, 4 യോഗങ്ങൾ കരട് റിപ്പോർട്ടുകൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണിക്കുന്നതിനായും ഒരു യോഗം ആസ്സാം നിയമസഭ സ്റ്റാൻഡിംഗ് കമ്മിറ്റിയുമായുള്ള സംയുക്ത യോഗത്തിനുമായാണ് ചേർന്നിട്ടുള്ളത്. ഈ യോഗങ്ങളിൽ ഹാജരായ അംഗങ്ങളുടെ ശരാശരി ഹാജർ നില 63.63% ആയിരുന്നു.

ഏഴ് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

അദ്ധ്യായം I - സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ.

അദ്ധ്യായം II - സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ.

അദ്ധ്യായം III - സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ എന്നിവയുടെ വിശദാംശങ്ങൾ.

അദ്ധ്യായം IV - നിയമസഭാ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ.

അദ്ധ്യായം V - നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ.

അദ്ധ്യായം VI -(എ) സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം.

(ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും

അദ്ധ്യായംVII -സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2024 ജൂലൈ 2-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. ശിവൻകുട്ടി,
*ചെയർമാൻ,*
സബ്ജക്ട് കമ്മിറ്റി VI.

തിരുവനന്തപുരം,
2024 ജൂലൈ 4.

# റിപ്പോർട്ട്

## അദ്ധ്യായം I

### സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ

2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI ചുവടെ ചേർത്തിട്ടുള്ള 2 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയുണ്ടായി.

1. 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 31-7-2023-ലെ സമിതി യോഗം അംഗീകരിക്കുകയും 10-8-2023-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 8-8-2023-ലെ സമിതിയോഗം അംഗീകരിക്കുകയും 10-8-2023-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

### സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ ബില്ലുകൾ പരിഗണിക്കുന്നതിനായി സമിതി യോഗം ചേർന്നില്ല.

## അദ്ധ്യായം III

### സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ എന്നിവയുടെ വിശദാംശങ്ങൾ

### കരട് ചട്ടങ്ങൾ

1. Kerala Higher Secondary Education Subordinate Service (Amendment) Rules, 2023 7-6-2023-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നം. 5047/സബ്.സി.ഇ 1/2019/നി.സെ.)

2. 2022-ലെ കേരള യുവജന കമ്മീഷൻ (ഭേദഗതി) ചട്ടങ്ങൾ 7-6-2023-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നം. 638/സബ്.സി.ഇ 1/2023/നി.സെ.)

## എസ്.ആർ.ഒ-കൾ

2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ എസ്.ആർ.ഒ.-കൾ സമിതിയുടെ പരിഗണനയിൽ വന്നിട്ടില്ല.

## അദ്ധ്യായം IV

### നിയമസഭാ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ

നിയമസഭാ ചട്ടം 235 (എ) പ്രകാരം 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ യോഗം ചേർന്നില്ല.

## അദ്ധ്യായം V

### നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | XVII—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | 2022-23 | പൊതുഭരണ (സർവ്വീസസ്) വകുപ്പ് | 9-8-2023 |
| 2 | XVII—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | 2022-23 | ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ് (സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്) | 9-8-2023 |
| 3 | XVII—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | 2021-22 (കാലതാമസ പത്രിക സഹിതം) | ഉന്നത വിദ്യാഭ്യാസ വകുപ്പ് | 9-8-2023 |
| 4 | XVII—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | 2017-18 | സാംസ്കാരികകാര്യ വകുപ്പ് | 30-1-2024 |

## അദ്ധ്യായം VI

**(എ) 2023-24 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം.**

| റിപ്പോർട്ട് | ആകെ ശിപാർശകൾ | മറുപടി ലഭിച്ച ഖണ്ഡികകളും/ ബന്ധപ്പെട്ട വകുപ്പുകളും | മറുപടി ലഭിക്കാനുള്ള ഖണ്ഡികകളും ബന്ധപ്പെട്ട വകുപ്പുകളും |
|---|---|---|---|
| ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2023-24) [ഫയൽ നം. 5135/ സബ്.സി.ഇ 1/ 2023/ നി.സെ.] | 138 | 1 - 41, 138 പൊതുവിദ്യാഭ്യാസ വകുപ്പ് | — |
| | | 42-51, 56, 63, 64,77 (ഉന്നത വിദ്യാഭ്യാസ വകുപ്പ്) | 52-55, 57-62 65-76, 78-80, 83-86 ഉന്നത വിദ്യാഭ്യാസ വകുപ്പ് |
| | | 87 (ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്) | — |
| | | — | 88-127 സാംസ്കാരികകാര്യ വകുപ്പ് |
| | | — | 128-137 കായിക യുവജനകാര്യ വകുപ്പ് |

**(ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെയും വിശദാംശങ്ങൾ_**

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019 - 20)

(ഫ. നം. 3340/സബ്.സി.ഇ 1/2019/നി.സെ.)

**ശിപാർശ (ഖണ്ഡിക നം. 46)**

2203-00-800-91—കേരള സംസ്ഥാന നൃതന അച്ചടി പരിശീലന കേന്ദ്രം

36—സഹായധനം - ശമ്പളേതരം

സി-ആപ്റ്റിൽ സംസ്ഥാനത്തെ ഹയർ സെക്കൻഡറി പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട് പേപ്പറും സാധന സാമഗ്രികളും സൂക്ഷിക്കുന്നതിനുള്ള സ്ഥല സൗകര്യ പരിമിതി പരിഹരിക്കുന്നതിലേയ്ക്കായി ഒരു ഗോഡൗൺ നിർമ്മിക്കുന്നതിന് പദ്ധതിയിനത്തിൽ 50 ലക്ഷം രൂപയും സെന്ററിന്റെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും അച്ചടി ഉപകരണങ്ങളുടെ കേടുപാടുകൾ തീർക്കുന്നതിനും മുൻകാല ബാധ്യതകൾ തീർക്കുന്നതിലേയ്ക്കുമായി പദ്ധതി യേതരയിനത്തിൽ 1 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

യൂണിവേഴ്സിറ്റികൾ ഉൾപ്പെടെയുള്ള പൊതുവിദ്യാഭ്യാസ/ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിവിധ സ്ഥാപനങ്ങൾക്കും വളരെയധികം സാംസ്കാരിക സ്ഥാപനങ്ങൾക്കും സർക്കാരിന്റെ പരിമിതമായ വിഭവ ലഭ്യതക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. ഇതിനുപരിയായി ഇത്തരം സ്ഥാപനങ്ങളുടെ വർദ്ധിച്ച് വരുന്ന ആവശ്യങ്ങളെല്ലാം അനുവദിച്ച് നൽകാൻ നിലവിലുള്ള സ്ഥിതിയിൽ സാധിക്കുകയില്ല. 2019-20-ൽ സി-ആപ്റ്റിന് പദ്ധതി, പദ്ധതിയേതര ഇനത്തിൽ ആകെ 401.65 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നതെങ്കിൽ നടപ്പ് സാമ്പത്തിക വർഷം അത് 513.48 ലക്ഷം രൂപയാണ്. റവന്യൂ കമ്മി ഗ്രാന്റ്, ജി.എസ്.റ്റി. നഷ്ടപരിഹാരം എന്നീ ഇനങ്ങളിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന ഗ്രാന്റ് ഇനത്തിൽ വൻകുറവ് പ്രതീക്ഷിക്കുന്ന ഘട്ടത്തിലാണ് ഇപ്രകാരം വർദ്ധിച്ച വിഹിതം അനുവദിച്ചിട്ടുള്ളത്. ആയതിനാൽ പദ്ധതി പദ്ധതിയേതര ഇനങ്ങളിൽ കൂടുതൽ സഹായം അനുവദിക്കാൻ ഈ ഘട്ടത്തിൽ സാധിക്കില്ല. പദ്ധതിയിനത്തിൽ നിലവിൽ പദ്ധതി രേഖയിൽ വിഭാവനം ചെയ്ത പ്രവർത്തനങ്ങളിൽ യുക്തമായ അനുമതിക്ക് വിധേയമായി ധന പുനഃക്രമീകരണം നടത്തിയും പദ്ധതിയേതര ഇനത്തിൽ തനത് വിഭവ സമാഹരണ മാർഗങ്ങൾ കണ്ടെത്തിയും യുക്തിസഹമായ രീതിയിൽ ചെലവുകൾ ക്രമീകരിച്ചും മാത്രമെ നിലവിൽ ഇത്തരം ആവശ്യങ്ങൾക്കുള്ള ഫണ്ട് കണ്ടെത്തുവാൻ സാധിക്കുകയുള്ളൂ.

(ഉന്നതവിദ്യാഭ്യാസ വകുപ്പ് കത്ത് നം. കെ3/225/2021-HEDN;തീയതി 12-12-2022 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 7-6-2023-ലെ സമിതി യോഗം അംഗീകരിച്ചു. കാലതാമസപത്രിക 15-3-2023-ൽ സഭയിൽ സമർപ്പിച്ചു.)

2. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2020 - 21)

(ഫ. നം. 1806/സബ്.സി.ഇ 1/2020/നി.സെ.)

**ശിപാർശ (ഖണ്ഡിക നം. 46)**

2202-03-105-97—അധിക വൈദഗ്ദ്ധ്യം ആർജ്ജിക്കുന്നതിനുള്ള പദ്ധതി (എ.എസ്. എ.പി.)

കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ നിർമ്മാണം പരിപാലനം അസാപ്പിന്റെ തൊഴിൽ നൈപുണ്യ പരിശീലനം മറ്റു ചെലവുകൾ എന്നിവയ്ക്ക് ബജറ്റിൽ വകയിരുത്തുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 231.02 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2020-21 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിരുന്ന 50 കോടി രൂപ കൂടാതെ G.O.(Rt.)No.5626/2020/Fin. dated, 1-10-2020 പ്രകാരം 104.98 കോടി രൂപ Additional Authorization ആയും 2020-21 സാമ്പത്തിക വർഷം അസാപ്പിന് അനുവദിച്ചിട്ടുണ്ട്.

(ഉന്നതവിദ്യാഭ്യാസ വകുപ്പ് കത്ത് നം. സി4/97/2022-എച്ച്.ഇ.ഡി.എൻ., തീയതി 31-3-2023 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 7-6-2023-ലെ സമിതി യോഗം അംഗീകരിച്ചു; കാലതാമസപത്രിക 9-8-2023-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ (ഖണ്ഡിക നം. 52)**

2203-00-102-97—കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (ഡോ. എ.പി.ജെ. അബ്ദുൽകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി)

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

ഡോ. എ.പി.ജെ. അബ്ദുൽകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയ്ക്ക് ആസ്ഥാനം സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനും, നിർമ്മാണ പ്രവർത്തനങ്ങൾക്കും വേണ്ടി 54 കോടി രൂപ പദ്ധതിയിനത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഉപശീർഷകം 36-ൽ ശമ്പളചെലവുകൾക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. ആകയാൽ പ്രസ്തുത ശീർഷകത്തിൽ 14 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ഡോ. എ.പി.ജെ. അബ്ദുൽകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ ആസ്ഥാന മന്ദിരവും ക്യാംപസും നിർമ്മിക്കുന്നതിനുള്ള സ്ഥലമേറ്റെടുക്കലിനായി 184,51,42,781 രൂപ സർവ്വകലാശാലയുടെ തനത് ഫണ്ടിൽ നിന്ന് റവന്യൂ വകുപ്പിൽ അടച്ചിട്ടുണ്ട്.

2020-21 സാമ്പത്തിക വർഷത്തെ ബജറ്റിൽ മൂലധന ആസ്തികളുടെ സമാഹരണത്തിന് വകയിരുത്തിയ 6 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും പ്രസ്തുത തുക ഇ-ലെഡ്ജറിൽ പോസ്റ്റ് ചെയ്ത് 2021-22 സാമ്പത്തിക വർഷം റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 53)**

2203-00-103-99-34-2—ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനം -മറ്റ് ചെലവുകൾ - വൈദ്യുതി ചെലവ്

സംസ്ഥാനത്തെ 39 ടെക്നിക്കൽ ഹൈസ്കൂളുകളുടെ വൈദ്യുതി കരം കുടിശ്ശിക തീർത്ത് അടക്കുന്നതിലേയ്ക്കായി 6 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധിക മായി വകയിരുത്തണമെന്നു സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ടി ശീർഷകത്തിലെ ആകെ ചെലവ് ബജറ്റ് വിഹിത തുകയിൽ പരിമിതപ്പെടുത്തുവാൻ കഴിഞ്ഞതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക ആവശ്യമായി വന്നില്ല.

(ഉന്നതവിദ്യാഭ്യാസ വകുപ്പ് നം. ജെ3/158/2020/ഉ.വി.വ., തീയതി 29-10-2022 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 7-6-2023-ലെ യോഗം അംഗീകരിച്ചു; കാലതാമസപത്രിക 6-12-2022-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ (ഖണ്ഡിക നം. 54)**

2203-00-104-95-31—വ്യവസായ സ്കൂളുകൾ സഹായധനം - ശമ്പളം

സർക്കാർ അംഗീകൃത ഇൻഡസ്ട്രിയിൽ സ്കൂളുകളിലെ അദ്ധ്യാപകരുടെ ടീച്ചിംഗ് സ്കൂളുകളിലെ അദ്ധ്യാപകരുടെ ടീച്ചിംഗ് ഗ്രാന്റ് പ്രതിമാസം 3,000 രൂപയായി വർദ്ധിപ്പിച്ചത് കുടിശ്ശിക തീർത്ത് അനുവദിക്കുന്നതിന് ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 16 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്നു സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ടി ശീർഷകത്തിലെ ആകെ ചെലവ് ബജറ്റ് വിഹിത തുകയിൽ പരിമിതപ്പെടുത്തുവാൻ കഴിഞ്ഞതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക ആവശ്യമായി വന്നില്ല.

ആകെ 8,35,700 രൂപ (എട്ടു ലക്ഷത്തി മുപ്പത്തി അയ്യായിരത്തി എഴുന്നൂറ് രൂപ മാത്രം) 2020-21 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുള്ളതാകുന്നു.

(ഉന്നതവിദ്യാഭ്യാസ വകുപ്പ് കത്ത് നം. ജെ1/123/2020/ഉ.വി.വ., തീയതി 22-10-2022 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 7-6-2023-ലെ യോഗം അംഗീകരിച്ചു. കാലതാമസപത്രിക 6-12-2022-ന് സഭയിൽ സമർപ്പിച്ചു.)

## ശിപാർശ (ഖണ്ഡിക നം. 59)

2203-00-112-60—<u>ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.എച്ച്.ആർ.ഡി.)</u>

31—<u>സഹായധനം - ശമ്പളം</u>

35—<u>മൂലധന ആസ്തികളുടെ രൂപീകരണത്തിലുള്ള സഹായധനം</u>

36—<u>സഹായധനം - ശമ്പളേതരം</u>

(i) ഐ.എച്ച്.ആർ.ഡി.യിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 7.28 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ii) ജീവനക്കാർക്ക് സർക്കാർ നിരക്കിലുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനും റെഗുലേറ്ററി ബോഡികൾ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും പദ്ധതിയേതരയിനത്തിൽ 88.8432 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ഐ.എച്ച്.ആർ.ഡി-ക്ക് 2020-21 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിച്ചിട്ടില്ല. എന്നാൽ ജീവനക്കാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിന് പ്രസ്തുത സാമ്പത്തിക വർഷത്തിൽ പദ്ധതിയേതര ഇനത്തിൽ 40 കോടി രൂപ ഐ.എച്ച്.ആർ.ഡി.-ക്ക് അധികമായി അനുവദിച്ചിട്ടുണ്ട്.

(ഉന്നതവിദ്യാഭ്യാസ വകുപ്പ് കത്ത് നം. ജെ1/124/2020/ഉ.വി.വ. തീയതി 31-10-2022 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 7-6-2022-ലെ യോഗം അംഗീകരിച്ച; കാലതാമസപത്രിക 6-12-2022-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ (ഖണ്ഡിക നം. 60)**

2203-00-112-58—<u>എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി</u>

എൽ.ബി.എസ്. സെന്റർ, എൽ.ബി.എസ്.ഐ.റ്റി.ഡബ്ല്യൂ., പൂജപ്പുര, എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാസർഗോഡ്, എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി മലപ്പുറം എന്നിവയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനും അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 26.23 കോടി രൂപയും സെന്റർ ഫോർ എക്സലൻസ് ഡിസബിലിറ്റി സ്റ്റഡീസിന്റെ കീഴിലുള്ള വിവിധ പദ്ധതികൾക്കായി 25 ലക്ഷം രൂപയും എൽ.ബി.എസ്.ഐ.റ്റി.ഡബ്ല്യൂ., പൂജപ്പുര, എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാസർഗോഡ്, എന്നിവയുടെ ശമ്പളത്തിനും അനുബന്ധ ചെലവുകൾക്കുമായി പദ്ധതിയേതരയിനത്തിൽ 5 കോടി രൂപയും ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

നിലവിൽ എൽ.ബി.എസ്.-ന് പദ്ധതിയേതര ശീർഷകം ഇല്ലാത്തതിനാൽ ആയത് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

(i) എൽ.ബി.എസ്. സെന്റർ, എൽ.ബി.എസ്.ഐ.റ്റി.ഡബ്ല്യൂ., പൂജപ്പുര, എൽ.ബി. എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാസർഗോഡ് എന്നിവയുടെ അനുബന്ധ പ്രവർത്തനങ്ങൾക്കും എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി മലപ്പുറത്തിന് ഭൂമി ഏറ്റെടുക്കുന്നതിനും അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 26.23 കോടി രൂപ സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ പദ്ധതിയിനത്തിൽ 12 ലക്ഷം രൂപ എൽ.ബി.എസ്. സെന്ററിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾക്ക് 2020-21 സാമ്പത്തിക വർഷത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

(ii) സെന്റർ ഫോർ എക്സലൻസ് ഡിസബിലിറ്റി സ്റ്റഡീസിന്റെ കീഴിലുള്ള വിവിധ പദ്ധതികൾക്കായി 25 ലക്ഷം രൂപ സമിതി ശിപാർശ ചെയ്തെങ്കിലും പ്രസ്തുത തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

(iii) എൽ.ബി.എസ്. സെന്റർ, എൽ.ബി.എസ്.ഐ.റ്റി.ഡബ്ല്യൂ., പൂജപ്പുര, എൽ.ബി. എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാസർഗോഡ് എന്നിവയുടെ ശമ്പളത്തിനും അനുബന്ധ ചെലവുകൾക്കുമായി പദ്ധതിയിനത്തിൽ 2 കോടി രൂപ അധികവിഹിതമായി അനുവദിച്ചിട്ടുണ്ട്.

(iv) എൽ.ബി.എസി-ന് പദ്ധതിയേതര ശീർഷകം അനുവദിച്ചിട്ടില്ല.

(ഉന്നതവിദ്യാഭ്യാസ വകുപ്പ് കത്ത് നം. ജെ1/125/2020/ഉ.വി.വ., തീയതി 17-6-2023 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 31-7-2023-ലെ യോഗം അംഗീകരിച്ചു; കാലതാമസ പത്രിക 9-8-2023-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ (ഖണ്ഡിക നം. 81)**

4202-02-103-99—ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിടങ്ങൾ

23 പ്രവർത്തികൾ പൂർത്തിയാക്കുന്നതിന് ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2020-2021-ൽ ആകെ 10.63 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അധിക തുക സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്.

(ഉന്നത വിദ്യാഭ്യാസ വകുപ്പ് കത്ത് നം. ജെ3/158/2020/ഉ.വി.വ., തീയതി 29-10-2022 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 7-6-2023-ലെ യോഗം അംഗീകരിച്ചു; കാലതാമസപത്രിക 6-12-2022-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ (ഖണ്ഡിക നം. 94)**

4202-04-101-99—ലളിതകലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കെട്ടിടങ്ങൾ

പ്രവർത്തി പൂർത്തിയാക്കുന്നതിന് ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2020-21 സാമ്പത്തിക വർഷത്തിൽ ആകെ ചെലവായത് 1.27 കോടി രൂപയാണ്. അധികം ചെലവായ 27 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴി കണ്ടെത്തിയിട്ടുണ്ട്.

(ഉന്നതവിദ്യാഭ്യാസ വകുപ്പ് കത്ത് നം. ജെ1/126/2020/ഉവിവ: തീയതി 31-10-2022 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 7-6-2023-ലെ യോഗം അംഗീകരിച്ചു; കാലതാമസപത്രിക 6-12-2022-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ (ഖണ്ഡിക നം. 145)**

2204-00-001-99-02-3—കായികയുവജനകാര്യ ഡയറക്ടേറ്റ്- വേതനം- മറ്റ് അലവൻസുകൾ

അലവൻസ് അനുവദിച്ചു നൽകുന്നതിന് 17,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ധനലഭ്യതയുടെ പരിമിതി മൂലം അധിക തുക അനുവദിച്ചിട്ടില്ല.

02-4—വേതനം - കൺസോളിഡേറ്റഡ് പേ

ശമ്പളം അനുവദിച്ചു നൽകുന്നതിന് ബജറ്റിൽ അനുവദിച്ച തുക മതിയാകാത്ത സാഹചര്യത്തിൽ 22 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അധികം തുകയ്ക്ക് ആവശ്യം വരാത്തതിനാൽ അധിക തുകയ്ക്കായി പ്രോപ്പോസൽ സമർപ്പിക്കുകയുണ്ടായില്ല.

04-1—യാത്രാ ചെലവുകൾ - യാത്രാബത്ത

ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 4.38 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ധനലഭ്യതയുടെ പരിമിതി മൂലം അധിക തുക അനുവദിച്ചിട്ടില്ല.

04-2—യാത്രാ ചെലവുകൾ- സ്ഥലംമാറ്റ ബത്ത

ബജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രം അനുവദിച്ചതിനാൽ 74,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

25-8-2020-ലെ സ.ഉ.(സാധാ) നം.4955/20/ധന. ഉത്തരവ് പ്രകാരം 1 ലക്ഷം രൂപ ധനപുനഃവിനിയോഗം മുഖാന്തരം നൽകിയിട്ടുണ്ട്.

05-4—ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

ബജറ്റ് തുക അപര്യാപ്തമായതിനാൽ 2.16 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ അധിക തുക ആവശ്യം വരാത്ത സാഹചര്യത്തിൽ അധിക തുകയ്ക്കായി പ്രോപ്പോസൽ സമർപ്പിക്കുകയുണ്ടായില്ല.

06—വാടക, കരം, നികുതി

ബജറ്റ് തുക അപര്യാപ്തമായതിനാൽ 50,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അധിക തുകയ്ക്ക് ആവശ്യം വരാത്തതിനാൽ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായില്ല.

21-02—മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും

ബജറ്റ് തുക അപര്യാപ്തമായതിനാൽ 1.01 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

18-11-2020-ലെ സ.ഉ.(സാധാ) നം.6671/20/ധന. ഉത്തരവ് പ്രകാരം 40,000 രൂപയും 10-2-2021-ലെ സ.ഉ.(സാധാ) നം.1144/2021/ധന. ഉത്തരവ് പ്രകാരം 25,000 രൂപയും ചേർത്ത് ആകെ 65,000 രൂപ ധനപുനഃവിനിയോഗം മുഖാന്തരം നൽകിയിട്ടുണ്ട്.

34-3—മറ്റ് ചെലവുകൾ -മറ്റിനം

ബജറ്റ് തുക അപര്യാപ്തമായതിനാൽ 70,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

9-11-2020-ലെ സ.ഉ.(സാധാ) നം.6481/20/ധന. ഉത്തരവ് പ്രകാരം 6,00,000 രൂപ ധനപുനഃവിനിയോഗം മുഖാന്തരം നൽകിയിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 148)**

2204-00-104-97—കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുള്ള ധനസഹായം

2020-21 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ ജീവനക്കാർക്ക് ശമ്പളം, പുതുക്കിയ ഡി.എ., ഡി.എ. കുടിശ്ശിക, പെൻഷൻ പറ്റിയ ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങൾ, മറ്റ് ഓഫീസ് ചെലവുകൾ എന്നിവ നല്കുന്നതിനും ശമ്പള കമ്മീഷൻ പ്രകാരം കാലാകാലങ്ങളിൽ അനുവദിച്ച നൽകിയിരുന്ന ഡി.എ.-യുടെ കുടിശ്ശിക തുകകൾ ജീവനക്കാർക്ക് അനുവദിക്കുന്നതിനും അതുപോലെ 10-ാം ശമ്പള കമ്മീഷന്റെ 62 മാസങ്ങളിലെ കുടിശ്ശിക ജീവനക്കാർക്കും പെൻഷൻകാർക്കും നൽകുന്നതിനും 10-ാം ശമ്പള കമ്മീഷൻ പ്രകാരം പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് ബജറ്റിൽ അനുവദിച്ചിരുന്ന തുക അപര്യാപ്തമായതിനാൽ 16.1421 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ധനലഭ്യതയുടെ പരിമിതി മൂലം അധിക തുക അനുവദിച്ചിട്ടില്ല.

36—സഹായധനം-ശമ്പളേതരം

സ്പോർട്സ് ഹോസ്റ്റലുകളുടെ സുഗമമായ പ്രവർത്തനത്തിനും അസോസിയേഷനുകൾക്ക് ഗ്രാന്റ് അനുവദിക്കാനും കായിക ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കും 17.58 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ അധിക തുക ആവശ്യം വരാത്ത സാഹചര്യത്തിൽ അധിക തുകയ്ക്കായി പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായില്ല.

**ശിപാർശ (ഖണ്ഡിക നം. 149)**

2204-00-104-95—ദേശീയവും അന്തർദ്ദേശീയവുമായ കായിക മത്സരങ്ങളിൽ വിജയികൾക്ക് പ്രോത്സാഹന സമ്മാന തുക

ദേശീയ അന്തർദ്ദേശീയ മത്സരങ്ങളിൽ വിജയിച്ച് വരുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകുവാൻ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ അധിക തുക ആവശ്യം വരാത്ത സാഹചര്യത്തിൽ അധിക തുകയ്ക്കായി പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായില്ല.

**ശിപാർശ (ഖണ്ഡിക നം. 150)**

2204-00-104-91-05-1—ഡിപ്പാർട്ട്മെന്റ് സ്കൂളുകളിൽ കായിക വിനോദവിഭാഗങ്ങളിൽ സൗകര്യങ്ങൾ സജ്ജീകരിക്കൽ (സ്പോർട്സ് സ്കൂളുകളും ഡിവിഷനുകളും) ഓഫീസ് ചെലവുകൾ-വെള്ളക്കരം

ബജറ്റ് തുക അപര്യാപ്തമായതിനാൽ 2.88 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സ.ഉ. (സാധാ) നമ്പർ 760/2021/ധന. തീയതി 28-1-2021 പ്രകാരം 12,38,000 രൂപ ധനപുനഃവിനിയോഗം മുഖാന്തരം അനുവദിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 151)**

2204-00-104-90—സർക്കസ് പ്രോത്സാഹിപ്പിക്കുന്നതിന്

ബജറ്റ് തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അധിക തുക ആവശ്യമായി വരാത്തതിനാൽ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായില്ല.

**ശിപാർശ (ഖണ്ഡിക നം. 152)**

2204-00-104-89—സിവിൽ സർവ്വീസ് ടൂർണമെന്റിനുള്ള നടത്തിപ്പിനുള്ള ധനസഹായം

ബജറ്റ് തുക അപര്യാപ്തമായതിനാൽ 2.57 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ അധിക തുക ആവശ്യം വരാത്ത സാഹചര്യത്തിൽ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായില്ല.

**ശിപാർശ (ഖണ്ഡിക നം. 153)**

2204-00-104-82—കായിക വികസന ഫണ്ട്

വട്ടിയൂർക്കാവ് ഷൂട്ടിംഗ് അക്കാദമിയുടെ നടത്തിപ്പിനായി അധിക തുക ആവശ്യം വരുന്നതിനാൽ 9 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

18-2-2021-ലെ സ.ഉ.(സാധാ) നമ്പർ 1532/2021/കായുവ. പ്രകാരം 6 കോടി രൂപ ധനപുനഃവിനിയോഗം മുഖാന്തരം അനുവദിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 154)**

2204-00-104-77-05-3—മികച്ച പെർഫോമൻസിനായി സ്പോർട്സ് സയൻസ്ടെക്നോളജി എന്നിവയെ ശക്തിപ്പെടുത്തൽ-ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്

ബജറ്റ് തുക അപര്യാപ്തമായതിനാൽ 21,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അധിക തുക ആവശ്യമായി വരാത്തതിനാൽ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായില്ല.

**ശിപാർശ (ഖണ്ഡിക നം. 155)**

2204-00-104-17—അധിക സ്പോർട്സ് ഡിവിഷനുകൾ സ്ഥാപിക്കൽ (കണ്ണൂർ സ്പോർട്സ് ഡിവിഷന്റെ മാതൃകയിൽ)

പുതിയ സ്പോർട്സ് ഡിവിഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അധിക തുക ആവശ്യം വരുന്നതിനാൽ 8 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അധിക തുക ആവശ്യമായി വരാത്തതിനാൽ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായില്ല.

**ശിപാർശ (ഖണ്ഡിക നം. 156)**

4202-03-102-94—സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ

കായിക ഭവന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അധിക തുക ആവശ്യം വരുന്നതിനാൽ 11.29 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ അധിക തുക ആവശ്യം വരാത്ത സാഹചര്യത്തിൽ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായില്ല.

[കായിക യുവജനകാര്യ വകുപ്പ് കത്ത് നം. എ 1/270/2022/കാ.യു.വ. തീയതി, 25-2-2023 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 7-6-2023-ലെ യോഗം അംഗീകരിച്ചു. കാലതാമസ പത്രിക 15-3-2023-ൽ സഭയിൽ സമർപ്പിച്ചു.]

3. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത്റിപ്പോർട്ട് (2021 - 22)

(ഫ. നം. 12380/സബ്.സി.ഇ 1/2021/നി.സെ.)

**ശിപാർശ (ഖണ്ഡിക നം. 1)**

2202-01-101-99-01-4—ലോവർ പ്രൈമറി സ്കൂളുകൾ - ശമ്പളം -മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

സംസ്ഥാനത്തെ 2542 ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള 20235 ജീവനക്കാരുടെ മുൻവർഷങ്ങളിലെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തുക നൽകേണ്ടതിനാൽ നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാണ്. ആകയാൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ 29,64,240 രൂപ അവശേഷിക്കുകയും, ടി തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

**ശിപാർശ (ഖണ്ഡിക നം. 2)**

2202-01-101-98-01-4—അപ്പർ പ്രൈമറി സ്കൂളുകൾ - ശമ്പളം -മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

സംസ്ഥാനത്തെ 953 ഗവൺമെന്റ് അപ്പർപ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള 17069 ജീവനക്കാരുടെ മുൻവർഷങ്ങളിലെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തുക നൽകേണ്ടതിനാൽ നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാണ്. ആകയാൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ 43,58,242 രൂപ അവശേഷിക്കുകയും, ടി തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

**ശിപാർശ (ഖണ്ഡിക നം. 3)**

2202-01-102-99-01-4—റ്റീച്ചിംഗ് ഗ്രാന്റ് - ശമ്പളം -മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

സംസ്ഥാനത്തെ 5849 എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള 65746 ജീവനക്കാരുടെ മുൻവർഷങ്ങളിലെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തുക നൽകേണ്ടതിനാൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ 7,57,176 രൂപ അവശേഷിക്കുകയും, ടി തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

**ശിപാർശ (ഖണ്ഡിക നം. 4)**

2202-01-102-93-02-4—<u>പി. ടി. എ. നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കുമുള്ള സഹായം -വേതനം - കൺസോളിഡേറ്റഡ് പേ</u>

പി. ടി. എ. യുടെ നിയന്ത്രണത്തിലുള്ള 1773 സ്കൂളുകളിലെ 1948 പ്രീ-പ്രൈമറി അദ്ധ്യാപികമാർക്കും 758 ആയമാർക്കും അനുവദിച്ചിട്ടുള്ള ഓണറേറിയം വർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5.0804 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സംസ്ഥാനത്തെ വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതി ആവശ്യപ്പെട്ട തുക അനുവദിക്കാൻ കഴിഞ്ഞില്ല.

**ശിപാർശ (ഖണ്ഡിക നം. 5)**

2202-01-104-99-01-4—<u>പരിശോധന - ശമ്പളം -മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്</u>

സംസ്ഥാനത്തെ 163 എ.ഇ.ഒ. ഓഫീസുകളിലെ 1606 ജീവനക്കാരുടെ മുൻവർഷങ്ങളിലെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തുക നൽകേണ്ടതിനാൽ നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആകയാൽ 3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ 8,53,350 രൂപ അവശേഷിക്കുകയും, ടി തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

### ശിപാർശ (ഖണ്ഡിക നം. 6)

2202-01-111-96-03—സർവ്വശിക്ഷാ അഭ്യാൻ പ്രോജക്ട്- സമഗ്രശിക്ഷ അഭ്യാൻ സംസ്ഥാനത്തിന്റെ അധിക ധനസഹായം

കേരളത്തിലെ സമഗ്ര ശിക്ഷയുടെ അക്കാദമിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന 168 ബ്ലോക്ക് റിസോഴ്സ് സെന്ററുകൾക്കായി 15 വർഷം മുൻപ് നിർമ്മിച്ച കെട്ടിടങ്ങളുടെ നവീകരണത്തിന് ഒരു ബി. ആർ. സി.-ക്ക് 5 ലക്ഷം രൂപ ക്രമത്തിൽ നൽകുന്നതിന് 8.40 കോടി രൂപയും, സമഗ്രശിക്ഷാ അഭ്യാന്റെ കീഴിലുള്ള 50 ഓട്ടിസം സെന്ററുകളിൽ ഉപകരണങ്ങൾ വാങ്ങുന്നതിനും നവീകരണത്തിനും ഒരു സെന്ററിന് 3 ലക്ഷം രൂപ നിരക്കിൽ നൽകുന്നതിന് 1.50 കോടി രൂപയും ചേർത്ത് 9.90 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതി കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

### ശിപാർശ (ഖണ്ഡിക നം. 7)

2202-01-112-90-01—ഉച്ചഭക്ഷണ പരിപാടി (60% കേന്ദ്രാവിഷ്കൃതം) -കേന്ദ്ര വിഹിതം

പാചക തൊഴിലാളികളുടെ പ്രതിദിന ഓണറേറിയത്തിൽ 50 രൂപയുടെ വർദ്ധനവ് വരുത്തിയതിനാലും അരിയുടെ വില, അരിയുടെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, പ്രൈമറി വിഭാഗം കുട്ടികളുടെ എണ്ണത്തിലുള്ള വർദ്ധനവ്, പാചകചെലവ് എന്നിവ മൂലമുള്ള അധിക ചെലവ് പരിഹരിക്കുന്നതിനുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4.184 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സംസ്ഥാനത്തെ വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതി ആവശ്യപ്പെട്ട തുക അനുവദിക്കാൻ കഴിഞ്ഞില്ല.

**ശിപാർശ (ഖണ്ഡിക നം. 8)**

2202-01-112-90-02—<u>ഉച്ചഭക്ഷണ പരിപാടി (60% കേന്ദ്രാവിഷ്കൃതം)-സംസ്ഥാന വിഹിതം</u>

പാചക തൊഴിലാളികളുടെ പ്രതിദിന ഓണറേറിയത്തിൽ 50 രൂപയുടെ വർദ്ധനവ് വരുത്തിയതിനാലും അരിയുടെ വില, അരിയുടെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, പ്രൈമറി വിഭാഗം കുട്ടികളുടെ എണ്ണത്തിലുള്ള വർദ്ധനവ്, പാചകചെലവ് എന്നിവ മൂലമുള്ള അധിക ചെലവ് പരിഹരിക്കുന്നതിനുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.03 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സംസ്ഥാനത്തെ സാമ്പത്തിക പരിമിതി കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

**ശിപാർശ (ഖണ്ഡിക നം. 9)**

2202-01-112-89—<u>ഉച്ചഭക്ഷണ പദ്ധതി -സംസ്ഥാനത്തിന്റെ അധിക സഹായം</u>

പാചക തൊഴിലാളികളുടെ പ്രതിദിന ഓണറേറിയത്തിൽ 50 രൂപയുടെ വർദ്ധനവ് വരുത്തിയതിനാലും അരിയുടെ വില, അരിയുടെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, പ്രൈമറി വിഭാഗം കുട്ടികളുടെ എണ്ണത്തിലുള്ള വർദ്ധനവ്, പാചകചെലവ് എന്നിവ മൂലമുള്ള അധിക ചെലവ് പരിഹരിക്കുന്നതിനുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15.409 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സംസ്ഥാനത്തെ വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതി ആവശ്യപ്പെട്ട തുക അനുവദിക്കാൻ കഴിഞ്ഞില്ല.

**ശിപാർശ (ഖണ്ഡിക നം. 10)**

2202-01-191-50—റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ -കോർപ്പറേഷനുകൾക്കുള്ള സഹായം

കോർപ്പറേഷൻ മുഖേന പ്രൈമറി സ്കൂളുകളിൽ മുൻ വർഷങ്ങളിൽ സ്കോളർഷിപ്പ് ഇനത്തിൽ നൽകേണ്ടിയിരുന്ന തുക ട്രഷറി നിയന്ത്രണങ്ങളാൽ മാറി എടുക്കാൻ സാധിച്ചിട്ടില്ല. ആകയാൽ കുടിശ്ശിക തീർപ്പാക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 21.82 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സംസ്ഥാനത്തെ സാമ്പത്തിക പരിമിതി കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

**ശിപാർശ (ഖണ്ഡിക നം. 11)**

2202-01-192-50—റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ -മുനിസിപ്പാലിറ്റികൾക്കുള്ള സഹായം

മുനിസിപ്പാലിറ്റി മുഖേന പ്രൈമറി സ്കൂളുകളിൽ മുൻ വർഷങ്ങളിൽ സ്കോളർഷിപ്പ് ഇനത്തിൽ നൽകേണ്ടിയിരുന്ന തുക ട്രഷറി നിയന്ത്രണങ്ങളാൽ മാറി എടുക്കാൻ സാധിച്ചിട്ടില്ല. ആകയാൽ കുടിശ്ശിക തീർപ്പാക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 75.80 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സംസ്ഥാനത്തെ വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതി ആവശ്യപ്പെട്ട തുക അനുവദിക്കാൻ കഴിഞ്ഞില്ല.

**ശിപാർശ (ഖണ്ഡിക നം. 12)**

2202-01-196-50—റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ -ജില്ലാ പഞ്ചായത്തുകൾക്കുള്ള സഹായം

ജില്ലാ പഞ്ചായത്ത് മുഖേന പ്രൈമറി സ്കൂളുകളിൽ സ്കോളർഷിപ്പ് ഇനത്തിൽ നൽകേണ്ടിയിരുന്ന തുക ട്രഷറി നിയന്ത്രണങ്ങളാൽ മാറി എടുക്കാൻ സാധിച്ചിട്ടില്ല. ആകയാൽ കുടിശ്ശിക തീർപ്പാക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 39.88 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സംസ്ഥാനത്തെ സാമ്പത്തിക പരിമിതി കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

**ശിപാർശ (ഖണ്ഡിക നം. 13)**

2202-01-198-50—റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ -വില്ലേജ് പഞ്ചായത്തുകൾക്കുള്ള സഹായം

ഗ്രാമപഞ്ചായത്ത് മുഖേന പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് ഇനത്തിൽ നൽകേണ്ടിയിരുന്ന തുക ട്രഷറി നിയന്ത്രണങ്ങളാൽ മാറി എടുക്കാൻ സാധിക്കാത്തതിനാൽ കുടിശ്ശിക തീർപ്പാക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 3.0070 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സംസ്ഥാനത്തെ വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതി ആവശ്യപ്പെട്ട തുക അനുവദിക്കാൻ കഴിഞ്ഞില്ല.

### ശിപാർശ (ഖണ്ഡിക നം. 14)

2202-02-001-99-06—ഡയറക്ടേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ -വാടക, കരം, നികുതി

വിദ്യാഭ്യാസ ഡയറക്ടേറ്റിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഔദ്യോഗിക വസതിയുടെ വാടകയുമായി ബന്ധപ്പെട്ട് മാസം 20,000 രൂപ വീതം വാടക ഇനത്തിൽ നൽകേണ്ടതിനാൽ 48,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ 1,12,000 രൂപ അവശേഷിക്കുകയും, ടി തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

### ശിപാർശ (ഖണ്ഡിക നം. 15)

2202-02-001-98-01-4—മുഖ്യ ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ (വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടേറ്റുകൾ) -ശമ്പളം - മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

സംസ്ഥാനത്തെ 14 വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലെ 1146 ജീവനക്കാരുടെ മുൻ വർഷങ്ങളിലെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെൻറ് ഇനത്തിലുള്ള കുടിശ്ശിക തുക നൽകേണ്ടതിനാൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സംസ്ഥാനത്തെ സാമ്പത്തിക പരിമിതി കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

### ശിപാർശ (ഖണ്ഡിക നം. 16)

2202-02-001-92—ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടേറ്റ്

ഹയർ സെക്കൻഡറി വകുപ്പിലെ ഏഴ് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലെ ടെലിഫോൺ, ഇലക്ട്രിസിറ്റി, റെന്റ്, ടൂർ ടി.എ., വെഹിക്കിൾ ഫ്യൂവൽ, ഡെയ്‌ലി വേജസ്

എന്നീ ഇനങ്ങളിലെ ചെലവുകൾ അധികരിക്കുന്നതിനാൽ 5.7 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തിൽ ഹയർ സെക്കൻഡറി വകുപ്പിലെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഓഫീസുകളിലെ ഇലക്ട്രിസിറ്റി, ടെലഫോൺ ചാർജ്ജ് തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായി 4,50,000 രൂപ റീ-അപ്രോപ്രിയേഷൻ മുഖേന അനുവദിക്കുകയുണ്ടായി. കൂടാതെ, വാടകയിനത്തിൽ 4,60,000 രൂപ അധിക ധനാഭ്യർത്ഥന മുഖേനയും 2021-22 സാമ്പത്തിക വർഷത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 17)**

2202-02-101-99-01-4—<u>ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ - പരിശോധന -ശമ്പളം - മെഡിക്കൽ റീ -ഇംബേഴ്സ്മെന്റ്</u>

38 ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ മുൻവർഷങ്ങളിലെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തുക നൽകുന്നതിനായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സംസ്ഥാനത്തെ വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതി ആവശ്യപ്പെട്ട തുക അനുവദിക്കാൻ കഴിഞ്ഞില്ല.

**ശിപാർശ (ഖണ്ഡിക നം. 18)**

2202-02-108-99— <u>പരീക്ഷാവിഭാഗം</u>

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ 2020 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയുമായി ബന്ധപ്പെട്ട് തെർമൽ സ്കാനർ, ഗ്ലൗസ് എന്നിവ വാങ്ങിയ ഇനത്തിൽ ചെലവായ തുക "മറ്റിനങ്ങൾ" എന്ന ശീർഷകത്തിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം നൽകുന്നതിനും 2018 മുതലുള്ള പരീക്ഷകളുടെ നടത്തിപ്പിനായി കണ്ടിജൻസി ഇനത്തിലുള്ള കുടിശ്ശിക തുകകൾ "തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ" എന്ന ശീർഷകത്തിൽ നിന്നും നൽകുന്നതിനായും, വെള്ളക്കരം,

അവധി യാത്രാനുകൂല്യം, വാടക, കരം, നികുതി എന്നിവയുടെ കുടിശ്ശിക തീർപ്പാക്കുന്നതിനും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15.07 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2018 മുതലുള്ള പരീക്ഷകളുടെ നടത്തിപ്പിനായി കണ്ടിജൻസി ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിനായി 10 കോടി രൂപ സമിതിയുടെ ശിപാർശയനുസരിച്ച് 2021-22 സാമ്പത്തിക വർഷത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 19)**

2202-02-109-99-01-4—സെക്കൻഡറി സ്കൂളുകൾ - ശമ്പളം - മെഡിക്കൽ റീ- ഇംബേഴ്സ്മെന്റ്

സംസ്ഥാനത്തെ 1006 ഗവ. സെക്കൻഡറി സ്കൂളുകളിലെ 23881 ജീവനക്കാരുടെ മുൻ വർഷങ്ങളിലെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തുക നൽകുന്നതിന് 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക പര്യാപ്തമായതിനാൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

**ശിപാർശ (ഖണ്ഡിക നം. 20)**

2202-02-109-86-01-4—ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ (പ്ലസ് ടു കോഴ്സ്) -ശമ്പളം - മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ 48,86,000 രൂപ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനായി അധിക ധനാഭ്യർത്ഥന മുഖേന സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 21)**

2202-02-109-74—ഹയർ സെക്കൻഡറി വിദ്യാഭ്യാസം - വിദ്യാർത്ഥി കേന്ദ്രീകൃത പരിപാടി

ഹയർ സെക്കൻഡറി സ്കൂളുകളിൽ സൗഹൃദ പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്നതിനും, സംസ്ഥാനത്തെ എല്ലാ സൗഹൃദ കോ-ഓർഡിനേറ്റർമാർക്കും ചൈൽഡ് ഡെവലപ്മെന്റ് സെന്ററുമായി ചേർന്ന് പ്രാഥമിക പരിശീലനം നൽകുന്നതിനുമായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 35 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ ഓൺലൈൻ മുഖേന പ്രവർത്തിച്ചതിനാൽ പല പ്രോഗ്രാമുകളും 2021-22 അദ്ധ്യായന വർഷത്തിൽ നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ 2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ തുക പര്യാപ്തമായതിനാൽ സമിതിയുടെ ശിപാർശയനുസരിച്ച് അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

**ശിപാർശ (ഖണ്ഡിക നം. 22)**

2202-02-109-70—സ്കൂൾ വിദ്യാഭ്യാസം - വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങൾ

ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ വിദ്യാവോളന്റിയർമാരുടെ ഓണറേറിയവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ 325 ലക്ഷം രൂപ (3.25 കോടി രൂപ) ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ വിദ്യാ വോളന്റിയർമാരുടെ ഓണറേറിയവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി ധനപുനഃവിനിയോഗം മുഖേന സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 23)**

2202-02-109-69—<u>സ്കൂൾ വിദ്യാഭ്യാസം- അടിസ്ഥാന സൗകര്യം</u>

1000 സർക്കാർ സ്കൂളുകൾക്ക് 5,00,000 രൂപ വീതം അടിസ്ഥാന സൗകര്യ വികസനത്തിനായി നൽകുന്നതിന് പദ്ധതിയേതരയിനത്തിൽ 50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ തുകയിൽ അടിസ്ഥാന സൗകര്യവികസനം പരിമിതപ്പെടുത്തിയതിനാൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

**ശിപാർശ (ഖണ്ഡിക നം. 24)**

2202-02-109-63—<u>സ്കൂൾ വിദ്യാഭ്യാസത്തിന്റെ സമഗ്രമായ നവീകരണത്തിനുള്ള പദ്ധതി</u>

നിലവിൽ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിനായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിനും ഓഫീസ് സംബന്ധമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വാഹനത്തിന്റെ വാടക നൽകുന്നതിനും അപര്യാപ്തമായതിനാൽ 2.33 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ 60.16 ലക്ഷം രൂപ അധിക ധനാഭ്യർത്ഥന മുഖേന സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 25)**

2202-02-110-99-01-4—<u>ടീച്ചിംഗ് ഗ്രാന്റ് - ശമ്പളം - മെഡിക്കൽ റീ -ഇംബേഴ്സ്മെന്റ്</u>

1429 എയ്ഡഡ് ഹൈസ്കൂളുകളിലെ അദ്ധ്യാപകരും ഇതര ജീവനക്കാരുമായ 37894 പേരുടെ മുൻവർഷങ്ങളിലെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തുക നൽകുന്നതിന് 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ തുക പര്യാപ്തമായതിനാൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

**ശിപാർശ (ഖണ്ഡിക നം. 26)**

2202-02-110-94—എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകൾ -ടീച്ചിംഗ് ഗ്രാന്റ്

എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലെ ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത എന്നീ ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സംസ്ഥാനത്തെ വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

**ശിപാർശ (ഖണ്ഡിക നം. 27)**

2202-02-191-50—റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ -മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള സഹായം

കോർപ്പറേഷൻ മുഖേന സെക്കണ്ടറി സ്കൂളുകളിൽ മുൻ വർഷങ്ങളിൽ സ്കോളർഷിപ്പ് ഇനത്തിൽ നൽകേണ്ടിയിരുന്ന തുക ട്രഷറി നിയന്ത്രണങ്ങളാൽ മാറി എടുക്കാൻ സാധിച്ചിട്ടില്ല. കുടിശ്ശിക തീർപ്പാക്കുന്നതിനായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10.77 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സംസ്ഥാനത്തെ സാമ്പത്തിക പരിമിതി കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതി ആവശ്യപ്പെട്ട തുക അനുവദിക്കാൻ കഴിഞ്ഞില്ല.

### ശിപാർശ (ഖണ്ഡിക നം. 28)

2202-02-192-50—റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ -മുനിസിപ്പാലിറ്റികൾക്കുള്ള സഹായം

മുനിസിപ്പാലിറ്റികൾ മുഖേന സെക്കൻഡറി സ്കൂളുകളിൽ മുൻ വർഷങ്ങളിൽ സ്കോളർഷിപ്പ് ഇനത്തിൽ നൽകേണ്ടിയിരുന്ന തുക ട്രഷറി നിയന്ത്രണങ്ങളാൽ മാറി എടുക്കാൻ സാധിച്ചിട്ടില്ല. കുടിശ്ശിക തീർപ്പാക്കുന്നതിനായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 52.84 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സംസ്ഥാനത്തെ വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതി ആവശ്യപ്പെട്ട തുക അനുവദിക്കാൻ കഴിഞ്ഞില്ല.

### ശിപാർശ (ഖണ്ഡിക നം. 29)

2202-02-196-50—റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ -ജില്ലാ പഞ്ചായത്തുകൾക്കുള്ള സഹായം

ജില്ലാപഞ്ചായത്തുകൾ മുഖേന സെക്കൻഡറി സ്കൂളുകളിൽ മുൻ വർഷങ്ങളിൽ സ്കോളർഷിപ്പ് ഇനത്തിൽ നൽകേണ്ടിയിരുന്ന തുക ട്രഷറി നിയന്ത്രണങ്ങളാൽ മാറി എടുക്കാൻ സാധിച്ചിട്ടില്ല. കുടിശ്ശിക തീർപ്പാക്കുന്നതിനായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2.137 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സംസ്ഥാനത്തെ സാമ്പത്തിക പരിമിതി കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതി ആവശ്യപ്പെട്ട തുക അനുവദിക്കാൻ കഴിഞ്ഞില്ല.

**ശിപാർശ (ഖണ്ഡിക നം. 30)**

2202-80-004-91-36—സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.റ്റി)-സഹായധനം - ശമ്പളേതരം

കാഴ്ച പരിമിതിയുള്ള കുട്ടികൾക്കായി പാഠപുസ്തകങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള അനുബന്ധ വായനാ സാമഗ്രികളുടെ 'ശ്രുതി പാഠം' (ആഡിയോ ടെക്സ്റ്റ്) വികസിപ്പിക്കുന്നതിനായി 50 ലക്ഷം രൂപയും ശ്രവണ പരിമിതർക്കായുള്ള സവിശേഷ വിദ്യാലയങ്ങളിൽ ഏകീകൃത ആംഗ്യഭാഷയിൽ (ഇന്ത്യൻ സൈൻ ലാംഗ്വേജ്) പഠനവിനിമയം നടത്തുന്നതിന് അദ്ധ്യാപക ശാക്തീകരണത്തിനായി 20 ലക്ഷം രൂപയും ബുദ്ധിപരിമിതരായ കുട്ടികൾക്കുള്ള സവിശേഷ വിദ്യാലയങ്ങളിൽ 2021-22 അക്കാദമിക വർഷം ഓൺലൈൻ പഠനത്തിനുള്ള സംവിധാനം നൽകുന്നതിനായി മൊബൈൽ ആപ്ലിക്കേഷനും അതിനാവശ്യമായ ഡിജിറ്റൽ വിഭവങ്ങൾ തയ്യാറാക്കുന്നതിനുമുള്ള ഫണ്ടിനായി 150 ലക്ഷം രൂപയും ചേർത്ത് ആകെ ഈ ശീർഷകത്തിൽ 2.20 കോടി രൂപ പദ്ധതിയിനത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2008-09 മുതൽ ശമ്പള ഇനത്തിൽ തുക അനുവദിക്കാത്തതിനാലും, ബിംസ് നടപ്പിലായതിനുശേഷം പദ്ധതിയേതര ചെലവുകൾക്കായി പദ്ധതി ഫണ്ട് ഉപയോഗിക്കാൻ കഴിയാത്തതിനാലും, തനതുഫണ്ട് കമ്മി ആയതിനാലും എസ്.സി.ഇ.ആർ.ടി. ജീവനക്കാരുടെ 2021-22 വർഷത്തെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും ശമ്പള ഇനത്തിൽ 850 ലക്ഷം രൂപയും ഓഫീസ് ചെലവുകൾക്കും മറ്റിനങ്ങൾക്കുമായി 50 ലക്ഷം രൂപയും ചേർത്ത് പദ്ധതിയേതരയിനത്തിൽ 9 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സംസ്ഥാനത്തെ വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതി ആവശ്യപ്പെട്ട തുക അനുവദിക്കാൻ കഴിഞ്ഞില്ല. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ എസ്.സി.ഇ.ആർ.ടി-ക്ക് പദ്ധതിയിനത്തിൽ വകയിരുത്തിയ ബജറ്റ് വിഹിതം വിനിയോഗിച്ച് ശ്രുതിപാഠം, മുദ്രികാപാഠം എന്നീ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 31)**

പൊതു വിദ്യാലയങ്ങളിലെ കുട്ടികൾക്ക് ലഭ്യമാക്കുന്ന സൗജന്യ ഭക്ഷ്യക്കിറ്റ് സ്പെഷ്യൽ സ്കൂളുകളിലെ പഠിതാക്കൾക്കും കൂടി ലഭ്യമാക്കുന്നതിന് 30 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സംസ്ഥാനത്തെ സാമ്പത്തിക പരിമിതി കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല. എന്നാൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയ്ക്കായി അനുവദിച്ച തുക ഉപയോഗിച്ച് സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികൾക്കും ഭക്ഷ്യക്കിറ്റ് നൽകുകയും ചെയ്തിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 32)**

സ്പെഷ്യൽ സ്കൂളുകളിലെ പഠിതാക്കൾക്ക് സ്കൂളുകളിലേക്ക് സൗജന്യ യാത്രാസൗകര്യം ഏർപ്പെടുത്തണമെന്നും സ്കൂളുകളിൽ ലഭ്യമായിരുന്ന ഫിസിയോതെറാപ്പി സേവനം വീടുകളിലും ലഭ്യമാക്കണമെന്നും സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് 2019-20 മുതൽ ഗ്രാന്റ് അനുവദിക്കുകയും, സ്പീച്ച് തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ് ഉൾപ്പെടെയുള്ള ജീവനക്കാർക്ക് വേതനം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ, 2021-22 സാമ്പത്തിക വർഷത്തിൽ കണ്ടിജൻസി ചാർജ്ജായി കുട്ടി ഒന്നിന് 1200 രൂപ വീതം അനുവദിച്ചുവരുന്നു. കണ്ടിജൻസി ചാർജ്ജിൽ നിന്നും കുട്ടികൾക്ക് യാത്രാസൗകര്യം നൽകി വരുന്നുണ്ട്.

(പൊതുവിദ്യാഭ്യാസ വകുപ്പ് 1 മുതൽ 32 വരെയുള്ള ഖണ്ഡികകളിന്മേൽ കത്ത് നം. പി2/333/2022/പൊ.വി.വ., തീയതി 4-8-2023 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 8-8-2023-ലെ യോഗം അംഗീകരിച്ചു; കാലതാമസ പത്രിക 9-8-2023-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ (ഖണ്ഡിക നം. 58)**

2203-00-104-95 -31—<u>വ്യാവസായിക സ്കൂളുകൾ - സഹായധനം - ശമ്പളം</u>

സംസ്ഥാനത്തെ ഇൻഡസ്ട്രിയൽ സ്കൂൾ അദ്ധ്യാപകർക്ക് മുൻവർഷത്തെ ഗ്രാന്റ്-ഇൻ-എയ്ഡ് കുടിശ്ശിക, 2021-22 വർഷത്തെ സ്പെഷ്യൽ ഫെസ്റ്റിവൽ അലവൻസ് എന്നിവ നൽകാനായി 6 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2021-22 വർഷത്തിലെ ആകെ ചെലവ് 9,27,390 (ഒൻപതു ലക്ഷത്തി ഇരുപത്തി ഏഴായിരത്തി മുന്നൂറ്റി തൊണ്ണൂറ് രൂപ മാത്രം) രൂപയിൽ പരിമിതപ്പെടുത്തിയതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക ആവശ്യമായി വന്നില്ല.

(ഉന്നതവിദ്യാഭ്യാസ വകുപ്പ് കത്ത് നം. ജെ1/303/2021/ഉ.വി.വ. തീയതി, 9-6-2023 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 31-7-2023-ലെ യോഗം അംഗീകരിച്ചു. കാലതാമസപത്രിക 9-8-2023-ൽ സഭയിൽ സമർപ്പിച്ചു.)

**ശിപാർശ (ഖണ്ഡിക നം. 61)**

2203-00-112-61—<u>കേരള സംസ്ഥാന സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം</u>

36—<u>സഹായധനം - ശമ്പളേതരം</u>

കോട്ടയം സയൻസ് സിറ്റിയുടെ പദ്ധതി രണ്ട് വർഷത്തിനകം പൂർത്തീകരിക്കുന്നതിനായി പദ്ധതിയിനത്തിൽ 10 കോടി രൂപ അധികമായും ജീവനക്കാരുടെ ശമ്പളം, ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, വൈദ്യുതി, വെള്ളം തുടങ്ങിയവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 39.279 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കേരള സർക്കാരിന് കീഴിൽ സ്ഥാപിതമായിട്ടുള്ള സ്വയം ഭരണാധികാരമുള്ള കേരള സംസ്ഥാന സയൻസ് & ടെക്നോളജി മ്യൂസിയം എന്ന സ്ഥാപനത്തിന് 2013-14 സാമ്പത്തിക വർഷം മുതൽ പദ്ധതിയിനത്തിൽ തുക അനുവദിച്ചു വരുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം മേൽ സ്ഥാപനത്തിന് 21 കോടി രൂപ പദ്ധതി വിഹിതമായി

അനുവദിച്ചിട്ടുണ്ട്. സ്വയം ഭരണ സ്ഥാപനങ്ങൾ അവരുടെ തനതു ഫണ്ടിൽ നിന്നുമാണ് പദ്ധതിയേതര ഇനത്തിലുള്ള തുക കണ്ടെത്തേണ്ടത്. തനതു വരുമാനം കുറഞ്ഞകാരണത്താൽ ടി സ്ഥാപനത്തിന് പദ്ധതിയേതര വിഹിതം അനുവദിച്ചാൽ മറ്റു സ്വയം ഭരണ സ്ഥാപനങ്ങളും ഇതേ ആവശ്യം ഉന്നയിക്കാൻ ഇടവരുമെന്നതിനാൽ കേരള സയൻസ് & ടെക്നോളജി മ്യൂസിയത്തിന് അധിക-പദ്ധതി/ പദ്ധതിയേതര വിഹിതം അനുവദിക്കണമെന്ന ആവശ്യം നിലവിൽ പരിഗണിക്കാനാവില്ല.

(ഉന്നതവിദ്യാഭ്യാസ വകുപ്പ് കത്ത് നം. കെ2/27/2022/ഉ.വി.വ. തീയതി, 7-10-2022 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 7-6-2023-ലെ യോഗം അംഗീകരിച്ചു. കാലതാമസ പത്രിക 6-12-2022-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ (ഖണ്ഡിക നം. 62)**

2203-00-112-60—<u>ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.എച്ച്.ആർ.ഡി.)</u>

31—<u>സഹായധനം - ശമ്പളം</u>

35—<u>മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

36—<u>സഹായധനം - ശമ്പളേതരം</u>

ഐ.എച്ച്.ആർ.ഡി-യുടെ വരുമാനം വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന ഫീസ് മാത്രമാണ്. പ്രസ്തുത തുക സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യവികസനം, ജീവനക്കാരുടെ ശമ്പളം, ശമ്പളേതര-ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിന് അപര്യാപ്തമാണ്. ആയതിനാൽ പദ്ധതിയിനത്തിൽ 8.55 കോടി രൂപയും പദ്ധതിയേതരയിനത്തിൽ ശമ്പളം, ശമ്പളേതരം എന്നീ ചെലവുകൾക്കായി യഥാക്രമം 84.1832 കോടി രൂപയും 4.2541 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ഐ.എച്ച്.ആർ.ഡി-ക്ക് പദ്ധതിയിനത്തിലും ശമ്പളേതര ചെലവുകൾക്കും വിഷയ നിർണയ കമ്മിറ്റി അധികമായി ശിപാർശ ചെയ്ത തുക 2021-22 സാമ്പത്തിക വർഷത്തിൽ ഐ.എച്ച്.ആർ.ഡി.-ക്ക് അനുവദിച്ചിട്ടില്ല. എന്നാൽ ഐ.എച്ച്.ആർ.ഡി.-യിലെ ജീവനക്കാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിന് 2021-22 സാമ്പത്തിക വർഷത്തിൽ 6202-02-105-98(P) എന്ന ഹെഡിൽ നിന്നും 35 കോടി രൂപ വായ്പയായി സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ഉന്നതവിദ്യാഭ്യാസ വകുപ്പ് കത്ത് നം. ജെ1/304/2021/ഉ.വി.വ., തീയതി 29-5-2023 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 31-7-2023-ലെ യോഗം അംഗീകരിച്ചു; കാലതാമസ പത്രിക 9-8-2023-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ (ഖണ്ഡിക നം. 63)**

2203-00-112-58 -35—എൽ. ബി. എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

എൽ.ബി.എസ്.ഐ.ഐ.എസ്.റ്റി-ക്ക് ഭൂമി ഏറ്റെടുക്കലും അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി പദ്ധതിയിനത്തിൽ 23 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

എൽ.ബി.എസ്.ഐ.ഐ.എസ്.റ്റി-ക്ക് ഭൂമി ഏറ്റെടുക്കലിനും അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി അധിക തുക വകയിരുത്താൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത പ്രവർത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയത് 2013-ലായതിനാൽ പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്. എൽ.ബി.എസ്. ഡയറക്ടർ സമർപ്പിച്ച പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പ് പരിശോധിച്ചു വരുന്നു.

(ഉന്നതവിദ്യാഭ്യാസ വകുപ്പ് നം. ജെ1/305/2021/ഉ.വി.വ., തീയതി 29-5-2023 പ്രകാരം 31-7-2023-ലെ യോഗം അംഗീകരിച്ചു; കാലതാമസ പത്രിക 9-8-2023-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ (ഖണ്ഡിക നം. 64)**

36—സഹായധനം - ശമ്പളേതരം

ജീവനക്കാരുടെ ശമ്പളവും മറ്റ് അനുബന്ധ ചെലവുകളും വഹിക്കുന്നതിനായി 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ ശമ്പളവും മറ്റ് അനുബന്ധ ചെലവുകളും വഹിക്കുന്നതിനായി 2 കോടി രൂപ വായ്പയായി എൽ.ബി.എസ്. സെന്ററിന് അനുവദിച്ചിട്ടുണ്ട്.

(ഉന്നതവിദ്യാഭ്യാസ വകുപ്പ് കത്ത് നം. ജെ1/306/2021/ഉ.വി.വ., തീയതി 7-6-2023 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 31-7-2023-ലെ യോഗം അംഗീകരിച്ചു; കാലതാമസ പത്രിക 9-8-2023-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ (ഖണ്ഡിക നം. 72)**

2204-00-001-99-04-1—കായിക യുവജനകാര്യ ഡയറക്ടറേറ്റ് - യാത്രാചെലവുകൾ - യാത്രാബത്ത

ടി. എ. അനുവദിച്ചു നൽകുന്നതിന് 2.63 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പുനർവിന്യാസം മുഖാന്തരം തുക ലഭിക്കുന്നതിനായി 1 ലക്ഷം രൂപയുടെ നിർദ്ദേശം കായിക വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു. 8-12-2021-ലെ G.O.(Rt.)7957/2021/Fin. നമ്പർ ഉത്തരവ് പ്രകാരം 1 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 73)**

21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കുള്ള ചെലവിനായി ബജറ്റിൽ അനുവദിച്ച തുക മതിയാകാത്ത സാഹചര്യത്തിൽ 69,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

വിഭവ പരിമിതി നിമിത്തം അധിക തുക അനുവദിച്ച് നൽകിയിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 78)**

2204-00-104-97-31—കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുള്ള ധനസഹായം - സഹായധനം - ശമ്പളം

2020-21 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ ജീവനക്കാർക്ക് ശമ്പളം, പുതുക്കിയ ഡി. എ., ഡി. എ. കുടിശ്ശിക, പെൻഷൻ പറ്റിയ ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും, മറ്റ് ഓഫീസ് ചെലവുകൾ എന്നിവ

നൽകുന്നതിനും, 9-ാം ശമ്പള കമ്മീഷൻ പ്രകാരം കാലാകാലങ്ങളിൽ അനുവദിച്ച നൽകിയിരുന്ന ഡി. എ.-യുടെ കുടിശ്ശിക തുകകൾ ജീവനക്കാർക്ക് അനുവദിക്കുന്നതിനും, അതുപോലെ 10-ാം ശമ്പള കമ്മീഷന്റെ 62 മാസങ്ങളിലെ കുടിശ്ശിക ജീവനക്കാർക്കും പെൻഷൻകാർക്കും നൽകുന്നതിനും, 10-ാം ശമ്പള കമ്മീഷൻ പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 16.1421 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ 2204-00-104-97-31 (NP) നോൺ പ്ലാൻ സാലറി, 2204-00-104-97-36 നോൺ പ്ലാൻ നോൺ സാലറി എന്നീ ശീർഷകത്തിൽ 16 കോടി രൂപ അധികമായി അനുവദിക്കുവാൻ കേരള സ്പോർട്സ് കൗൺസിൽ നിർദ്ദേശം സമർപ്പിച്ചിരുന്നു. എന്നാൽ വിഭവ പരിമിതി നിമിത്തം അധിക തുക അനുവദിച്ച് നൽകിയിട്ടില്ല.

### ശിപാർശ (ഖണ്ഡിക നം. 79)

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

36—സഹായധനം - ശമ്പളേതരം

സ്പോർട്സ് ഹോസ്റ്റലുകളുടെ സുഗമമായ പ്രവർത്തനത്തിനും കായികതാരങ്ങൾക്ക് ഗുണമേന്മയേറിയ ഭക്ഷണം, താമസസൗകര്യം, കായിക പരിശീലനത്തിനുള്ള മറ്റ് സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനും വേണ്ടി പദ്ധതിയിനത്തിൽ 6.16 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സംസ്ഥാന സർക്കാരിന്റെ 2021-22 സാമ്പത്തിക വർഷ ബജറ്റിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് പ്ലാൻ ഫണ്ടിൽ 3340.00 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സ്പോർട്സ് ഹോസ്റ്റലുകൾ തുറന്ന് പ്രവർത്തിക്കാത്തതിനാൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും അധിക തുക ആവശ്യപ്പെട്ടുകൊണ്ട് നിർദ്ദേശം സമർപ്പിച്ചിട്ടില്ല. ആയതിനാൽ അധിക തുക അനുവദിച്ച നൽകിയിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 80)**

സംസ്ഥാനത്തെ മിക്ക പഞ്ചായത്തുകളിലും കളിസ്ഥലങ്ങൾ ഇല്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത പഞ്ചായത്തുകളിൽ കളിസ്ഥലങ്ങൾക്കായി ആവശ്യമായ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയോഗിച്ചും പ്രസ്തുത പദ്ധതി നിർവ്വഹണത്തിനുള്ള ധാരണാപത്ര മാതൃക അംഗീകരിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് കൊണ്ടും 12-7-2022-ലെ സ.ഉ(അച്ചടി) നം.1/2022/കാ.യു.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2021-22-ൽ പദ്ധതിക്കായി അധിക തുക സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തിൽ 4202-03-102-83-Rural Play Grounds എന്ന ശീർഷകത്തിൽ 4 കോടി രൂപ ടി പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 81)**

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകൃത യൂത്ത് ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾക്ക് ലഭിക്കുന്ന ഗ്രാന്റ് അപര്യാപ്തമായതിനാൽ 15,000 രൂപ നിരക്കിൽ ആവശ്യമായ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2022-23 സാമ്പത്തിക വർഷം സ്പോർട്സ് സ്ഥാപനങ്ങളിലേക്കുള്ള സാമ്പത്തിക സഹായത്തിനായി 2204-00-104-08 എന്ന ശീർഷകത്തിൽ 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 82)**

2204-00-104-95—ദേശീയവും അന്തർദ്ദേശീയവുമായ കായിക മൽസരങ്ങളിൽ വിജയികൾക്ക് പ്രോൽസാഹന സമ്മാനത്തുക

ദേശീയ അന്തർദ്ദേശീയ മത്സരങ്ങളിൽ വിജയിച്ച് വരുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകുവാൻ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും അധിക തുക ആവശ്യപ്പെട്ടുകൊണ്ട് നിർദ്ദേശം സമർപ്പിച്ചിട്ടില്ല. ആയതിനാൽ അധിക തുക അനുവദിച്ചു നൽകിയിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 83)**

2204-00-104-91-05-1—ഡിപ്പാർട്ട്മെന്റ് സ്കൂളുകളിൽ കായിക വിനോദ വിഭാഗങ്ങളിൽ സൗകര്യങ്ങൾ സജ്ജീകരിക്കൽ(സ്പോർട്സ് സ്കൂളുകളും ഡിവിഷനുകളും)-ഓഫീസ് ചെലവുകൾ - വെള്ളക്കരം

ഹോസ്റ്റൽ ഉൾപ്പെടുന്ന സ്കൂൾ ആയതിനാൽ ബജറ്റ് തുക അപര്യാപ്തമാണ്. ആകയാൽ 19.38 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അധിക തുകയ്ക്കായി നിർദ്ദേശം ലഭ്യമായിട്ടില്ലാത്തതിനാൽ അധിക തുക അനുവദിച്ചു നൽകിയിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 84)**

2204-00-104-90—സർക്കസ് പ്രോത്സാഹിപ്പിക്കുന്നതിന്

ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ച സാഹചര്യത്തിൽ അധിക തുക ആവശ്യമായി വരുന്നതിനാൽ 48.064 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അധിക തുക ലഭിക്കുന്നതിനായി 30,10,000 രൂപയുടെ നിർദ്ദേശം കായിക യുവജനകാര്യ വകുപ്പ് ഡയറക്ടർ നൽകിയിരുന്നു. എന്നാൽ വിഭവ പരിമിതി നിമിത്തം അധിക തുക അനുവദിച്ചു നൽകിയിട്ടില്ല.

(കായിക യുവജനകാര്യ വകുപ്പ് കത്ത് നം. എ1/327/2021/കാ.യു.വ. തീയതി 17-11-2022 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 7-6-2023-ലെ യോഗം അംഗീകരിച്ചു; കാലതാമസപത്രിക 6-12-2022-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ (ഖണ്ഡിക നം. 85)**

2202-05-102-98-36—സംസ്ഥാന സർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണ കേന്ദ്രം - സഹായധനം - ശമ്പളേതരം

2021-22 സാമ്പത്തികവർഷത്തിൽ കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനും ജീവനക്കാർക്ക് ശമ്പളം, ഡി.എ. കുടിശ്ശിക, ശമ്പള പരിഷ്കരണ കുടിശ്ശിക, ടെർമിനൽ സറണ്ടർ എന്നിവ നൽകുന്നതിനും ഓഫീസ് പ്രവർത്തനങ്ങൾക്കും റിവോൾവിംഗ് ഫണ്ടിൽ നിന്നും കടമെടുത്ത തുക തിരിച്ചടയ്ക്കുന്നതിനുമായി പദ്ധതിയേതരയിനത്തിൽ 90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2021-22 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 86)**

2202-05-102-97-36—സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് -സഹായധനം - ശമ്പളേതരം

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ ജീവനക്കാരുടെ ശമ്പളം, ആർജിതാവധി സറണ്ടർ തുടങ്ങിയവ നൽകുന്നതിനും മറ്റ് ഓഫീസ് ചെലവുകൾക്കും റിവോൾവിംഗ് ഫണ്ടിൽ നിന്നും കടമെടുത്ത തുക തിരിച്ചടക്കുന്നതിനും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് 2021-22 സാമ്പത്തിക വർഷത്തിൽ 2205-05-102-97-36 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 29,87,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. (23-3-2022-ലെ G.O.(Rt.) No.2229/2022/FIN.)

**ശിപാർശ (ഖണ്ഡിക നം. 87)**

2202-05-102-96-36—കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് -സഹായധനം - ശമ്പളേതരം

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ പുസ്തക പ്രസിദ്ധീകരണം, കെട്ടിട നിർമ്മാണം, ഭാഷാ കമ്പ്യൂട്ടിംഗ്, മൺമറഞ്ഞ സാഹിത്യകാരന്മാരുടെ ശതാബ്ദി ആഘോഷങ്ങൾ എന്നിവ ഏറ്റെടുക്കുന്നതിനായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 3 കോടി രൂപയും കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച ജിവനക്കാർക്ക് ശമ്പളം, ഡി. എ. കുടിശ്ശിക എന്നിവ നൽകുന്നതിനും റിവോൾവിംഗ് ഫണ്ട് അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക തിരിച്ചടക്കുന്നതിനും പദ്ധതിയേതര ഇനത്തിൽ 6 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ടിന് 2021-22 സാമ്പത്തിക വർഷത്തിൽ 2205-05-102-96-36 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 44,00,000 രൂപ അധിക ധനാനുമതിയിലൂടെ അനുവദിച്ചിരുന്നു. ടി തുക 9-2-2022-ലെ G.O.(Rt.) No.63/2022/CLAD. പ്രകാരം റിലീസ് ചെയ്ത് ഉത്തരവായിരുന്നു.

**ശിപാർശ (ഖണ്ഡിക നം. 88)**

2202-05-102-92-36—കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി -ധനസഹായം - സഹായധനം - ശമ്പളേതരം

കേരള സ്റ്റേറ്റ് ബുക്ക് മാർക്കിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും, പുസ്തക വില്പന പരമാവധി വർദ്ധിപ്പിക്കുന്നതിനും, ഹെഡ് ഓഫീസിന്റെ വാടക നൽകുന്നതിനും പുതിയ കെട്ടിടത്തിൽ സ്ഥല പരിമിതിമൂലം ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലം കൂടി പ്രവർത്തന യോഗ്യമാക്കുന്നതിനും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 91 ലക്ഷം രൂപ അധികമായും, പദ്ധതിയേതരയിനത്തിൽ 80.93428 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 89)**

2202-05-102-86—<u>മലയാളം മിഷൻ</u>

മലയാളം മിഷൻ വിപുലീകരിക്കപ്പെട്ടുകയും ഊർജ്ജസ്വലമാകുകയും ചെയ്തു കൊണ്ടിരിക്കുന്നതിന്റെ ഭാഗമായി പദ്ധതിയിനങ്ങൾ പതിന്മടങ്ങ് വർദ്ധിച്ചതിനാൽ ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ പദ്ധതിയിനത്തിൽ 241 ലക്ഷം രൂപയും അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പള വർദ്ധനകുടിശ്ശിക, മറ്റ് ജീവനക്കാരുടെ ശമ്പളം, വേതനം, ഇന്ധനം, വാഹനത്തിന്റെ അറ്റകുറ്റപ്പണി, ദൈനംദിന ഓഫീസ് ആവശ്യങ്ങൾ, സ്റ്റേഷനറി തുടങ്ങിയവയ്ക്കായി പദ്ധതിയേതരയിനത്തിൽ 136.44 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

21-3-2022-ലെ സ.ഉ (സാധാ) 168/2022/സാം.കാ.വ. പ്രകാരം മലയാളം മിഷന് 2021-22 സാമ്പത്തിക വർഷം പദ്ധതിയേതര വിഭാഗത്തിൽ വരുന്ന വിവിധ ചെലവുകൾക്കായി 2205-05-102-86 എന്ന ശീർഷകത്തിൽ അധികധനാനുമതി വഴി ലഭ്യമായ 12,00,000 രൂപ റിലീസ് ചെയ്ത് ഉത്തരവായിരുന്നു.

**ശിപാർശ (ഖണ്ഡിക നം. 90)**

2205-00-101-97—<u>കേരള കലാമണ്ഡലം</u>

31—<u>സഹായധനം - ശമ്പളം</u>

പദ്ധതിയേതര ചെലവുകളിൽ കാര്യമായ വർദ്ധനവ് വന്നിട്ടുള്ളതിനാലും ശമ്പളപരിഷ്കരണ കുടിശ്ശിക നൽകുന്നതിനായും യു.ജി.സി. തസ്തികയിലേക്ക് സ്ഥാനക്കയറ്റം, നിയമനം തുടങ്ങിയവ നൽകേണ്ടതിനാലും പദ്ധതിയേതര ഇനത്തിൽ 21.48 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2021-22 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 91)**

2205-00-101-96—ജവഹർ ബാലഭവൻ

31—സഹായധനം - ശമ്പളം

36—സഹായധനം - ശമ്പളേതരം

ജവഹർ ബാലഭവൻ - തിരുവനന്തപുരം

ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കിയതുമൂലവും സ്ഥാപനത്തിന്റെ കണ്ടിജൻസി ചെലവുകൾ വർദ്ധിച്ചതിനാലും കുട്ടികൾക്ക് ഗുണപ്രദമായ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഉണ്ടാകുന്ന അധിക ബാധ്യത നിറവേറ്റുന്നതിനും പദ്ധതിയേതരയിനത്തിൽ 1.97646 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2021-22 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 92)**

ജവഹർ ബാലഭവൻ - തൃശ്ശൂർ

കെട്ടിട അറ്റകുറ്റപ്പണികൾക്ക് 3 വർഷമായി പ്ലാൻ ഫണ്ട് ലഭിക്കാത്തതിനാൽ 25 ലക്ഷം രൂപ പദ്ധതിയിനത്തിലും ജീവനക്കാരുടെ ശമ്പള പരിഷ്കരണവും കുടിശ്ശികയും നൽകുന്നതിന് 1.0965575 കോടി രൂപ പദ്ധതിയേതരയിനത്തിലും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2021-22 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 93)**

ജവഹർ ബാലഭവൻ - കൊല്ലം

ജീവനക്കാരുടെ ശമ്പളം, ശമ്പള കുടിശ്ശിക എന്നിവ നൽകുന്നതിനും കോവിഡ് 19 പശ്ചാത്തലത്തിൽ വരുമാനം നഷ്ടപ്പെട്ട സാഹചര്യത്തിൽ അടിയന്തര ചെലവുകൾക്കുമായി പദ്ധതിയേതരയിനത്തിൽ 1.74 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2021-22 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 94)**

നിലവിൽ ജവഹർ ബാലഭവനുകൾ ഇല്ലാത്ത 10 ജില്ലകളിൽ 50 ലക്ഷം രൂപ വീതം നൽകി ജവഹർ ബാലഭവനുകൾ സ്ഥാപിക്കുന്നതിന് 5 കോടി രൂപ പദ്ധതിയിനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ജവഹർ ബാലഭവനുകളുടെ പ്രവർത്തനങ്ങൾക്കായി പദ്ധതി - പദ്ധതിയേതരയിനങ്ങളിൽ വിഹിതം വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2021-22 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 95)**

2205-00-102-98-36—പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾക്കായുള്ള സഹായം - സഹായധനം - ശമ്പളേതരം

കേരള നിയമസഭയുടെ ആദ്യ സ്പീക്കറും കേരള സാമൂഹ്യ പരിഷ്കരണ രംഗത്ത് സജീവമായി ഇടപെടുകയും കെ.പി.എസി-യുടെ നാടക നിർമ്മിതികളിൽ തനതായ സംഭാവനകൾ നൽകിയ വ്യക്തിയുമായിരുന്ന അന്തരിച്ച ആർ. ശങ്കരനാരായണൻ തമ്പിയുടെ പേരിൽ ഒരു സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് പദ്ധതിയിനത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പ്രസ്തുത പദ്ധതി പ്രവർത്തനത്തിനായുള്ള ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതം പര്യാപ്തമാണെന്ന സ്ഥാപനം അറിയിച്ചിരുന്നു. അതിനാൽ 2021-22 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 96)**

2205-00-102-97-36—കേരള സാഹിത്യ അക്കാദമി ധനസഹായം -സഹായധനം - ശമ്പളേതരം

സാംസ്കാരിക രംഗത്ത് കൂടുതൽ വ്യാപകമായ പ്രവർത്തനങ്ങൾക്കുവേണ്ടി 2 കോടി രൂപ പദ്ധതിയിനത്തിലും ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും മറ്റ് ഓഫീസ് ചെലവുകൾക്കുമായി അനുവദിച്ച തുക തികച്ചും അപര്യാപ്തമായതിനാൽ 1.07 കോടി രൂപ പദ്ധതിയേതരയിനത്തിലും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കേരള സാഹിത്യ അക്കാദമിയുടെ 2205-00-102-97-36 നോൺ സാലറി (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ പദ്ധതിയേതര ചെലവുകളുടെ ക്രമീകരണത്തിന് 15,40,000 (പതിനഞ്ച് ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) അധികതുകയായി റിലീസ് ചെയ്ത് ഉത്തരവായിരുന്നു.(27-2-2022-ലെ GO(Rt) No.1344/2022/CLAD)

**ശിപാർശ (ഖണ്ഡിക നം. 97)**

2205-00-102-91-36—കേരള ലളിതകലാ അക്കാദമി -സഹായധനം - ശമ്പളേതരം

ലളിതകലാ അക്കാദമിയിൽ കലാവസ്തുക്കളുടെ സ്റ്റോറേജ് നിർമ്മാണത്തിനും ഗ്യാലറികളുടെയും, ആസ്ഥാനമന്ദിരത്തിന്റെയും നവീകരണത്തിനും, കിളിമാനൂർ രാജാരവിവർമ്മ സ്മാരകനിലയം നിർമ്മാണത്തിനും, ആർട്ടിസ്റ്റ് ഇൻ സ്റ്റുഡിയോ റസിഡൻസി വികസനത്തിനും പദ്ധതിയിനത്തിൽ 1 കോടി രൂപയും സ്ഥിരം/കരാർ/ദിവസവേതന ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും ഗ്യാലറികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ദൈനംദിന ചെലവുകൾക്കും പദ്ധതിയേതരയിനത്തിൽ 30 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കേരള ലളിതകലാ അക്കാദമിയുടെ 2205-00-102-91-36 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ പദ്ധതിയേതര ചെലവുകളുടെ ക്രമീകരണത്തിന് 61,50,000 (അറുപത്തിയൊന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അധികതുകയായി റിലീസ് ചെയ്ത് ഉത്തരവായിരുന്നു. (25-1-2022-ലെ GO(Rt) No.567/2022/CLAD)

**ശിപാർശ (ഖണ്ഡിക നം. 98)**

2205-00-102-90-36—<u>കേരള സംഗീത നാടക അക്കാദമി -സഹായധനം - ശമ്പളേതരം</u>

കേരള സംഗീത നാടക അക്കാദമിക്ക് കീഴിൽ ഉടൻ നിർമ്മാണം തുടങ്ങുവാനുള്ള ആർക്കൈവ്സ്, ആർട്ട് ഗ്യാലറി, മ്യൂസിയം, ലൈബ്രറി, സ്റ്റുഡിയോ എന്നിവയുടെ നിർമ്മാണച്ചെലവിന് വേണ്ടി പദ്ധതിയിനത്തിൽ 3 കോടി രൂപയും അന്താരാഷ്ട്ര നാടകോൽസവം സംഘടിപ്പിക്കുന്നതിനുള്ള ചെലവുകൾക്കായി 3 കോടി രൂപയും, ജീവനക്കാരുടെ നിയമനം, ശമ്പള പരിഷ്കരണം, വേതനം, അക്കാദമി അംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസ്, യാത്രാബത്ത, ഓഫീസ് ചെലവുകൾ, വാഹന-ഇന്ധനം തുടങ്ങിയ ആവശ്യങ്ങൾക്കുള്ള തുക കാലാനുസൃതമായി വർദ്ധിപ്പിച്ച് നൽകുന്നതിനുമായി പദ്ധതിയേതരയിനത്തിൽ 1.024 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2021-22 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 99)**

2205-00-102-87-36—<u>നിർദ്ധനരായ കലാകാരന്മാർ/സാഹിത്യകാരന്മാർ എന്നിവർക്കുള്ള സഹായം -സഹായധനം - ശമ്പളേതരം</u>

2800 കലാകാരന്മാർക്ക് പ്രതിമാസം 1600 രൂപ നിരക്കിൽ കലാകാരപെൻഷൻ 2021-22 വർഷത്തേക്ക് നൽകുന്നതിനും 100 ഓളം കലാകാരന്മാർക്ക് പുതുതായി പെൻഷൻ അനുവദിക്കുന്നതിനും പദ്ധതിയേതരയിനത്തിൽ 54 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2021-22 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

### ശിപാർശ (ഖണ്ഡിക നം. 100)

2205-00-102-86-36—കഥകളി പരിശീലനം - മാർഗി - സഹായധനം - ശമ്പളേതരം

സി.പി.എഫ്. അടയ്ക്കാനും കൂടിയാട്ടത്തിന്റെയും കഥകളിയുടെയും പരിപോഷണത്തിനും, കലാകാരന്മാർക്ക് വിദഗ്ദ്ധ പരിശീലനത്തിനും, വർണ്ണാഭമായ വേഷ വിധാനങ്ങൾ, വാദ്യോപകരണങ്ങൾ, കിരീടം, ആടയാഭരണങ്ങൾ തുടങ്ങിയവയ്ക്കും മറ്റ് അനുബന്ധ ചെലവുകൾക്കും വേണ്ടി 20 ലക്ഷം രൂപ പദ്ധതിയിനത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2021-22 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

### ശിപാർശ (ഖണ്ഡിക നം. 101)

2205-00-102-82-36—തിരുവനന്തപുരം ഭാരത് ഭവൻ -സഹായധനം - ശമ്പളേതരം

സർഗ്ഗാത്മകതയുടെ കരുതൽ കൂട്ടായ്മ, മൈക്രോ ഫിലിംഫെസ്റ്റ്, നവോത്ഥാന നാടക സന്ധ്യകൾ, യേശുദാസ് ഡിജിറ്റൽ ലൈബ്രറി എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 4 കോടി രൂപയും പദ്ധതിയേതര നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് അനുവദനീയതുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 496.7486 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ഭാരത് ഭവന്റെ 2205-00-102-82-36 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ പദ്ധതിയേതര ചെലവുകളുടെ ക്രമീകരണത്തിന് 18,00,000 (പതിനെട്ട് ലക്ഷം രൂപ മാത്രം) അധികതുകയായി റിലീസ് ചെയ്ത് ഉത്തരവായിരുന്നു. (17-1-2022-ലെ GO(Rt) No.370/2022/CLAD)

**ശിപാർശ (ഖണ്ഡിക നം. 102)**

2205-00-102-80—<u>നാട്ടരങ്ങ്</u>

കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതു ഇടങ്ങൾ ലഭ്യമല്ലാത്ത ഗ്രാമങ്ങളിലും ചെറു പട്ടണങ്ങളിലും സൗകര്യപ്രദമായ പാതയോരങ്ങൾ കണ്ടെത്തി നാട്ടരങ്ങ് മാതൃകയിൽ നിർമ്മിക്കുന്ന പദ്ധതിക്ക് ഒരു ജില്ലയിൽ ഒരു നാട്ടരങ്ങ് വീതം ആകെ പതിനാല് നാട്ടരങ്ങുകൾ നിർമ്മിക്കുന്നതിന് ഒരു നാട്ടരങ്ങിന് ഇരുപത് ലക്ഷം രൂപ വീതം ആകെ 2 കോടി 40 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. നിലവിൽ നിർമ്മാണത്തിലിരിക്കുന്ന ചെങ്ങന്നൂർ നാട്ടരങ്ങിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുവാനും മറ്റ് ജില്ലകളിൽ കൂടി നാട്ടരങ്ങിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും 1.80 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

വിവിധ ജില്ലകളിൽ നാട്ടരങ്ങ് പദ്ധതിക്കുള്ള പ്രൊപ്പോസലുകൾ ലഭിച്ചുകൊണ്ടിരിക്കുന്ന വേളയിൽ സ്ഥലപരിശോധന നടത്തി പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നതിന് 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം പര്യാപ്തമാണെന്നു സ്ഥാപനം അറിയിച്ചിരുന്നു. അതിനാൽ 2021-22 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 103)**

2205-00-102-79—<u>യുവകലാകാരന്മാർക്കുള്ള ഡയമണ്ട് ജൂബിലി ഫെല്ലോഷിപ്പ്</u>

വജ്ര ജൂബിലി ഫെല്ലോഷിപ്പ് പദ്ധതി തുടരുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ 1000 യുവ കലാകാരന്മാർക്ക് 10,000 രൂപ വീതം ഫെലോഷിപ്പ് നൽകുന്നതിന് പുറമെ 14 ജില്ലാ കോ-ഓർഡിനേറ്റർമാരുടെ പ്രതിഫലം, യോഗങ്ങൾ സംഘടിപ്പിക്കൽ, പ്രചരണം, കലാമേളകൾ സംഘടിപ്പിക്കൽ കൂടാതെ സ്കൂൾ, കോളേജ് തലങ്ങളിൽ കൂടി ഫെല്ലോഷിപ്പ് പദ്ധതി വ്യാപിപ്പിക്കൽ എന്നിവയ്ക്ക് 3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കോവിഡ് മഹാമാരി മൂലം സ്കൂൾ കോളേജ് തലങ്ങളിൽ ഫെല്ലോഷിപ്പ് പദ്ധതി വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. കൂടാതെ കാലാവധി കഴിഞ്ഞ കലാകാരന്മാർക്ക് പകരം

പുതിയ കലാകാരന്മാരുടെ വിന്യാസം നടക്കുന്നതിനാൽ നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമാണെന്ന സ്ഥാപനം അറിയിച്ചിരുന്നു. അതിനാൽ 2021-22 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 104)**

2205-00-102-76-36—<u>ഗുരു ഗോപിനാഥ് നടനഗ്രാമം -സഹായധനം - ശമ്പളേതരം</u>

ഗുരു ഗോപിനാഥ് നൃത്തമ്യൂസിയത്തെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനും അടിസ്ഥാന വികസനാവശ്യങ്ങൾക്കും വേണ്ടി 6.7 കോടി രൂപ പദ്ധതിയിനത്തിലും അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും ശമ്പളം നൽകുന്നതിനും ഭരണപരമായ ദൈനംദിന ആവശ്യത്തിനും 57.01 ലക്ഷം രൂപ പദ്ധതിയേതരയിനത്തിലും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2021-22 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 105)**

2205-00-102-75— <u>കേരളത്തിൽ നടത്തുന്ന അന്തർദേശീയ</u> <u>ചലച്ചിത്ര മേള</u> &

2205-00-102-66-36—<u>കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി -സഹായധനം - ശമ്പളേതരം</u>

(i) സിഫ്രയിലെ ചലച്ചിത്ര പൈതൃക സംരക്ഷണ പ്രവർത്തനം, ഫെല്ലോഷിപ്പ് & റിസർച്ച്, കലാമൂല്യമുള്ള സിനിമകൾക്കുള്ള സബ്സിഡി, ഗോത്രവർഗ്ഗ വിഭാഗങ്ങൾക്കുള്ള ചലച്ചിത്ര പഠന പദ്ധതി എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 4 കോടി രൂപയും, സ്ഥിരം / കരാർ/ദിവസവേതന ജീവനക്കാരുടെ ശമ്പളം നൽകുന്നതിനായി പദ്ധതിയേതരയിനത്തിൽ 75 ലക്ഷം രൂപയും അക്കാദമിയുടെ വിവിധ പരിപാടികൾക്കായി പദ്ധതിയേതരയിനത്തിൽ 1.50 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ii) കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് പദ്ധതിയേതരയിനത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

(i) കേരളത്തിൽ നടത്തുന്ന അന്തർദേശീയ ചലച്ചിത്ര മേളയ്ക്ക് പദ്ധതിയേതരയിനത്തിലാണ് വിഹിതം വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത വിഹിതം പൂർണ്ണമായും വിനിയോഗിച്ച ശേഷം അധിക തുക ആവശ്യമായി വരുന്ന പക്ഷം ഉചിതമായ ശിപാർശ സമർപ്പിക്കുവാൻ സ്ഥാപനത്തോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും സാമ്പത്തിക വർഷം അവസാനിച്ചതിനാൽ ശിപാർശ സർക്കാരിൽ സമർപ്പിച്ചിരുന്നില്ല.

(ii) കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ പ്രവർത്തനങ്ങൾക്ക് മതിയായ വിഹിതം പദ്ധതി - പദ്ധതിയേതരയിനങ്ങളിലായി ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2021-22 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 106)**

2205-00-102-74-36—കേരള നാടൻകല അക്കാദമി -സഹായധനം- ശമ്പളേതരം

കേരള നാടൻ കല അക്കാദമിയുടെ ആസ്ഥാനത്ത് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്ന പി. കെ. കാളൻ സ്മാരക മ്യൂസിയത്തിന്റെ പണി പൂർത്തീകരിച്ച ഒന്നാം നിലയിൽ മ്യൂസിയം സജ്ജീകരിക്കുന്നതിനും, രണ്ടാം നിലയിൽ ഗസ്റ്റ് റൂം പണിയുന്നതിനും, ഗ്രാമോത്സവങ്ങൾ സംഘടിപ്പിക്കുന്നതിനും, കലാപരിപാടികൾ സ്പോൺസർ ചെയ്ത് നൽകുന്നതിനും പദ്ധതിയിനത്തിൽ 5 കോടി രൂപയും ജീവനക്കാരുടെ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ, ഓഫീസ് ചെലവുകൾ, എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കേരള നാടൻ കലാ അക്കാദമിയുടെ പദ്ധതിയേതര ശീർഷകത്തിൽ (2205-00-102-74-36 (NP) 4,84,000 രൂപ അധികതുകയായി അനുവദിച്ച് ഉത്തരവായിരുന്നു. (8-3-2022-ലെ സ.ഉ(സാധാ) 1670/2022/ധന.)

(സാംസ്കാരികകാര്യ വകുപ്പ് കത്ത് നം. 175/എ 3/2021/സാം.കാ.വ. തീയതി 26-9-2022 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 7-6-2023-ലെ യോഗം അംഗീകരിച്ചു. കാലതാമസപത്രിക 6-12-2022-ന് സഭയിൽ സമർപ്പിച്ചു)

**ശിപാർശ (ഖണ്ഡിക നം. 107)**

2205-00-102-72—മ്യൂസിയങ്ങളുടെ വികസനവും നെറ്റ്‌വർക്കിംഗും

സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയത്തിന്റെ കീഴിൽ പുതിയൊരു മ്യൂസിയം നിർമ്മിക്കുന്നതിനും നിലവിലുള്ള മ്യൂസിയങ്ങളുടെ ശൃംഖല വികസിപ്പിച്ചെടുക്കുന്നതിനും, മോടിപിടിപ്പിക്കുന്നതിനും ഈ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഭൂമി ഏറ്റെടുക്കുന്നതിനുമായി 25 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പദ്ധതി പ്രവർത്തനം പ്രാരംഭ ഘട്ടത്തിൽ ആയതിനാൽ 2021-22 സാമ്പത്തിക വർഷം ബജറ്റ് വിഹിതത്തിൽ നിന്നുകൊണ്ട് പദ്ധതി പ്രവർത്തനം സാധ്യമായിരുന്നു എന്ന് സ്ഥാപനം അറിയിച്ചിരുന്നു. അതിനാൽ 2021-22 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

(സാംസ്കാരികകാര്യ വകുപ്പ് കത്ത് നം.എ 3/175/2021/സാം.കാ.വ.,തീയതി 26-9-2022 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 31-7-2023-ലെ യോഗം അംഗീകരിച്ചു; കാലതാമസ പത്രിക 6-12-2022-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ (ഖണ്ഡിക നം. 108)**

2205-00-102-71—കലാകാരന്മാരുടെ ഉപജീവനവും പ്രാദേശിക ആർട്ട് ഹബ്ബുകളും.

14 ജില്ലകളിലായി നിലവിലുള്ള 20 പൈതൃക ഗ്രാമങ്ങളെ കൂടാതെ ടി പദ്ധതി ബ്ലോക്ക് തലത്തിലും വില്ലേജ് തലത്തിലും ആരംഭിക്കുന്നതിനും നിലവിലെ പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനും, വിപണികൾ ആരംഭിക്കുന്നതിനും 3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കോവിഡ് മഹാമാരി മൂലം നിലവിലുള്ള 20 പൈതൃക ഗ്രാമങ്ങളുടെ പ്രവർത്തനം മാത്രമേ സാധ്യമാകൂയെന്നതിനാലും വിപണി ആരംഭിക്കുന്നതിനും മറ്റും നിലവിലെ ബജറ്റ് വിഹിതത്തിൽ നിന്നുകൊണ്ട് പദ്ധതി പ്രവർത്തനം സാധ്യമാണ്.

**ശിപാർശ (ഖണ്ഡിക നം. 109)**

2205-00-102-68-36—വാസ്തു വിദ്യാഗുരുകുലം - സഹായധനം - ശമ്പളേതരം

പുതിയതായി ആരംഭിച്ച തിരുവനന്തപുരം സബ്സെന്ററിന്റെ പ്രവർത്തനം, വാസ്തുശാസ്ത്ര ശിൽപ്പശാല, പ്രദർശനവസ്തുക്കളുടെ നിർമ്മാണം, മൺനിർമ്മിത ഭവനങ്ങളുടെ ഡോക്യുമെന്റേഷൻ എന്നിവ നടത്തുന്നതിന് പദ്ധതിയിനത്തിൽ 45 ലക്ഷം രൂപയും ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും ഇതര ശമ്പളേതര ചെലവുകൾക്കുമായി പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

വാസ്തുവിദ്യാ ഗുരുകുലത്തിന്റെ പ്രവർത്തനങ്ങൾക്കായി പദ്ധതിയിനത്തിലാണ് വിഹിതം വകയിരുത്തി വരുന്നത്. 12-2-2022-ലെ GO (Rt)No.979/2022/FIN., GO(Rt)No.980/2022/FIN. എന്നിവ പ്രകാരം പദ്ധതി ശീർഷകമായ 2205-00-102-68-36 (പ്ലാൻ)-ൽ നിന്നും പത്ത് ലക്ഷം രൂപ തിരിച്ചു പിടിച്ച് വാസ്തുവിദ്യാ ഗുരുകുലത്തിലെ പദ്ധതിയേതര പ്രവർത്തനങ്ങൾക്കായി പ്രസ്തുത സ്ഥാപനത്തിന്റെ പദ്ധതിയേതര ശീർഷകത്തിൽ 2205-00-102-68-36 (NP) നിക്ഷേപിച്ച് അധികതുകയായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. [28-2-2022-ലെ സ.ഉ (സാധാ)107/2022/സാം.കാ.വ.]

**ശിപാർശ (ഖണ്ഡിക നം. 110)**

2205-00-102-63- 36—മൊയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി -സഹായധനം - ശമ്പളേതരം

മ്യൂസിയം, ലൈബ്രറി, ഓഡിയോ വിഷ്വൽ ആർക്കൈവ്, ഉദ്യാനം മോടിപിടിപ്പിക്കൽ, പ്രസിദ്ധീകരണം, ഡോക്യുമെന്ററി, ഫെല്ലോഷിപ്പ്, അവധിക്കാല പരിശീലന ക്യാമ്പ്, അനുസ്മരണം/സെമിനാർ, മൊയിൻകുട്ടി വൈദ്യർ അവാർഡ്, മാപ്പിള സാഹിത്യത്തിലെ സ്ത്രീപഠനങ്ങൾ സംബന്ധിച്ച ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കൽ, മാപ്പിളകലാ പരിശീലന കേന്ദ്രം തുടങ്ങിയവയ്ക്കായി പദ്ധതിയിനത്തിൽ 3.2575 കോടി രൂപയും കോഴിക്കോട് ജില്ലയിലെ നാദാപുരം ഉപകേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി പദ്ധതിയേതരയിനത്തിൽ 75 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2021-22 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 111)**

2205-00-102-55-36—കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രം, തോന്നയ്ക്കൽ - സഹായധനം - ശമ്പളേതരം

മഹാകവി കുമാരാനാശാന്റെ കുടിലിനും എഴുത്തുപുരയ്ക്കും സംരക്ഷിത കവചമൊരുക്കൽ, ചിത്രങ്ങൾ, ശില്പങ്ങൾ, റിലീഫുകൾ പതിക്കൽ, ആശാൻ ഗ്രന്ഥ സൂചി തയ്യാറാക്കൽ, വെബ്സൈറ്റ് പരിഷ്കരിക്കൽ, വിവിധ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കൽ, ആശാൻ കൃതികളുടെ പുനഃപ്രസിദ്ധീകരണവും വിവർത്തനവും, സ്മാരകം, ഗാർഡൻ എന്നിവിടങ്ങളിൽ സോളാർ വിളക്കുകൾ സ്ഥാപിക്കൽ, ലൈബ്രറി നവീകരണം തുടങ്ങിയ പദ്ധതികളുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി പദ്ധതിയിനത്തിൽ 47 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2021-22 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 112)**

2205-00-102-41—സാംസ്കാരിക പ്രവർത്തനങ്ങൾക്കുള്ള ധനസഹായം -ആവർത്തിക്കാത്തത്

കോവിഡ് മഹാമാരിമൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടവർക്കും തെരഞ്ഞെടുക്കപ്പെട്ട 75000 കലാകാരന്മാർക്കും മുൻവർഷത്തെപ്പോലെ നടപ്പുവർഷവും ധനസഹായം നൽകേണ്ടതിനാൽ 22.50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കലാകാരന്മാർക്ക് കോവിഡ് ധനസഹായം അനുവദിക്കുന്ന വിഷയത്തിന്മേൽ ഉത്തരവ് പുറപ്പെടുവിക്കാത്തതിനാൽ അധിക തുക ആവശ്യമായി വരുന്നില്ല.

**ശിപാർശ (ഖണ്ഡിക നം. 113)**

2205-00-102-40-36—വൈലോപ്പിള്ളി സംസ്കൃതി ഭവൻ [വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം]തിരുവനന്തപുരം - സഹായധനം-ശമ്പളേതരം

സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും, വിവിധ സാംസ്കാരിക പരിപാടികളുടെ സംഘാടനത്തിനും സഹായത്തിനുമായി പദ്ധതിയിനത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2021-22 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 114)**

2205-00-102-32-36—ശ്രീ നാരായണ അന്തർദേശീയ പഠനകേന്ദ്രം,ചെമ്പഴന്തി - സഹായധനം - ശമ്പളേതരം

പഠനഗവേഷണങ്ങൾക്കായി പലഭാഗത്ത് നിന്നും എത്തുന്ന വിദ്യാർത്ഥികൾക്ക് താമസിക്കുന്നതിന് ഹോസ്റ്റൽ നിർമ്മിക്കുന്നതിനും മറ്റ് ഓഫീസ് ആവശ്യത്തിനുമായി പദ്ധതി/പദ്ധതിയേതരയിനങ്ങളിലായി 90.324 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനാൽ 2021-22 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 115)**

2205-00-102-31-10—കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ഫണ്ട് - സംഭാവന

അധികമായുള്ള ഭരണചെലവുകൾക്കായി പദ്ധതിയേതരയിനത്തിൽ 67.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ 2020-21 സാമ്പത്തിക വർഷം കോവിഡ് ധനസഹായം നല്കുന്നതിലേക്കായി 2205-00-102-31-10 (NP) ശീർഷകത്തിൽ 1,42,00,000 (ഒരു കോടി നാൽപ്പത്തി രണ്ട് ലക്ഷം രൂപ മാത്രം ) അധികഫണ്ടായി അനുവദിച്ച് നൽകിയിട്ടുണ്ട്. [21-12-2021-ലെ സ.ഉ.(സാധാ)490/ 2021/ സാം.കാ.വ.]

**ശിപാർശ (ഖണ്ഡിക നം. 116)**

2205-00-102-18—കേരള സംസ്കാരത്തിന്റെ വ്യാപനം

കേരളത്തിന്റെ തനത് കലാരൂപങ്ങളായ കഥകളി, കൂടിയാട്ടം എന്നിവ ലോകമെമ്പാടുമുള്ള കലാസ്വാദകർക്ക് എത്തിക്കുന്നതിലേക്കായി ഒരു വെർച്വൽ ഓൺലൈൻ കൾച്ചറൽ ഫെസ്റ്റിവെൽ നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചുവരികയാണ്. ഇതിലേക്കായി 4 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കേരള സംസ്കാരത്തിന്റെ വ്യാപനം എന്ന പദ്ധതിക്കായി നടപ്പു വർഷം 2205-00-102-18 പ്ലാൻ എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 100 ലക്ഷം രൂപയിൽ നിന്നുകൊണ്ട് പദ്ധതി പ്രവർത്തനങ്ങൾ നടത്താവുന്നതിനാൽ അധിക തുക ആവശ്യമായി വരുന്നില്ല.

(സാസ്കാരികകാര്യ വകുപ്പ് കത്ത് നം.എ 3/175/2021/സാം.കാ.വ., തീയതി 26-9-2022 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 7-6-2023-ലെ യോഗം അംഗീകരിച്ചു; കാലതാമസ പത്രിക 6-12-2022-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ (ഖണ്ഡിക നം. 117)**

2205-00-103-99-02—പുരാവസ്തു ഗവേഷണ വകുപ്പ് - വേതനം

പി.റ്റി.എസ്. & ദിവസവേതന ജീവനക്കാരുടെ വേതന വർദ്ധനവ് വരുന്നതിനാൽ 1.3086 കോടി രൂപ പദ്ധതിയേതരയിനത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പുരാവസ്തു വകുപ്പിലെ ശീർഷകങ്ങളിൽ മതിയായ നീക്കിയിരിപ്പ് ഇല്ലാത്തതിനാലും ചെലവുകൾ നടന്നു വരുന്നതിനാലും വകുപ്പിന് നിലവിൽ ധനപുനഃവിനിയോഗ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കഴിയില്ലായെന്നു സ്ഥാപനം സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 118)**

04-4—യാത്രാ ചെലവുകൾ - അവധി യാത്രാനുകൂല്യം

വകുപ്പിൽ എൽ.റ്റി.സി.-ക്ക് യോഗ്യരായ ഉദ്യോഗസ്ഥരുടെ എണ്ണവുമായി താരതമ്യം ചെയ്തു നോക്കിയാൽ ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആകയാൽ 12,000 രൂപ പദ്ധതിയേതരയിനത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പുരാവസ്തു വകുപ്പിലെ ശീർഷകങ്ങളിൽ മതിയായ നീക്കിയിരിപ്പ് ഇല്ലാത്തതിനാലും ചെലവുകൾ നടന്നു വരുന്നതിനാലും വകുപ്പിന് നിലവിൽ ധനപുനഃവിനിയോഗ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കഴിയില്ലായെന്നു സ്ഥാപനം സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 119)**

05-1—ഓഫീസ് ചെലവുകൾ - വെള്ളക്കരം

മ്യൂസിയങ്ങളിൽ എത്തുന്ന സന്ദർശകരുടെ എണ്ണം കൂടിവരുന്നതിനാലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരണം പൂർത്തിയാക്കി സന്ദർശകർക്ക് തുറന്നുകൊടുക്കുന്നതിനാലും വെള്ളത്തിന്റെ ഉപയോഗം വളരെയേറെ കൂടിയിട്ടുണ്ട്. മാത്രമല്ല പ്രധാനപ്പെട്ട സംരക്ഷിത സ്മാരകങ്ങളിൽ കുടിവെള്ളം ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള നടപടിയും വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ആകയാൽ ടി ശീർഷകത്തിൽ 15,000 രൂപ പദ്ധതിയേതരയിനത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പുരാവസ്തു വകുപ്പിലെ ശീർഷകങ്ങളിൽ മതിയായ നീക്കിയിരിപ്പ് ഇല്ലാത്തതിനാലും ചെലവുകൾ നടന്നു വരുന്നതിനാലും വകുപ്പിന് നിലവിൽ ധനപുനഃവിനിയോഗ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കഴിയില്ലായെന്നു സ്ഥാപനം സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 120)**

2—<u>വൈദ്യുതി ചെലവ്</u>

സംരക്ഷിത സ്മാരകങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായതിനാൽ വൈദ്യുതിയുടെ ഉപയോഗം അധികമായി വരുന്നു. ആകയാൽ ടി ശീർഷകത്തിൽ 9 ലക്ഷം രൂപ പദ്ധതിയേതരയിനത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പുരാവസ്തു വകുപ്പിലെ ശീർഷകങ്ങളിൽ മതിയായ നീക്കിയിരിപ്പ് ഇല്ലാത്തതിനാലും ചെലവുകൾ നടന്നു വരുന്നതിനാലും വകുപ്പിന് നിലവിൽ ധനപുനഃവിനിയോഗ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കഴിയില്ലായെന്നു സ്ഥാപനം സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 121)**

3—<u>ടെലിഫോൺ ചെലവ്</u>

സംരക്ഷിത സ്മാരകങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായതിനാൽ ടെലിഫോൺ ഉപയോഗം കൂടുതലായി വരുന്നു. ആകയാൽ ടി ശീർഷകത്തിൽ 71,000 രൂപ പദ്ധതിയേതരയിനത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പുരാവസ്തു വകുപ്പിലെ ശീർഷകങ്ങളിൽ മതിയായ നീക്കിയിരിപ്പ് ഇല്ലാത്തതിനാലും ചെലവുകൾ നടന്നു വരുന്നതിനാലും വകുപ്പിന് നിലവിൽ ധനപുനഃവിനിയോഗ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കഴിയില്ലായെന്നു സ്ഥാപനം സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 122)**

06—<u>വാടക, കരം, നികുതി</u>

വകുപ്പദ്ധ്യക്ഷ്യ കാര്യാലയത്തിലെ വാടകയിൽ വർദ്ധനവ് വന്നതിനാൽ 8 ലക്ഷം രൂപ പദ്ധതിയേതരയിനത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പുരാവസ്തു വകുപ്പിലെ ശീർഷകങ്ങളിൽ മതിയായ നീക്കിയിരിപ്പ് ഇല്ലാത്തതിനാലും ചെലവുകൾ നടന്നു വരുന്നതിനാലും വകുപ്പിന് നിലവിൽ ധനപുനഃവിനിയോഗ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കഴിയില്ലായെന്ന് സ്ഥാപനം സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 123)**

21-2—<u>മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

വാഹനങ്ങളുടെ മെയിന്റനൻസ് ചെലവ് വർദ്ധിക്കുന്നതിനാൽ 54,000 രൂപ പദ്ധതിയേതരയിനത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പുരാവസ്തു വകുപ്പിലെ ശീർഷകങ്ങളിൽ മതിയായ നീക്കിയിരിപ്പ് ഇല്ലാത്തതിനാലും ചെലവുകൾ നടന്നു വരുന്നതിനാലും വകുപ്പിന് നിലവിൽ ധനപുനഃവിനിയോഗ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കഴിയില്ലായെന്നു സ്ഥാപനം സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 124)**

34—<u>മറ്റു ചെലവുകൾ - മറ്റിനം</u>

ഓഫീസുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായതിനാൽ ഓഫീസ് ചെലവുകൾ വർദ്ധിക്കുന്നു. ആകയാൽ ടി ശീർഷകത്തിൽ 1 ലക്ഷം രൂപ പദ്ധതിയേതരയിനത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പുരാവസ്തു വകുപ്പിലെ ശീർഷകങ്ങളിൽ മതിയായ നീക്കിയിരിപ്പ് ഇല്ലാത്തതിനാലും ചെലവുകൾ നടന്നു വരുന്നതിനാലും വകുപ്പിന് നിലവിൽ ധനപുനഃവിനിയോഗ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കഴിയില്ലായെന്നു സ്ഥാപനം സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 125)**

2205-00-103-98—<u>തൃശ്ശൂരിലെ മ്യൂസിയവും ചിത്രാലയവും</u>

മ്യൂസിയത്തിന്റെ ദൈനംദിന ചെലവുകൾക്കായുള്ള ശീർഷകത്തിൽ ബജറ്റ് വിഹിതം അനുവദിച്ചിട്ടില്ല. ആകയാൽ പദ്ധതിയേതരയിനത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പുരാവസ്തു വകുപ്പിലെ ശീർഷകങ്ങളിൽ മതിയായ നീക്കിയിരിപ്പ് ഇല്ലാത്തതിനാലും ചെലവുകൾ നടന്നു വരുന്നതിനാലും വകുപ്പിന് നിലവിൽ ധനപുനഃവിനിയോഗ പ്രൊപോസൽ സമർപ്പിക്കുവാൻ കഴിയില്ലായെന്നു സ്ഥാപനം സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 126)**

2205-00-103-94—<u>മ്യൂസിയം വികസനവും പ്രദർശനതന്ത്രങ്ങളും</u>

മ്യൂസിയങ്ങളുടെ പരിപാലനത്തിനും അടിസ്ഥാനസൗകര്യ വികസനത്തിനുമായി പദ്ധതിയിനത്തിൽ 1.70 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പുരാവസ്തു വകുപ്പിലെ ശീർഷകങ്ങളിൽ മതിയായ നീക്കിയിരിപ്പ് ഇല്ലാത്തതിനാലും ചെലവുകൾ നടന്നു വരുന്നതിനാലും വകുപ്പിന് നിലവിൽ ധനപുനഃവിനിയോഗ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കഴിയില്ലായെന്നു സ്ഥാപനം സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 127)**

2205-00-103-91—<u>എറണാകുളത്തെ പുരാവസ്തു മ്യൂസിയം</u>

ഹിൽപ്പാലസ് വളപ്പിലെ പൈതൃക നിർമ്മിതികളുടെ സമഗ്ര സംരക്ഷണം, സൗന്ദര്യവൽക്കരണം എന്നീ പദ്ധതികൾ പൂർത്തികരിക്കുന്നതിലേക്ക് നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 1.20 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പുരാവസ്തു വകുപ്പിലെ ശീർഷകങ്ങളിൽ മതിയായ നീക്കിയിരിപ്പ് ഇല്ലാത്തതിനാലും ചെലവുകൾ നടന്നു വരുന്നതിനാലും വകുപ്പിന് നിലവിൽ ധനപുനഃവിനിയോഗ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കഴിയില്ലായെന്ന് സ്ഥാപനം സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 128)**

2205-00-103-90—<u>റീജിയണൽ കൺസർവേഷൻ ലബോറട്ടറി</u>

"Hand-held XRF metre" വാങ്ങുന്നതിന് ടെണ്ടർ നടത്തുന്നതിനുള്ള നടപടികൾ, നിരവധി പുരാവസ്തുക്കളുടെ രാസസംരക്ഷണം, പ്രാദേശിക പരിരക്ഷണ പരീക്ഷണശാലയുടെ വികസനം, രാസസംരക്ഷണ ജോലികളിൽ യോഗ്യരായവരെ ട്രെയിനികളായി നിയോഗിക്കൽ തുടങ്ങിയവയ്ക്കായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ പദ്ധതിയിനത്തിൽ 40 ലക്ഷം രൂപ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പുരാവസ്തു വകുപ്പിലെ ശീർഷകങ്ങളിൽ മതിയായ നീക്കിയിരിപ്പ് ഇല്ലാത്തതിനാലും ചെലവുകൾ നടന്നു വരുന്നതിനാലും വകുപ്പിന് നിലവിൽ ധനപുനഃവിനിയോഗ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കഴിയില്ലായെന്നു സ്ഥാപനം സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 129)**

2205-00-103-89—<u>പുരാവസ്തു - കെട്ടിടങ്ങൾ</u>

നൂറ്റാണ്ടുകൾ പഴക്കമുള്ള സ്മാരകങ്ങളുടെ അടിയന്തര സംരക്ഷണ ജോലികൾ ഏറ്റെടുക്കുന്നതിനും, കൊട്ടാരങ്ങൾ, കോട്ടകൾ, പുരാതത്വസ്ഥാനങ്ങൾ തുടങ്ങിയവയുടെ സംരക്ഷണ ജോലികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിനും, സംരക്ഷിത സ്മാരക പട്ടികയിൽ പുതുതായി ഇടംപിടിക്കുന്ന പൈതൃക നിർമ്മിതികളെ സംരക്ഷിക്കുന്നതിനും, നിയമം അനുശാസിക്കുംവിധം യോഗ്യമായ പുരാവസ്തു നിർമ്മിതികളെ വിലയ്ക്കുവാങ്ങി വകുപ്പിന്റെ ആസ്തികളോട് ചേർക്കുന്നതിനും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 2.50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പുരാവസ്തു വകുപ്പിലെ ശീർഷകങ്ങളിൽ മതിയായ നീക്കിയിരിപ്പ് ഇല്ലാത്തതിനാലും ചെലവുകൾ നടന്നു വരുന്നതിനാലും വകുപ്പിന് നിലവിൽ ധനപുനഃവിനിയോഗ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കഴിയില്ലായെന്നു സ്ഥാപനം സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 130)**

പുരാവസ്തു വകുപ്പിന് ആസ്ഥാന മന്ദിരം പണിയുന്നതിലേക്ക് 30 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പുരാവസ്തു വകുപ്പിലെ ശീർഷകങ്ങളിൽ മതിയായ നീക്കിയിരിപ്പ് ഇല്ലാത്തതിനാലും ചെലവുകൾ നടന്നു വരുന്നതിനാലും വകുപ്പിന് നിലവിൽ ധനപുനഃവിനിയോഗ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കഴിയില്ലായെന്നു സ്ഥാപനം സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 131)**

2205-00-103-85—<u>പൈതൃക പഠന കേന്ദ്രം</u>

പദ്ധതി-പദ്ധതിയേതരയിനങ്ങൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 60 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 12.185 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 132)**

2205-00-103-81—<u>ഫീൽഡ് ആർക്കിയോളജി</u>

പുരാവസ്തുക്കളുടെ ഉത്ഖനനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ പൂർത്തീകരണത്തിനും, നിലവിലുള്ള എക്സിബിഷൻ യൂണിറ്റ് നവീകരിക്കുന്നതിനും, മൊബൈൽ എക്സിബിഷൻ യൂണിറ്റ് ആരംഭിക്കുന്നതിനും 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പുരാവസ്തു വകുപ്പിലെ ശീർഷകങ്ങളിൽ മതിയായ നീക്കിയിരിപ്പ് ഇല്ലാത്തതിനാലും ചെലവുകൾ നടന്നു വരുന്നതിനാലും വകുപ്പിന് നിലവിൽ ധനപുനഃവിനിയോഗ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കഴിയില്ലായെന്നു സ്ഥാപനം സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 133)**

2205-00-103-80—ജില്ലാതലത്തിലുള്ള പുരാവസ്തു/ പൈതൃക മ്യൂസിയം

തിരുവനന്തപുരം, പത്തനംതിട്ട, വയനാട്, മലപ്പുറം എന്നീ ജില്ലകളിലെ പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും നാളിതുവരെ ജില്ലാ പൈതൃക മ്യൂസിയങ്ങൾ ആരംഭിച്ചിട്ടില്ലാത്ത ജില്ലകളിൽ അതിനുള്ള സ്ഥലം കണ്ടെത്തി നടപടികൾ ആരംഭിക്കുന്നതിനും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 2.30 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പുരാവസ്തു വകുപ്പിലെ ശീർഷകങ്ങളിൽ മതിയായ നീക്കിയിരിപ്പ് ഇല്ലാത്തതിനാലും ചെലവുകൾ നടന്നു വരുന്നതിനാലും വകുപ്പിന് നിലവിൽ ധനപുനഃവിനിയോഗ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കഴിയില്ലായെന്നു സ്ഥാപനം സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 134)**

2205-00-103-77—പുരാവസ്തു പ്രസിദ്ധീകരണങ്ങൾ

വിവിധ സ്ഥലങ്ങളിലെ സംരക്ഷിത സ്മാരകങ്ങളിലും മ്യൂസിയങ്ങളിലും ഇൻഫർമേഷൻ/ പബ്ലിക്കേഷൻ കൗണ്ടറുകൾ സ്ഥാപിക്കുക, ഓൺലൈൻ പ്രസിദ്ധീകരണങ്ങൾ ആരംഭിക്കുക, പുനഃസജ്ജീകരിക്കുന്ന മ്യൂസിയങ്ങളിലേക്ക് ഗൈഡ് ബുക്കുകൾ, ബ്രോഷറുകൾ എന്നിവ തയ്യാറാക്കുക, വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിച്ച വിദഗ്ദ്ധസമിതി നിർദ്ദേശിച്ച പ്രകാരം പ്രസിദ്ധീകരണ വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുക, സന്ദർശകർക്ക് നൽകുന്ന പ്രസിദ്ധീകരണങ്ങൾ തീരുന്നമുറയ്ക്ക് വീണ്ടും അച്ചടിക്കുക തുടങ്ങിയവയ്ക്കായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പുരാവസ്തു വകുപ്പിലെ ശീർഷകങ്ങളിൽ മതിയായ നീക്കിയിരിപ്പ് ഇല്ലാത്തതിനാലും ചെലവുകൾ നടന്നു വരുന്നതിനാലും വകുപ്പിന് നിലവിൽ ധനപുനഃവിനിയോഗ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കഴിയില്ലായെന്നു സ്ഥാപനം സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 135)**

2205-00-103-75—കഴിവ് വികസനവും ബോധവൽക്കരണവും

പുരാവസ്തു സംരക്ഷണ ജോലികൾ, മ്യൂസിയങ്ങളുടെ പരിപാലനവും വികസനവും, നവീന സാങ്കേതികവിദ്യയുടെ ഉപയോഗക്രമങ്ങൾ, ഉത്ഖനനം, ലിപി പഠനം, രാസ സംരക്ഷണം, ഘടനാസംരക്ഷണം എന്നീ മേഖലകളിൽ വിജയകരമായ നൂതന സൂക്ഷ്മ രീതികൾ അവലംബിക്കുക, പുരാവസ്തു വകുപ്പിലെ സർവ്വ മേഖലകളിലും കാര്യക്ഷമതയും അറിവും വർദ്ധിപ്പിക്കുന്നതിനായി കാര്യശേഷി വികസന പരിപാടികൾ നടത്തുക, അതിനുവേണ്ട പരിശീലന പരിപാടികൾ ദേശീയ അന്തർദേശീയ തലത്തിൽ ആവിഷ്കരിക്കുക, സംസ്ഥാനത്തിന്റെ പുരാവസ്തു പൈതൃകത്തെയും അതിനെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെയും കുറിച്ച് പൊതുജനങ്ങൾക്ക് സംരക്ഷണാവബോധ പരിപാടികൾ നടത്തുക എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പുരാവസ്തു വകുപ്പിലെ ശീർഷകങ്ങളിൽ മതിയായ നീക്കിയിരിപ്പ് ഇല്ലാത്തതിനാലും ചെലവുകൾ നടന്നു വരുന്നതിനാലും വകുപ്പിന് നിലവിൽ ധനപുനഃവിനിയോഗ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കഴിയില്ലായെന്നു സ്ഥാപനം സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 136)**

2205-00-103-74—പുരാവസ്തു വികസന പദ്ധതി

ആർക്കിയോളജിക്കൽ മാന്വൽ, കൺസർവേഷൻ മാന്വൽ എന്നിവ തയ്യാറാക്കുന്നതിന് വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനും മറ്റുമായി പദ്ധതിയിനത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പുരാവസ്തു വകുപ്പിലെ ശീർഷകങ്ങളിൽ മതിയായ നീക്കിയിരിപ്പ് ഇല്ലാത്തതിനാലും ചെലവുകൾ നടന്നു വരുന്നതിനാലും വകുപ്പിന് നിലവിൽ ധനപുനഃവിനിയോഗ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കഴിയില്ലായെന്നു സ്ഥാപനം സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 137)**

2205-00-103-73—<u>നാണയശാസ്ത്ര വിംഗിന്റെ സമഗ്ര നവീകരണം</u>

Documentation of coins Under the Department of Archaeology എന്ന പദ്ധതിയുടെ ഭാഗമായി നിയോഗിക്കപ്പെട്ടിട്ടുള്ള വിദഗ്ദ്ധ അംഗങ്ങൾ, അനുബന്ധ ജീവനക്കാർ എന്നിവരുടെ വേതനത്തിനും, ബന്ധപ്പെട്ട മറ്റ് പ്രവൃത്തികൾക്കുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പുരാവസ്തു വകുപ്പിലെ ശീർഷകങ്ങളിൽ മതിയായ നീക്കിയിരിപ്പ് ഇല്ലാത്തതിനാലും ചെലവുകൾ നടന്നു വരുന്നതിനാലും വകുപ്പിന് നിലവിൽ ധനപുനഃവിനിയോഗ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കഴിയില്ലായെന്നു സ്ഥാപനം സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 138)**

2205-00-107-91—<u>എ. കെ. ജി. സ്മാരക മ്യൂസിയം</u>

മ്യൂസിയം മൃഗശാല വകുപ്പിന്റെ കീഴിൽ എ. കെ. ജി. സ്മാരക മ്യൂസിയം പൂർണ്ണതോതിൽ തയ്യാറാക്കുന്നതിലേക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 7 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2021-22 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം ആവശ്യമില്ല എന്ന് സ്ഥാപനം അറിയിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 139)**

2205-00-107-89—ശ്രീചിത്ര ആർട്ട് ഗ്യാലറി

മ്യൂസിയം മൃഗശാല വകുപ്പിന്റെ കീഴിൽ ലോക പ്രശസ്ത ചിത്രകാരനായ ശ്രീ. രാജാരവിവർമ്മയുടെ സ്മരണാർത്ഥം ശ്രീചിത്ര ആർട്ട് ഗ്യാലറിയുടെ നിർമ്മാണം നടത്തുന്നതിനുള്ള തുക, പഴയ ആർട്ട് ഗ്യാലറി കെട്ടിടത്തിന്റെ പുനഃസംരക്ഷണം, രവിവർമ്മ ആർട്ട് ഗ്യാലറിയുടെ വ്യാഖ്യാനകേന്ദ്രം സജ്ജമാക്കൽ എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2021-22 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം ആവശ്യമില്ല എന്ന് സ്ഥാപനം അറിയിച്ചിട്ടുണ്ട്.

(സാംസ്കാരികകാര്യ വകുപ്പ് കത്ത് നം.എ 3/175/2021/സാം.കാ.വ.,തീയതി 26-9-2022 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 31-7-2023-ലെ യോഗം അംഗീകരിച്ചു; കാലതാമസ പത്രിക 6-12-2022-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ (ഖണ്ഡിക നം. 140)**

4202-04-190-99—കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ &

2205-00-102-65-33—മലയാളചിത്രങ്ങൾക്കുള്ള സബ്സിഡി - സബ്സിഡികൾ

കെ.എസ്.എഫ്.ഡി.സി. കൊച്ചി, കടവന്ത്രയിൽ നിർമ്മിക്കുവാൻ പോകുന്ന പോസ്റ്റ് പ്രൊഡക്ഷൻ സെന്ററും അതിനോടനുബന്ധിച്ചുള്ള ഔട്ട്ഡോർ ഉപകരണങ്ങൾ വാങ്ങുന്നതിനും, കോർപ്പറേഷന്റെ കലാഭവൻ തിയേറ്റർ ഉൾപ്പെടുന്ന ഹെഡ്ഡാഫീസ് സമുച്ചയം, കൈരളി/ശ്രീ/നിള തിയേറ്റർ തിരുവനന്തപുരം എന്നിവ സാംസ്കാരിക തനിമ നിലനിർത്തി പുനരുദ്ധരിക്കുന്നതിനും, കെ.എസ്.എഫ്.ഡി.സി.-യുടെ കീഴിൽ ഒ.റ്റി.റ്റി. പ്ലാറ്റ്ഫോം ആരംഭിക്കുന്നതിനുമായി 40 കോടി രൂപയുടെ പ്രൊപ്പോസൽ ആണ് കെ.എസ്.എഫ്. ഡി.സി. നൽകിയിരുന്നത്. എന്നാൽ വനിതാ സംവിധായകരുടെ 2 ഫീച്ചർ ഫിലിമുകൾ നിർമ്മിക്കുന്നതിനും, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംവിധായകർക്ക് സിനിമ നിർമ്മിക്കുന്നതിന് സഹായിക്കുന്നതുൾപ്പെടെയുള്ള പദ്ധതികൾക്കായി 13 കോടി രൂപയുമാണ് നീക്കി വച്ചിരിക്കുന്നത്. ഇപ്പോൾ വകയിരുത്തിയിരിക്കുന്ന 13 കോടി രൂപ പ്രസ്തുത പദ്ധതികൾ പ്രാവർത്തികമാക്കുവാൻ പര്യാപ്തമാകാത്തതിനാൽ പദ്ധതിയിനത്തിൽ 40 കോടി രൂപയും ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിർമ്മിക്കുന്ന ചിത്രങ്ങളുടെ എണ്ണം

വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും മുൻവർഷങ്ങളിൽ നിർമ്മിച്ച ചിത്രങ്ങൾക്കുള്ള സബ്സിഡി കുടിശ്ശിക നൽകുന്നതിനുവേണ്ടിയും പദ്ധതിയേതരയിനത്തിൽ 3 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തിൽ പരാമർശിത ശീർഷകത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

(സാംസ്കാരികകാര്യ വകുപ്പ് കത്ത് നം.എ 3/175/2021/സാം.കാ.വ., തീയതി 26-9-2022 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 7-6-2023-ലെ യോഗം അംഗീകരിച്ചു; കാലതാമസ പത്രിക 6-12-2022-ന് സഭയിൽ സമർപ്പിച്ചു.)

## അദ്ധ്യായം VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടിപത്രികകൾ റിപ്പോർട്ട് കാലയളവിൽ സമിതി പരിഗണിച്ചിട്ടില്ല.

**വി. ശിവൻകുട്ടി.**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2024 ജൂലൈ 2.

## അനുബന്ധം

## 1. 7-6-2023 -ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2023 ജൂൺ 07-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. പൊതുവിദ്യാഭ്യാസ – തൊഴിൽ വകുപ്പുമന്ത്രിയുമായ ശ്രീ.വി.ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. എക്സ് - ഒഫീഷ്യോ അംഗമായ ബഹു. ഉന്നതവിദ്യാഭ്യാസ – സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദുവും, ശ്രീ. മുഹമ്മദ് മുഹസിൻ MLA-യും ഗൂഗിൾമീറ്റ് മുഖേന യോഗത്തിൽ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
2. ശ്രീ. എം.എസ്. അരുൺ കുമാർ
3. ശ്രീ. ടി.വി. ഇബ്രാഹിം
4. ശ്രീ. കെ.എം. സച്ചിൻദേവ്
5. ശ്രീ. ടി.ഐ. മധുസൂദനൻ
6. ശ്രീ. എം. വിജിൻ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി ദീപ വി., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. അജിത് കുമാർ വി.ഒ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി റാണി ജോർജ്, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
2. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
3. ശ്രീ. പ്രണബ്ജ്യോതി നാഥ്, സെക്രട്ടറി, കായിക യുവജനകാര്യ വകുപ്പ്
4. ശ്രീ. അനിൽകുമാർ വി.എസ്., അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്

5. ശ്രീമതി ഉമാ ദേവി എസ്., ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്

6. ശ്രീമതി ഷൈനി ജോർജ്ജ്, അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

7. ശ്രീ. എസ്. ഷാനവാസ്, ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷൻ

8. ഡോ. രാജശ്രീ എം.എസ്., ഡയറക്ടർ, ടെക്നിക്കൽ എഡ്യൂക്കേഷൻ

9. ശ്രീമതി മീനാംബിക എം.ഐ., ജോയിന്റ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്

10. ശ്രീമതി സുമി ആസ്റ്റിൻ, ഡയറക്ടർ, എ.പി.ജെ. അബ്ദുൾ കലാം ടെക്നിക്കൽ യൂണിവേഴ്സിറ്റി

11. ശ്രീമതി ഡാർലി ജോസഫ്, സെക്രട്ടറി, കേരള സംസ്ഥാന യുവജന കമ്മീഷൻ

12. ശ്രീമതി ലീന എ., സെക്രട്ടറി, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ

**I. സമിതി ചുവടെ ചേർക്കുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.**

1. The Kerala Higher Secondary Education Subordinate Service (Amendment) Rules, 2019

(ഫയൽ നം: 5047/സബ്.സി.ഇ 1/2019/നി.സെ.)

(റഫ.നം. ജെ4/72/2021/പൊ.വി.വ. തീയതി 27/4/2023)

11-12-2019-ലെ യോഗത്തിൽ, ഹയർ സെക്കന്ററി സ്കൂളുകളിലെ അധ്യാപക തസ്തികകയിലേയ്ക്കുള്ള തസ്തികമാറ്റ നിയമനത്തിനായി നീക്കിവച്ചിരിക്കുന്ന 25% ക്വാട്ടയിലേയ്ക്ക് ഹയർ സെക്കന്ററിയിൽ നിന്നുള്ള മിനിസ്റ്റീരിയൽ സ്റ്റാഫിനെയും ലാബ് അസിസ്റ്റന്റിനെയും ഉൾപ്പെടുത്തുന്നതിന് ഭേദഗതി കൊണ്ടുവരേണ്ടതുണ്ടെന്നും പ്രസ്തുത വിഷയത്തിൽ പുനഃപരിശോധന ആവശ്യമാണെന്നുമുള്ള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ആയത് സമിതി അംഗീകരിക്കുകയും തുടർന്ന് 28-12-2020-ന് ചേർന്ന തെളിവെടുപ്പ് യോഗത്തിൽ, 28-12-2020 വരെയുള്ള ഒഴിവുകൾ ബൈടാൻസ്ഫർ മുഖേന ഡി.ജി.ഇ.- യ്ക്ക് നിയമനം നടത്താവുന്നതാണെന്നും 28-12-2020-ന് ശേഷം സംജാതമാകുന്ന ഒഴിവുകൾ ബൈ ട്രാൻസ്ഫർ മുഖേന നിയമനം നടത്തുന്നതിനായി പി.എസ്.സി.- ക്ക് റിപ്പോർട്ട്

ചെയ്യണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു. പ്രസ്തുത ഭേദഗതി ഉൾപ്പെടുത്തിയ കരട് ചട്ടമാണ് സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി സമിതിയെ ആമുഖമായി അറിയിച്ചു.

നിയമവകുപ്പ് സൂക്ഷ്മ പരിശോധന നടത്തി സമർപ്പിച്ച കരട് ചട്ടത്തിൽ എച്ച്.എസ്.എ., ലോവർ പ്രൈമറി സ്കൂൾ അസിസ്റ്റന്റ് എന്ന ' nomenclature ' -ന തന്നെ വ്യത്യാസം വരുത്തിയാണ് ബന്ധപ്പെട്ട വകുപ്പ് കരട് ചട്ടം സമിതിയുടെ പരിഗണനയ്ക്കായി ലഭ്യമാക്കിയിരിക്കുന്നതെന്ന് നിയമവകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

2016 മുതൽ 28-12-2020 വരെയുള്ള കാലയളവിലെ ബൈ ട്രാൻസ്ഫർ നിയമനങ്ങൾ നികത്തേണ്ടത് പി.എസ്.സി. യാണെന്നും അത് ഡി.ജി.ഇ.-ക്ക് നിയമനം നടത്താവുന്നതാണെന്ന് പറയുന്നതിനോട് യോജിക്കാൻ കഴിയില്ലെന്നും യോഗ്യരായ ആളുകൾ ബൈ ട്രാൻസ്ഫർ സമയത്ത് ഇല്ലെങ്കിൽ അത് പിന്നീട് അഡ്ജസ്റ്റ് ചെയ്ത് നൽകുമെന്നാണ് ചട്ടത്തിൽ പറയുന്നതെന്നും, ആ സമയത്ത് അവരില്ലെങ്കിൽ മറ്റൊരു കാറ്റഗറിക്കാണ് നിയമനം ലഭിക്കുന്നതെന്നും യോഗ്യതയുള്ള ഒരു വ്യക്തിയുടെ അവസരമാണ് ഇതുമൂലം നഷ്ടമാകുന്നതെന്നും ഇത് നിയമപരമായി ശരിയായ നടപടിയല്ലെന്നും നിരീക്ഷിച്ച സമിതി 100 അധ്യാപകരുടെ ഒഴിവുണ്ടായിട്ടും ആയത് റിപ്പോർട്ട് ചെയ്യാത്തതിനാൽ പ്രസ്തുത ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്ത് 2016 പ്രാബല്യം കൊടുത്തുകൊണ്ട് ഒഴിവുകൾ നികത്തണമെന്ന് ഇതുമായി ബന്ധപ്പെട്ട് ട്രിബ്യൂണലിന്റെ ഒരു വിധി വന്നിരുന്നതായി സമിതി മനസ്സിലാക്കുന്നു.

'The method of appointment cannot be modified through an Executive Order as done in the present case' എന്നാണ് വിധിയിൽ പറയുന്നതെന്നും അതനുസരിച്ചാണ് ഇപ്പോൾ മാറ്റം കൊണ്ടുവന്നിരിക്കുന്നതെന്നും, നിയമവകുപ്പ് ചൂണ്ടിക്കാട്ടിയ ' nomenclature '-നെ സംബന്ധിച്ച് HSA എന്നുള്ളത് ഇപ്പോൾ HST ആക്കിയിട്ടുണ്ടെന്നും പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

2001-ലെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്തിട്ടുണ്ടോയെന്നും തസ്തികമാറ്റത്തിലെ വിഹിതം വകമാറ്റാൻ പാടില്ലാത്തതാണെന്നും എന്തിനാണ് വകമാറ്റിയതെന്നും സമിതി ആരാഞ്ഞപ്പോൾ, 2001– ലെ സ്പെഷ്യൽ റൂൾ പ്രകാരം കുറച്ച് പേർക്ക് നിയമനം നല്കാൻ കോടതി പറഞ്ഞിരുന്നുവെന്നും ആ ഒഴിവുകളെല്ലാം നികത്തിയിട്ടുണ്ടെന്നും 2001-ലെ റൂൾ പ്രകാരം എച്ച്.എസ്.എ.-യിൽ ആളില്ലെങ്കിൽ മാത്രമാണ് യു.പി.എസ്.എ.-യ്ക്കും, എൽ.പി.എസ്.എ.-യ്ക്കും കൊടുത്തിരുന്നതെന്നും കോടതി വിധിയെല്ലാം അനുസരിച്ചിട്ടുണ്ടെന്നും

2020-ന് മുമ്പുള്ള വളരെ കുറച്ച് ഒഴിവുകളിൽ മാത്രമേ ഇനി നിയമനം നടത്താനുള്ളൂവെന്നും തസ്തികമാറ്റത്തിലെ വിഹിതം ഇപ്പോൾ വകമാറ്റി കൊടുത്തിട്ടില്ലെന്നും അതത് കാറ്റഗറിക്ക് തന്നെയാണ് കൊടുത്തിട്ടുള്ളതെന്നും പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. പ്രസ്തുത ഭേദഗതിയിലൂടെ തസ്തികമാറ്റ നിയമനത്തിൽ കൃത്യമായ അനുപാതം നിശ്ചയിക്കപ്പെടുകയാണ് ചെയ്തിട്ടുള്ളതെന്ന് നിയമവകുപ്പ് സമിതിയെ ബോധിപ്പിച്ചു.

ഇപ്പോൾ മാർച്ച് വരെയുള്ളതിന് അപേക്ഷ ക്ഷണിച്ച് ജൂലൈ 30-നു മുൻപ് ക്ലോസ് ചെയ്യാൻ സാധിച്ചാൽ ഒരുപാട് ആളുകൾക്ക് നിയമനം ലഭിക്കുമെന്നും അങ്ങനെ ചെയ്തില്ലെങ്കിൽ ലിസ്റ്റിലുള്ള ഒരുപാട് പേർക്ക് നിയമനം ലഭിക്കാതെ വരുമെന്നും അഭിപ്രായപ്പെട്ട സമിതി അത് പരിശോധിക്കുന്നതിന് നിർദ്ദേശിച്ചു.

പുതിയ ഭേദഗതിയിൽ ഒരു കാറ്റഗറിയിൽ ആളില്ലെങ്കിൽ മറ്റൊരു കാറ്റഗറിക്ക് കൊടുക്കാതെ നേരിട്ടുള്ള നിയമനം നടത്തുമ്പോൾ പുതിയതായി യോഗ്യത നേടുന്ന ആളിന് അവസരം നഷ്ടപ്പെടുകയാണെന്നും 75 ശതമാനം തസ്തികകൾക്കാണ് നേരിട്ടുള്ള നിയമനം നടത്തുന്നതെന്നും ആ സമയത്ത് പുതിയൊരു അപേക്ഷകന് 5 ശതമാനം കുറയുകയാണ് ചെയ്യുന്നതെന്നും അഭിപ്രായപ്പെട്ട സമിതി, ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ റിമാർക്സിൽ തസ്തികമാറ്റ നിയമനത്തിനായി ഒരു വിഭാഗത്തിൽ യോഗ്യരായവർ ഇല്ലാത്തപക്ഷം ഇനിയുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് തസ്തികമാറ്റ നിയമനം നടത്തി അനുപാതം ക്രമീകരിക്കാമെന്ന വ്യവസ്ഥയിൽ പി.എസ്.സി. മുഖേന നേരിട്ടുള്ള നിയമനം നടത്തുന്നകാര്യം ഭരണ വകുപ്പിന് പരിഗണിക്കാവുന്നതാണെന്നും ആ രീതി അവലംബിക്കുന്നതുപ്രകാരം ബൈടാൻസ്ഫർ നിയമനത്തിൽ ഓരോ വിഭാഗത്തിനും അർഹതപ്പെട്ട ഒഴിവുകൾ ബന്ധപ്പെട്ട വിഭാഗത്തിനു തന്നെ ഉറപ്പാക്കുന്നതിനും വിവിധ വിഭാഗങ്ങൾ തമ്മിൽ വ്യവസ്ഥ ചെയ്തിട്ടുള്ള അനുപാതം നിലനിർത്തുന്നതിനും സാധ്യമാകുന്നതുമാണെന്നും അപ്രകാരം തീരുമാനിക്കുന്ന പക്ഷം അതിനനുസൃതമായ വ്യവസ്ഥകൾ വിശേഷാൽ ചട്ടങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണെന്നും ആയത് ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നുവെന്നുമാണെന്ന് പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

കരട് ചട്ടത്തിലെ Note 4-ൽ അപ്പർപ്രൈമറി സ്കൂൾ ടീച്ചർ, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ, മിനിസ്റ്റീരിയൽ സ്റ്റാഫ്, ലാബോറട്ടറി അസിസ്റ്റന്റ് എന്നിവർക്ക് സ്പെഷ്യൽ ട്രെയിനിംഗ് പ്രോഗ്രാം നല്കണമെന്ന് പറയുന്നുണ്ടെന്നും ഹൈസ്കൂൾ അസിസ്റ്റന്റിനെ

എന്തുകൊണ്ട് അതിൽ ഉൾപ്പെടുത്തിയില്ലായെന്ന് സമിതി ആരാഞ്ഞതിന് 2016-ലെ സർക്കുലറിൽ യു.പി.എസ്.എ., എൽ.പി.എസ്.എ., മിനിസ്റ്റീരിയൽ സ്റ്റാഫ്, ലാബ് അസിസ്റ്റന്റ് എന്നിവർ അധ്യാപന മികവ് വർദ്ധിപ്പിക്കുന്നതിനു വേണ്ടി എസ്.സി.ഇ. ആർ.ടി.-യുടെ ട്രെയിനിംഗിന് വിധേയമാകണമെന്ന് പറയുന്നുണ്ടെന്നും, കൂടാതെ എച്ച്.എസ്.എ.-യിലുള്ളവർ B.Ed. യോഗ്യതയുള്ളവരാണെന്നും നിയമവകുപ്പ് സമിതിയെ ബോധിപ്പിച്ചു.

കരട് ചട്ടം ഭേദഗതിയോടെ അംഗീകരിക്കാമോയെന്ന് സമിതി ചെയർമാൻ ആരാഞ്ഞതിന്, പുതിയൊരു ഭേദഗതി കൊണ്ടുവരുന്നതുകൊണ്ട് കരട് ചട്ടത്തിലെ രണ്ട് സർക്കാർ ഉത്തരവുകൾ ഒഴിവാക്കുന്നതായിരിക്കും നല്ലതെന്ന് നിയമവകുപ്പ് ജോയിന്റ് സെക്രട്ടറി മറുപടി നൽകി. തുടർന്ന് സമിതി താഴെപ്പറയുന്ന ഭേദഗതിയോടുകൂടി കരട് ചട്ടം അംഗീകരിച്ചു.

" ഖണ്ഡം 2 (i)-ൽ " Based on the orders GO(Ms)No. 296/2015/GEdn dated. 1-12-2015 and GO(P)No. 2/2021/GEdn Dated. 30-1-2021, " എന്നത് നീക്കം ചെയ്യുക. "

(2) <u>2018-ലെ കേരള യുവജന കമ്മീഷൻ (ഭേദഗതി) ചട്ടങ്ങൾ കരട് വിജ്ഞാപനം</u>

(ഫയൽ നം. 638/സബ്.സി.ഇ 1/2023/നി.സെ.)

(റഫ.നം.ബി2/169/2020/എസ്.വൈ.എ. തീയതി 7-1-2023)

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2019-2021),2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്റ്റിനു കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ -കളുടെ സൂക്ഷ്മ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 21-ാമത് റിപ്പോർട്ടിലെ 14 മുതൽ 23 വരെയുള്ള ശിപാർശകളുടെ അടിസ്ഥാനത്തിൽ 2018-ലെ കേരള യുവജന കമ്മീഷൻ ചട്ടങ്ങൾ (SRO No. 327/2018) ഭേദഗതി ചെയ്തുകൊണ്ടുള്ള കരട് ചട്ടം '2022-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ (ഭേദഗതി) ചട്ടങ്ങൾ' സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

1. ചട്ടം 1 (1)-ലെ 2022 എന്നത് 2023 എന്നാക്കി മാറ്റുക,

2. ഖണ്ഡം 2 ഉപചട്ടം (3)(1)-ൽ "ഗ്രേഡ് 1/ക്ലാസ് 1" എന്നീ വാക്കുകൾക്ക് മുൻപായി "സംസ്ഥാന സർക്കാർ സർവ്വീസിലെ" എന്നീ വാക്കുകളും ഉപചട്ടം (3)(2)-ൽ "ഗ്രേഡ് -1" എന്ന വാക്കിന് മുമ്പായി "സംസ്ഥാന സർക്കാർ സർവ്വീസിലെ" എന്നീ വാക്കുകളും ചേർക്കുക.

**II. സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ വകുപ്പുകൾ ലഭ്യമാക്കിയ നടപടി പത്രികകൾ സമിതി പരിഗണിക്കുകയും ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.**

1. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനസംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നം. 3340/സബ്.സി.ഇ 1/2019/നി.സെ.);

(റഫ. നം. കെ3/225/2021-HEDN തീയതി 12-12-2022)

റിപ്പോർട്ടിലെ 46-ാം നമ്പർ ഖണ്ഡികയിന്മേൽ ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ് കാലതാമസപത്രിക സഹിതം ലഭ്യമാക്കിയ നടപടി പത്രിക സമിതി അംഗീകരിച്ചു.

2. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നം. 1806/സബ്.സി.ഇ 1/2020/നി.സെ.);

(റഫ. നം. സി4/97/2022-എച്ച്.ഇ.ഡി.എൻ. തീയതി 31-3-2023);

(റഫ. ജെ3/158/2020/ഉ.വി.വ. തീയതി 29-10-2022);

(റഫ. ജെ1/123/2020/ഉ.വി.വ. തീയതി 22-10-2022);

(റഫ. ജെ1/124/2020/ഉ.വി.വ. തീയതി 31-10-2022);

(റഫ. ജെ1/126/2020/ഉ.വി.വ. തീയതി 31-10-2022);

(റഫ. എ 1/270/2022/കാ.യു.വ. തീയതി 25-2-2023).

റിപ്പോർട്ടിലെ ഖണ്ഡിക നം. 46, 52, 53, 54, 59, 81, 94 എന്നിവയിലെ ശിപാർശകളിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പും 145, 148-156 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേൽ കായിക യുവജനകാര്യ വകുപ്പും കാലതാമസപത്രിക സഹിതം ലഭ്യമാക്കിയ നടപടി പത്രികകൾ സമിതി അംഗീകരിച്ചു.

3. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നം. 12380/സബ്.സി.ഇ 1/2021/നി.സെ.);

(റഫ. നം. കെ2/27/2022/ഉ.വി.വ. തീയതി 7-10-2022);

(റഫ. എ 1/327/2021/കാ.യു.വ. തീയതി 17-11-2022);

(റഫ. 175/എ 3/2021/സാം.ക.വ. തീയതി 26-9-2022).

റിപ്പോർട്ടിലെ 61-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പും 72, 73, 78-84 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ കായിക യുവജനകാര്യ വകുപ്പും കാലതാമസപത്രിക സഹിതം ലഭ്യമാക്കിയ നടപടി പത്രികകൾ സമിതി അംഗീകരിച്ചു.

85-140 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിൽ സാംസ്കാരികകാര്യ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികകളിൽ മ്യൂസിയം, പുരാവസ്തു, പുരാരേഖ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യോഗത്തിൽ ഹാജരാകാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും പ്രസ്തുത വകുപ്പുമായി ബന്ധപ്പെട്ട 107, 117-139 വരെയുള്ള നടപടി പത്രികകൾ അടുത്ത യോഗത്തിൽ പരിഗണിക്കുന്നതിനായി മാറ്റിവയ്ക്കുകയും ചെയ്തു.അടുത്ത യോഗത്തിൽ ഹാജരാകുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുവാനും സമിതി തീരുമാനിച്ചു.

സാംസ്കാരികകാര്യ വകുപ്പുമായി ബന്ധപ്പെട്ട 85-106, 108-116, 140 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേൽ ലഭ്യമാക്കിയ നടപടി പത്രിക കാലതാമസ പത്രിക സഹിതം സമിതി അംഗീകരിച്ചു.

4. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നം. 12982/സബ്.സി.ഇ 1/2022/നി.സെ.);

(റഫ. നം. ബി1/223/2022/ഉ.വി.വ. തീയതി 22-2-2023);

(റഫ. 233/ജെ3/2022/ഉ.വി.വ. തീയതി 10-5-2023);

(റഫ. ജെ2/280/2022/ഉ.വി.വ. തീയതി 24-4-2023);

(റഫ. നം. കെ2/91/2022/ഉ.വി.വ. തീയതി 29-12-2022);

(റഫ. നം. കെ3/166/2022-HEDN തീയതി 30-1-2023);

(റഫ. നം. F-RO/6/2022/PLEGA തീയതി 3-12-2022).

റിപ്പോർട്ടിലെ 27-34, 42, 48-54, 58, 59, 64, 70 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പും 71-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പും ലഭ്യമാക്കിയ നടപടി പത്രികകൾ സമിതി അംഗീകരിച്ചു.

(യോഗം ഉച്ചകഴിഞ്ഞ് 12.30-ന് അവസാനിച്ചു.)

## 2. 31-7-2023-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2023 ജൂലൈ മാസം 31-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 4.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രിയുമായ ശ്രീ.വി.ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ് ഒഫീഷ്യോ അംഗമായ ബഹു. ഉന്നത വിദ്യാഭ്യാസ സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു ഗൂഗിൾ മീറ്റ് മുഖേന പങ്കെടുത്ത പ്രസ്തുത യോഗത്തിൽ ശ്രീ.ടി.ഐ.മധുസൂദനൻ, എം.എൽ.എ, നേരിട്ടും, താഴെപ്പറയുന്ന അംഗങ്ങൾ ഗൂഗിൾ മീറ്റ് മുഖേനയും പങ്കെടുത്തു.

1. ശ്രീ. എം.എസ്. അരുൺകുമാർ
2. ശ്രീ. കെ. എം. സച്ചിൻദേവ്
3. ശ്രീ. ഷാഫിപറമ്പിൽ
4. ശ്രീ. എം. വിജിൻ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി ദീപ വി., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജയകുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. അജിത് കുമാർ വി.ഒ., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. അജയൻ സി., അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.
2. ശ്രീ. ജനാർദ്ദനൻ കെ., അഡീഷണൽ സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്.
3. ശ്രീ. കെ. നന്ദകുമാർ, സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.
4. ഡോ.മ്യൂസ് മേരി ജോർജ്, ഡയറക്ടർ, കേരള സംസ്ഥാനസർവ്വ വിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട്.
5. ഡോ.അബ്ദുൽ റഹ്മാൻ, ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി.
6. ഡോ.ശ്രീലക്ഷ്മി. ആർ, ഡയറക്ടർ,എസ്.പി.എഫ്.യു, ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ.
7. ശ്രീ. ഇ. ദിനേശൻ, ഡയറക്ടർ, പുരാവസ്തു വകുപ്പ്.
8. ശ്രീ. എസ്. അബു, ഡയറക്ടർ, മ്യൂസിയം - മൃഗശാല വകുപ്പ്.
9. ശ്രീ. കെ.വി. ശ്രീനാഥ്, രജിസ്ട്രാർ, പൈതൃക പഠന കേന്ദ്രം.
10. ഡോ. നരേഷ് എസ്., അസി.ഡയറക്ടർ, എൽ.ബി.എസ്.സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി.

സമിതി, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ലഭ്യമാക്കിയ നടപടി/കാലതാമസ പത്രികകൾ, 2021-22 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ കാലതാമസ പത്രിക, സമിതിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള ഫയലുകൾ, 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

**I.ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ ചുവടെ ചേർത്തിട്ടുള്ള റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടി പത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.**

a) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്(2020-21)

(ഫയൽ നം. 12806/സബ്.സി.ഇ 1/2020/നി.സെ)

(റഫ.നം.ജെ1/125/2020/ഉ.വി.വ.തീയതി.7-6-2023)

റിപ്പോർട്ടിലെ 60-ാം നമ്പർ ശിപാർശയിന്മേൽ ഉന്നത വിദ്യാഭ്യാസ(ജെ) വകുപ്പ് കാലതാമസ പത്രിക സഹിതം ലഭ്യമാക്കിയ നടപടി പത്രിക സമിതി അംഗീകരിച്ചു.

b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്(2021-22)

(ഫയൽ നം.12380/സബ്.സി.ഉ 1/2021/നി.സെ.)

(i) ഖണ്ഡിക 58(ഉന്നത വിദ്യാഭ്യാസ വകുപ്പ്)

(റഫ.നം.ജെ1/303/2021/ഉ.വി.വ.,തീയതി.9-6-2023)

(ii) ഖണ്ഡിക 62 (ഉന്നത വിദ്യാഭ്യാസ വകുപ്പ്)

(റഫ.നം.ജെ1/304/2021/ഉ.വി.വ.,തീയതി.29-5-2023)

(iii) ഖണ്ഡിക 63 (ഉന്നത വിദ്യാഭ്യാസ വകുപ്പ്)

(റഫ.നം.ജെ1/305/2021/ഉ.വി.വ.,തീയതി.29-5-2023)

(iv) ഖണ്ഡിക 64 (ഉന്നത വിദ്യാഭ്യാസ വകുപ്പ്)

(റഫ.നം.ജെ1/306/2021/ഉ.വി.വ.,തീയതി.7-6-2023)

(v) ഖണ്ഡിക 107,117-139 (സാംസ്കാരിക കാര്യ വകുപ്പ്)

(റഫ.നം.എ 3/175/2021/സാം.ക.വ.,തീയതി.26-9-2022)

മേല്പറഞ്ഞ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി പത്രികകൾ കാലതാമസ പത്രിക സഹിതം സമിതി അംഗീകരിച്ചു.

സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട 'സമം' പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റ് വിഹിതമായ ഒരു കോടി രൂപയ്ക്ക് പുറമേ രണ്ട് കോടി രൂപ ആവശ്യപ്പെട്ടെങ്കിലും ആയത്

അനുവദിച്ചിട്ടില്ലെന്നും പ്രസ്തുത ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്നും 'സമം' പദ്ധതി പെട്ടെന്ന് തീരുമാനിച്ച പദ്ധതിയാണെന്നും വകുപ്പ് അറിയിച്ചു.ആയതിനാൽ പ്രസ്തുത പദ്ധതി മികച്ച രീതിയിൽ നടപ്പിലാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ഒന്നാമത് റിപ്പോർട്ടിലെ(2021-22) ഖണ്ഡിക 117-മായി ബന്ധപ്പെട്ട സർക്കാർ മറുപടി പരിഗണിക്കവേ സാംസ്കാരിക ഡയറക്ടറേറ്റ് ഓഫീസിനും മറ്റ് സാംസ്കാരിക സ്ഥാപനങ്ങൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ രണ്ട് കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചെങ്കിലും അതിനുള്ള സ്ഥലം ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും ആയത് അടിയന്തിരമായി കണ്ടെത്തണമെന്ന് ജില്ലാ കളക്ടറോട് നിർദ്ദേശിച്ചിട്ടുണ്ടെന്നും സാംസ്കാരിക കാര്യ വകുപ്പ് സമിതിയെ അറിയിച്ചു. ആയതിന് വകുപ്പ് ഇക്കാര്യത്തിൽ മുന്നിട്ടിറങ്ങണമെന്നും ഡയറക്ടറേറ്റ് കോംപ്ലക്സ് നിർമ്മാണത്തിന് എത്രയും വേഗം പര്യാപ്തവും ഉചിതവുമായ സ്ഥലം കണ്ടെത്തണമെന്നും സമിതി നിർദ്ദേശിച്ചു.

c) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്(2022-23)

(ഫയൽ നം.12982/സബ്.സി.ഇ 1/2022/നി.സെ.)

(i) ഖണ്ഡിക 44 (ഉന്നത വിദ്യാഭ്യാസ വകുപ്പ്)

(റഫ.നം.സി4/82/2022/എച്ച്.ഇ.ഡി.എൻ., തീയതി.22-6-2023)

(ii) ഖണ്ഡിക 61 (ഉന്നത വിദ്യാഭ്യാസ വകുപ്പ്)

(റഫ.നം.ജെ1/326/2022/ഉ.വി.വ., തീയതി.10-7-2023)

(iii) ഖണ്ഡിക 61 (ഉന്നത വിദ്യാഭ്യാസ വകുപ്പ്)

(റഫ.നം.ജെ1/327/2022/ഉ.വി.വ., തീയതി.10-7-2023)

(iv) ഖണ്ഡിക 62 (ഉന്നത വിദ്യാഭ്യാസ വകുപ്പ്)

(റഫ.നം.ജെ1/328/2022/ഉ.വി.വ., തീയതി.17-6-2023)

(v) ഖണ്ഡിക 62 (ഉന്നത വിദ്യാഭ്യാസ വകുപ്പ്)

(റഫ.നം.ജെ1/329/2022/ഉ.വി.വ., തീയതി.17-6-2023)

(vi) ഖണ്ഡിക 67,68 (ഉന്നത വിദ്യാഭ്യാസ വകുപ്പ്)

(റഫ.നം.എ 2/122/2022/എച്ച്.ഇ.ഡി.എൻ., തീയതി.7-6-2023)

(vii) ഖണ്ഡിക 69 (ഉന്നത വിദ്യാഭ്യാസ വകുപ്പ്)

(റഫ.നം.എ 1/202/2022/എച്ച്.ഇ.ഡി.എൻ., തീയതി.22.-6-2023)

(viii) ഖണ്ഡിക 72-104,109,114-120 (സാംസ്കാരിക കാര്യ വകുപ്പ്)

(റഫ.നം.എ 3/131/2022/സാം.ക.വ., തീയതി.15-7-2023)

മേല്പറഞ്ഞ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി പത്രികകൾ സമിതി അംഗീകരിച്ചു.

**II. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയലുകൾ**

1. <u>2019-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല-ആദ്യ സ്റ്റാറ്റ്യൂട്ടുകൾ വിജ്ഞാപനംചെയ്ത പകർപ്പിലെ വ്യത്യാസം പരിഹരിച്ച് ലഭ്യമാക്കുന്നത്-സംബന്ധിച്ച്.</u>

(ഫയൽ നം.3030/സബ്.സി.ഇ 1/2013/നി.സെ.)

(റഫ.നം.ബി2/24837/2013/ഉ.വി.വ.,തീയതി.21-4-2021)

സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്ത് ഉടനടി ലഭ്യമാക്കുന്നതാണെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

2. <u>കേരള സംസ്ഥാന സർവ്വ വിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട്- പുതുക്കിയ കരട് സർവ്വീസ് റൂൾസ് ലഭ്യമാക്കുന്നത് സംബന്ധിച്ച്.</u>

(ഫയൽ.നം.1849/സബ്.സി.ഇ 1/2020/നി.സെ.)

(റഫ.നം.സി1/156/2020/സാം.ക.വ.,തീയതി.23-2-2022)

ഭരണ സമിതി അംഗീകരിച്ച കരട് സർവ്വീസ് റൂൾ 22-12-2020-ന് സർക്കാരിലേക്ക് അയച്ചിട്ടുണ്ടെന്ന് കേരള സംസ്ഥാന സർവ്വവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സമിതിയെ അറിയിച്ചു.

3. <u>സംസ്ഥാന പുരാവസ്തു വകുപ്പിന്റെ ഭേദഗതി വരുത്തിയ കരട് സ്പെഷ്യൽ റൂൾ-ലഭ്യമാക്കുന്നത് സംബന്ധിച്ച്.</u>

(ഫയൽ നം.6562/സബ്.സി.ഇ 1/2014/നി.സെ.)

(റഫ.നം. ബി1/393/2023/സാം.ക.വ., തീയതി. 2-6-2023)

വിദഗ്ദ്ധ സമിതിയുടെ ശിപാർശകൂടി പരിഗണിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സാംസ്കാരിക കാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. 2013-ലാണ് ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചതെന്നും കരട് സ്പെഷ്യൽ റൂൾ എത്രയും വേഗം പൂർത്തിയാക്കി സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

**III. 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേൽ വകുപ്പ് ലഭ്യമാക്കിയ കാലതാമസ_പത്രികയുടെ പരിഗണന.**

(ഫയൽ നം.737/സബ്.സി.ഇ 1/2022/നി.സെ.)

(റഫ.നം. പി1/66/2022/ഉ.വി.വ.,തീയതി.14-7-2023).

2021-22 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ കാലതാമസ പത്രിക സമിതി അംഗീകരിച്ചു.

**IV. 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.**

യോഗം വൈകുന്നേരം 4.30 ന് അവസാനിച്ചു.

### 3. 8-8-2023- ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2023 ആഗസ്റ്റ് 8-ാം തീയതി, ചൊവ്വാഴ്ച സഭാ സമ്മേളനത്തിന് ശേഷം വൈകുന്നേരം 5.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

ഹാജരായ അംഗങ്ങൾ:

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
2. ശ്രീ. എം.എസ്. അരുൺ കുമാർ
3. ശ്രീ. ടി.വി. ഇബ്രാഹിം
4. ശ്രീ. ടി.ഐ. മധുസൂദനൻ
5. ശ്രീ. മുഹമ്മദ് മുഹസിൻ
6. ശ്രീ. കെ.എം. സച്ചിൻദേവ്
7. ശ്രീ. ഷാഫി പറമ്പിൽ
8. ശ്രീ. എം. വിജിൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി ദീപ വി., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജയകുമാർ. ജി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. അജിത് കുമാർ. വി.ഒ., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
2. ശ്രീ. എസ്. ഷാനവാസ്, ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്
3. ശ്രീ. ഇ. ദിനേശൻ, ഡയറക്ടർ, പുരാവസ്തു വകുപ്പ്
4. ശ്രീ. എസ്. അബു, ഡയറക്ടർ, മ്യൂസിയം-മൃഗശാല വകുപ്പ്
5 ശ്രീ. മുഹമ്മദ് ഹനീഫ. എം.എ., ജോയിന്റ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
6. ശ്രീ. ആർ.എസ്.ഷിബു, അഡീഷണൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷാ കേരള.

സമിതി, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി പത്രികകൾ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

## 1. നടപടി പത്രികകളുടെ പരിഗണന

a. <u>ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2022-23)</u>

(ഫയൽ നം. 12982/ സബ്.സി.ഇ 1/2023/നി.സെ.)

ഖണ്ഡിക നം. 1-26, 145

(റഫ. നം. പി2/472/2023/പൊ.വി.വ.: തീയതി 4-8-2023)

ഖണ്ഡിക നം. 105-108, 110-113

(റഫ. നം. 124/ബി2/2023/സാം.കാ.വ.: തീയതി 2.-8-2023)

റിപ്പോർട്ടിലെ 1-26, 145 എന്നീ നമ്പർ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ പൊതുവിദ്യാഭ്യാസ (പി) വകുപ്പും 105-108, 110-113 എന്നീ നമ്പർ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സാംസ്കാരികകാര്യ (ബി) വകുപ്പും (പുരാവസ്തു, പുരാരേഖ, മ്യൂസിയം വകുപ്പ്) ലഭ്യമാക്കിയ നടപടി പത്രികകൾ സമിതി അംഗീകരിച്ചു.

b. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2021-22)

(ഫയൽ നം. 12380/ സബ്.സി.ഇ 1/2021/നി.സെ.)

ഖണ്ഡിക നം. 1-32

(റഫ. നം. പി2/833/2022/പൊ.വി.വ.: തീയതി 4-8-2023)

റിപ്പോർട്ടിലെ 1-32 വരെയുള്ള ശിപാർശകളിന്മേലുള്ള പൊതുവിദ്യാഭ്യാസ (പി) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികകളും കാലതാമസപത്രികയും സമിതി അംഗീകരിച്ചു.

**2. കരട് റിപ്പോർട്ടിന്റെ പരിഗണന**

സമിതിയുടെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം വൈകുന്നേരം 5.15-ന് അവസാനിച്ചു.

## 4. 21-10-2023-ലെ യോഗനടപടികുറിപ്പ്

**ആസ്സാം നിയമസഭയിലെ വിദ്യാഭ്യാസം സംബന്ധിച്ച സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടേയും 21-10-2023-ലെ സംയുക്തയോഗത്തിന്റെ നടപടിക്കുറിപ്പ്.**

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ഉം ആസ്സാം നിയമസഭയുടെ വിദ്യാഭ്യാസം സംബന്ധിച്ച സ്റ്റാൻഡിംഗ് കമ്മിറ്റിയും 2023 ഒക്ടോബർ 21-ാം തീയതി ശനിയാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '610-ാം' നമ്പർ സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പു മന്ത്രിയുമായ ശ്രീ. വി.ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ സംയുക്തയോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ കേരള - ആസ്സാം കമ്മിറ്റികളുടെ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

കേരള നിയമസഭ സബ്ജക്ട് കമ്മിറ്റി

1. ശ്രീ. എം.എസ്. അരുൺ കുമാർ (വീഡിയോ കോൺഫറൻസ്)
2. ശ്രീ. ടി.വി. ഇബ്രാഹിം (വീഡിയോ കോൺഫറൻസ്)

ആസ്സാം നിയമസഭ സ്റ്റാൻഡിംഗ് കമ്മിറ്റി

1. ഡോ. പരമാനന്ദ രാജബോങ്ങ്ഷി, സമിതി അധ്യക്ഷൻ
2. ശ്രീ. അബ്ദു സുബഹാൻ അലി സർക്കാർ
3. ശ്രീ. അഫ്താബ് ഉദിൻ മൊല്ല
4. ശ്രീ. അഷറഫുൾ ഹുസൈൻ
5. ശ്രീ. ബിദ്യാസിംഗ് എൻഗ്ലെഗ്
6. ഡോ. റഫീഖുൾ ഇസ്ലാം
7. ശ്രീ. സുജം ഉദിൻ ലാസ്കർ

പങ്കെടുത്ത ഉദ്യോഗസ്ഥർ

കേരള നിയമസഭ സബ്ജക്ട് കമ്മിറ്റി

1. ശ്രീ. എ.എം. ബഷീർ, സെക്രട്ടറി
2. ശ്രീമതി ദീപ. വി., ജോയിന്റ് സെക്രട്ടറി
3. ശ്രീ. അജിത് കുമാർ. വി. ഒ., അണ്ടർ സെക്രട്ടറി

ആസ്സാം സ്റ്റാൻഡിംഗ് കമ്മിറ്റി

1. ശ്രീ. പ്രദീപ് ഹാൻഡിക്, ഒ.എസ്.ഡി., (ജോയിന്റ് സെക്രട്ടറി)
2. ശ്രീമതി സെയീദ ഖാത്തുൻ സാക്കിയ, സീനിയർ റിപ്പോർട്ടർ & എക്സ്-ഒഫീഷ്യോ അണ്ടർ സെക്രട്ടറി.
3. ശ്രീ. ദീപ് ജ്യോതി കാകതി, കാഷ്യർ

വകുപ്പുകളിൽ നിന്നും പങ്കെടുത്ത ഉദ്യോഗസ്ഥർ

1. ശ്രീമതി റാണി ജോർജ്, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
2. ഡോ. സുപ്രിയ എ.ആർ., സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷാ, കേരള

3. ശ്രീ. സി.എ. സന്തോഷ്, അഡീഷണൽ ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്
4. ശ്രീ. മോഹൻ കുമാർ എൻ., സീനിയർ ഫിനാൻസ് ഓഫീസർ, ഹയർ സെക്കന്ററി എഡ്യൂക്കേഷൻ
5. ശ്രീ. ജയകൃഷ്ണൻ കെ.എസ്., പ്രോജക്ട് മാനേജർ, കൈറ്റ്.
6. ശ്രീ. ഉബൈദുള്ള എം., ഡെപ്യൂട്ടി ഡയറക്ടർ വൊക്കേഷണൽ ഹയർ സെക്കന്ററി എഡ്യൂക്കേഷൻ.

അഖിലേന്ത്യാ പഠന പര്യടനത്തിന്റെ ഭാഗമായി 2023 ഒക്ടോബർ 21-ാം തീയതി കേരള നിയമസഭ സന്ദർശിച്ച ആസ്സാം നിയമസഭ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങളെയും ഉദ്യോഗസ്ഥരെയും വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി അദ്ധ്യക്ഷനും പൊതുവിദ്യാഭ്യാസ -തൊഴിൽ വകുപ്പുമന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടി സ്വാഗതം ചെയ്തു. തുടർന്ന് കേരള – ആസ്സാം നിയമസഭാ കമ്മിറ്റി അംഗങ്ങളും ഉദ്യോഗസ്ഥരും പരസ്പരം പരിചയപ്പെടുകയും വിസിറ്റിംഗ് കമ്മിറ്റി അംഗങ്ങളെ സബ്ജക്ട് കമ്മിറ്റി അധ്യക്ഷൻ പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു.

ദൈവത്തിന്റെ സ്വന്തം നാടായ കേരളവും കേരള നിയമസഭയും സന്ദർശിക്കാൻ ആസ്സാം നിയമസഭാ കമ്മിറ്റി തീരുമാനിച്ചതിലും സംയുക്തയോഗം ചേരുന്നതിലും വളരെ സന്തോഷവും കൃതജ്ഞതയും പ്രകാശിപ്പിക്കുന്നതായും കേരളത്തെക്കുറിച്ചും നിയമസഭയെക്കുറിച്ചും കൂടുതൽ അറിയുന്നതിന് ഈ സന്ദർശനം വളരെയധികം ഉപകാരപ്പെടുമെന്നും അഭിപ്രായപ്പെട്ട സമിതി അധ്യക്ഷൻ കേരള നിയമസഭയുടെ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ലഘുവിവരണം നൽകുകയും ചെയ്തു. " The Land of Red River and Blue Hills" എന്നറിയപ്പെടുന്ന ആസ്സാം വിസ്തൃതിയിൽ 16-ാം സ്ഥാനത്തും ജനസംഖ്യയിൽ 15-ാം സ്ഥാനത്തുമാണെന്നും തേയില, സിൽക്ക് എന്നിവയ്ക്ക് കീർത്തിയാർജ്ജിച്ച സംസ്ഥാനമാണെന്നും സമിതി അധ്യക്ഷൻ ആമുഖമായി പറഞ്ഞു.

കേരള നിയമസഭയുടെ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയ്ക്ക് ചെയർമാൻ ഉൾപ്പെടെ 11 അംഗങ്ങൾ ഉണ്ടെന്നും അവയിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയും സാംസ്കാരിക വകുപ്പ് മന്ത്രിയും എക്സ്-ഒഫീഷ്യോ അംഗങ്ങളാണെന്നും 1980-ൽ നിലവിൽ വന്ന സബ്ജക്ട് കമ്മിറ്റി പാർലമെന്ററിഭരണ പരിഷ്കാരത്തിന് കേരളം നൽകിയ ഒരു അതുല്യ സംഭാവനയാണെന്നും സമിതി ചെയർമാൻ ആസ്സാം നിയമസഭാ കമ്മിറ്റിയെ അറിയിച്ചു.

നിലവിൽ 14 സബ്ജക്ട് കമ്മിറ്റികൾ പ്രവർത്തിക്കുന്നുവെന്നും അംഗങ്ങളെ സ്പീക്കറാണ് നോമിനേറ്റ് ചെയ്യുന്നതെന്നും ബന്ധപ്പെട്ട വകുപ്പു മന്ത്രിമാരാണ് ചെയർമാൻമാരായി നിയോഗിക്കപ്പെടുന്നതെന്നും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും

സംബന്ധിച്ച ചട്ടങ്ങൾ, ഇന്റേണൽ വർക്കിംഗ് റൂൾ എന്നിവ പ്രകാരമാണ് സബ്ജക്ട് കമ്മിറ്റി പ്രവർത്തിക്കുന്നതെന്നും ധനാഭ്യർത്ഥനകൾ സൂക്ഷ്മ പരിശോധന നടത്തുക, നിയമനിർമ്മാണം സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുക, നിയമസഭയുടെ അല്ലെങ്കിൽ പാർലമെന്റിന്റെ ഒരു ആക്റ്റ് മൂലം ഏൽപ്പിച്ചുകൊടുത്ത അധികാരങ്ങളനുസരിച്ച് ഗവൺമെന്റോ മറ്റധികാരസ്ഥാനങ്ങളോ ഉണ്ടാക്കുന്ന കരട് ചട്ടങ്ങൾ പരിശോധിക്കുക തുടങ്ങിയവയാണ് സമിതിയുടെ കർത്തവ്യങ്ങളെന്നും സമിതി ചെയർമാൻ വ്യക്തമാക്കി. തുടർന്ന് യോഗത്തിൽ പങ്കെടുത്ത ആസ്സാം നിയമസഭാ കമ്മിറ്റി ചെയർമാനും മറ്റ് എം.എൽ.എ.-മാർക്കും ഒരിക്കൽക്കൂടി നന്ദി അറിയിച്ചതിനുശേഷം ചെയർമാൻ പ്രസംഗം ഉപസംഹരിക്കുകയും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ, സബ്ജക്ട് കമ്മിറ്റികൾ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ സംബന്ധിച്ച ലിസ്റ്റ്, ആഭ്യന്തര ചട്ടങ്ങൾ, അംഗങ്ങളുടെ കൈപുസ്തകം എന്നിവ ആസ്സാം നിയമസഭാ കമ്മിറ്റി അംഗങ്ങൾക്ക് സമ്മാനിക്കുകയും ചെയ്തു.

കേരള നിയമസഭയിലെ സബ്ജക്ട് കമ്മിറ്റി നിർവ്വഹിക്കുന്ന ചുമതലകൾ ആസ്സാമിൽ ഡിപ്പാർട്ട്മെന്റലി റിലേറ്റഡ് സ്റ്റാൻഡിംഗ് കമ്മിറ്റിയാണ് നിർവ്വഹിക്കുന്നതെന്നും നിലവിൽ അവിടെ 4 സ്റ്റാൻഡിംഗ് കമ്മിറ്റികളുണ്ടെന്നും കഴിഞ്ഞ വർഷങ്ങളിലെ തീരുമാനങ്ങൾ, ആക്ഷൻടേക്കൺ റിപ്പോർട്ട് എന്നിവയുടെ പരിശോധന, അടുത്ത സാമ്പത്തിക വർഷത്തിലെ ബന്ധപ്പെട്ട വകുപ്പുകളുടെ ബഡ്ജറ്റ് പ്രൊവിഷൻ പരിശോധന തുടങ്ങിയവയാണ് ഇവയുടെ പ്രധാന കർത്തവ്യങ്ങളെന്നും ഈ കമ്മിറ്റി ഏഴ് വകുപ്പുകളുടെ കാര്യങ്ങളാണ് കൈകാര്യം ചെയ്യുന്നതെന്നും ആസ്സാം നിയമസഭാ സമിതി അധ്യക്ഷൻ ഡോ. പരമാനന്ദ രാജ്ബോംഗ്ഷി വിശദീകരിക്കുകയും ആസ്സാം നിയമസഭാ കമ്മിറ്റിക്ക് കേരള നിയമസഭയിൽ നിന്ന് ലഭിച്ച ഊഷ്മളമായ സ്വീകരണത്തിന് സബ്ജക്ട് കമ്മിറ്റി ചെയർമാൻ, അംഗങ്ങൾ, സെക്രട്ടറി, മറ്റ് ഉദ്യോഗസ്ഥർ എന്നിവർക്ക് നന്ദി രേഖപ്പെടുത്തുകയും ആസ്സാം സന്ദർശിക്കാൻ എല്ലാവരേയും സ്വാഗതം ചെയ്യുകയും ചെയ്തു.

ദേശീയ തലത്തിൽ സാക്ഷരതയിൽ മിസോറാമിനൊപ്പം മുന്നിൽ നിൽക്കുന്ന കേരളം പോലുള്ള ഒരു സംസ്ഥാനം സന്ദർശിക്കാൻ കഴിഞ്ഞത് വളരെ വിശേഷ ഭാഗ്യമായി കാണുന്നതായും ഉയർന്ന സാക്ഷരതയും വിദ്യാഭ്യാസ നിലവാരവും നിമിത്തം എല്ലാ മേഖലകളിലും പുരോഗതി കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ടെന്നും നൈപുണ്യ വികസന വിദ്യാഭ്യാസത്തിലൂടെ യുവജനങ്ങൾക്കുണ്ടായ മുന്നേറ്റം മൂലം രാജ്യത്തെ ഏറ്റവും വൈദഗ്ധ്യമുള്ള വ്യക്തികളെ സൃഷ്ടിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ടെന്നും രാജ്യത്തിന്

വിദേശനാണ്യം നേടിത്തരുന്നതിൽ ഇവർക്ക് ഗണ്യമായ സ്ഥാനമുണ്ടെന്നും കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്ക് പ്രധാന പങ്ക് ഇവരുടെതാണെന്നും ആസ്സാം നിയമസഭാ സമിതി അംഗം അഭിപ്രായപ്പെട്ടു.

എത്ര മന്ത്രിമാരും അംഗങ്ങളുമാണ് ആസ്സാം നിയമസഭയിൽ ഉള്ളതെന്ന് കേരള നിയമസഭാ സെക്രട്ടറി ആരാഞ്ഞപ്പോൾ മുഖ്യമന്ത്രിയും, 14 മന്ത്രിമാരും 126 അംഗങ്ങളുമാണ് ആസ്സാം നിയമസഭയിൽ ഉള്ളതെന്നും ആകെ 25 നിയമസഭാ സമിതികളുണ്ടെന്നും ആസ്സാം നിയമസഭാ സമിതി അംഗം അറിയിച്ചു. കേരള നിയമസഭയിൽ 140 അംഗങ്ങളുണ്ടെന്നും 99 പേർ ഭരണപക്ഷത്തു നിന്നും 41 പേർ പ്രതിപക്ഷത്തു നിന്നുമാണെന്നും 14 സബ്ജക്ട് കമ്മിറ്റി ഉൾപ്പെടെ 37 നിയമസഭാ സമിതികളുണ്ടെന്നും കേരള നിയമസഭാ സെക്രട്ടറി അറിയിച്ചു.

ഏത് ക്ലാസ് മുതലാണ് കുട്ടികൾക്ക് നിർബന്ധിത കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകുന്നതെന്ന് ആസ്സാം നിയമസഭാ സമിതി അംഗം ഡോ. റഫീഖുൾ ഇസ്ലാം ആരാഞ്ഞു. 8-ാം ക്ലാസ് മുതൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകുന്നുണ്ടെന്നും ആയതിനായി പ്രത്യേക ടെസ്റ്റ് ബുക്കും ഐ.ടി. വിദ്യാഭ്യാസത്തിനായി VICTERS എന്ന പേരിൽ ടി. വി. ചാനൽ ഉണ്ടെന്നും പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ മറുപടി നൽകി. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ KITE (കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ) എന്ന പേരിൽ പ്രവർത്തിക്കുന്ന കമ്പനി, കേരള വിദ്യാഭ്യാസ സമ്പ്രദായത്തിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് നാന്ദികുറിച്ചിട്ടുണ്ടെന്നും സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് കൈറ്റിന് കീഴിൽ ഇൻഫ്രാക്ചര്‍ ഡിവിഷൻ രൂപീകരിച്ചിട്ടുണ്ടെന്നും കൈറ്റ് മുഖാന്തരം ഐ.സി.റ്റി. (ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി) ഉപകരണങ്ങൾ എല്ലാ സർക്കാർ സ്കൂളുകൾക്കും നൽകി സ്മാർട്ട് ക്ലാസ്സുകൾ രൂപീകരിച്ചിട്ടുണ്ടെന്നും പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി സ്കൂളുകളിലെ ഐ.ടി. വിദ്യാഭ്യാസത്തെ സംബന്ധിച്ച് ഒരു ലഘു വിവരണം നൽകി. കേരളത്തിലെ സ്കൂളുകളിലെ അധ്യാപക-വിദ്യാർത്ഥി അനുപാതം എങ്ങനെയാണെന്ന് ആസ്സാം സമിതിയംഗം ആരാഞ്ഞതിന് Right to Education (RTE) Act പ്രകാരം 1 മുതൽ 5 വരെ 1:30, 6 മുതൽ 8 വരെ 1:35, 9 മുതൽ 10 വരെ 1:45 എന്നിങ്ങനെയാണ് അധ്യാപക-വിദ്യാർത്ഥി അനുപാതമെന്ന് പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ മറുപടി നൽകി.

ആസ്സാമിൽ TET (Teachers Eligibility Test) പരീക്ഷ മുഖേനയാണ് അധ്യാപകരെ നിയമിക്കുന്നതെന്നും കേരളത്തിൽ അധ്യാപകരെ നിയമിക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്നും ആസ്സാം സമിതിയംഗം ആരാഞ്ഞതിന് സർക്കാർ ചട്ടമനുസരിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷനാണ് സർക്കാർ സ്കൂളുകളിൽ അധ്യാപകരെ നിയമിക്കുന്നതെന്നും ആവശ്യാനുസരണം വിദ്യാഭ്യാസ യോഗ്യതയും TET പാസ്സായവരെയുമാണ് അദ്ധ്യാപകരായി നിയമിക്കുന്നതെന്നും സർക്കാർ എയിഡഡ് സ്കൂളുകളിൽ വിദ്യാഭ്യാസ യോഗ്യതക്കനുസരിച്ച് സ്കൂൾ മാനേജർമാരാണ് അധ്യാപകരെ നിയമിക്കുന്നതെന്നും പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

ഹയർ സെക്കന്ററി സ്കൂൾ തലത്തിൽ നിന്നും വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് എത്ര തോതിലാണെന്നും വിദ്യാഭ്യാസത്തിന് ബഡ്ജറ്റിൽ വകയിരുത്തുന്ന തുക എത്രയാണെന്നും ആസ്സാം നിയമസഭാ സമിതി അംഗം ആരാഞ്ഞതിന് കേരളത്തിൽ പൊതുവേ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലെന്നും 10-ാം തരം പാസ്സായതിനു ശേഷം താൽപ്പര്യമുള്ളവർ പോളിടെക്നിക്, ഐ.ടി., ഓപ്പൺ സ്കൂൾ എന്നിവിടങ്ങളിലേയ്ക്കാണ് പോകുന്നതെന്നും ഹയർസെക്കന്ററി തലത്തിൽ തുടരുന്ന കുട്ടികൾ ഏകദേശം 86% വരുമെന്നും വ്യത്യസ്ത മേഖലകളിലൂടെയാണ് കുട്ടികൾ വിദ്യാഭ്യാസ രംഗത്ത് പ്രവേശിക്കുന്നതെന്നും സമഗ്ര ശിക്ഷാ, സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ മറുപടി നൽകി. അധ്യയന വർഷാരംഭത്തിൽ തന്നെ സ്റ്റാഫ് ഫിക്സേഷൻ നടത്താറുണ്ടെന്നും പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ അറിയിച്ചു. വിദ്യാഭ്യാസത്തിനായി ബഡ്ജറ്റിൽ ഏകദേശം 10% തുക വകയിരുത്തുന്നുവെന്നും പൊതു വിദ്യാഭ്യാസത്തിനായി ഈ വർഷം 2191 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും ഉച്ചഭക്ഷണ പദ്ധതിക്കായി കേന്ദ്ര സർക്കാരിൽ നിന്നും 829 കോടി രൂപ മാത്രമാണ് ലഭിക്കുന്നതെന്നും സമഗ്ര ശിക്ഷാ, STARS (Strengthening Teaching-Learning and Results for States) എന്നിവയാണ് മറ്റ് രണ്ട് കേന്ദ്ര സർക്കാർ പദ്ധതികളെന്നും എല്ലാ സർക്കാർ സ്കൂളുകളുടേയും അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള സർക്കാരിന് കീഴിലുള്ള KIIFB (Kerala Infrastructure Investment Fund Board) മുഖേനയാണ് ഫണ്ട് അനുവദിക്കുന്നതെന്നും പൊതു വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

വിദ്യാഭ്യാസ രംഗത്ത് വളരെ ഉന്നതിയിൽ നിൽക്കുന്ന കേരളത്തിന് എങ്ങനെയാണ് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞതെന്നും 'അതുല്യം', സാക്ഷരതാ പദ്ധതി എങ്ങനെയാണ് നടപ്പാക്കുന്നതെന്നും ആസ്സാം നിയമസഭ സമിതിയംഗം ആരാഞ്ഞു. കേരളത്തിൽ എല്ലാം ജനപങ്കാളിത്തത്തോടെയാണ് നടക്കുന്നതെന്നും പ്രവിശ്യ ഭരണ കാലത്തും തിരുവിതാംകൂർ ഭരണാധികാരികൾ സാർവത്രിക വിദ്യാഭ്യാസത്തിനായി നിയമ

നിർമ്മാണം നടത്തിയിരുന്നുവെന്നും ജനാധിപത്യ ഭരണ സംവിധാനം വന്നപ്പോഴും വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാമുഖ്യം നൽകുകയും അതോടൊപ്പം കേരളത്തിൽ ഇതിനായി സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളും ഉണ്ടായിരുന്നുവെന്നും വിദ്യാഭ്യാസത്തിൽ മാത്രമല്ല വികസനത്തിന്റെ എല്ലാ രംഗത്തും വമ്പിച്ച ജനപങ്കാളിത്തം ഉറപ്പാക്കാൻ കേരളത്തിന് കഴിഞ്ഞുവെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിൽ ഒരു നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ടെന്നും നിരക്ഷരരായ വയോജനങ്ങൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകുക എന്നതാണ് 'അതുല്യം' പദ്ധതിയുടെ ലക്ഷ്യമെന്നും നാല്, ഏഴ്, പത്ത് തലങ്ങളിലുള്ള തുല്യതാ പരീക്ഷ പാസ്സായവർ ഇപ്പോൾ സെക്കന്ററി തലത്തിലുള്ള പരീക്ഷ പാസ്സായിട്ടുണ്ടെന്നും കേരള സാക്ഷരതാ മിഷൻ സാക്ഷരതാ പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് ഡിജിറ്റൽ സാക്ഷരതയിൽ പ്രാമുഖ്യം നൽകുന്നുണ്ടെന്നും വിദൂര പ്രദേശങ്ങളിൽ നിന്നും ആദിവാസി മേഖലകളിൽ നിന്നും ഉള്ളവരാണ് ഇതിൽ കൂടുതലായി പങ്കെടുക്കുന്നതെന്നും സമഗ്ര ശിക്ഷാ പ്രോജക്ട് ഡയറക്ടർ അറിയിച്ചു.

എല്ലാ അക്കാദമിക് വർഷങ്ങളിലും പുതുതായി വരുന്ന വിദ്യാർത്ഥികൾക്കായി 'പ്രവേശനോത്സവവും' സ്റ്റേറ്റ് ജില്ലാ തലങ്ങളിൽ യൂത്ത്ഫെസ്റ്റിവലും സ്പോർട്സ് മീറ്റും ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രത്യേകമായി കലോൽസവങ്ങളും നടത്താറുണ്ടെന്നും ഏകദേശം 12000 പേർ സംസ്ഥാന യൂത്ത് ഫെസ്റ്റിവലിലും 4000 വിദ്യാർത്ഥികൾ സ്പോർട്സ് മീറ്റിലും പങ്കെടുക്കാറുണ്ടെന്നും സബ്ജക്ട്കമ്മിറ്റി അദ്ധ്യക്ഷൻ ആസ്സാം നിയമസഭാ സമിതിയെ അറിയിച്ചു.

വിദ്യാഭ്യാസ വകുപ്പിന്റെ ഭരണപരമായ പ്രവർത്തനങ്ങളെക്കുറിച്ചും, ആയതിലേയ്ക്കുള്ള ഉദ്യോഗസ്ഥ വിന്യാസത്തെകുറിച്ചും ആസാം നിയമസഭാംഗം ആരാഞ്ഞു. Director general of education (DGE) ആണ് വകുപ്പ് തലവൻ എന്നും അദ്ദേഹത്തെ സഹായിക്കുന്നതിനായി അഡീഷണൽ ഡയറക്ടേഴ്സ്, ജോയിന്റ് ഡയറക്ടേഴ്സ്, ഡെപ്യൂട്ടി ഡയറക്ടേഴ്സ്, സീനിയർ ഫിനാൻസ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ എന്നിവരടങ്ങുന്ന ഉദ്യോഗസ്ഥ നിരയുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. കൂടാതെ ബ്ലോക്ക് തലങ്ങളിൽ പ്രൈമറി സ്കൂളുകളുടെ പരിപാലനത്തിനായി Assistant Educational Officer (AEO)-മാരും, ഹൈസ്കൂളുകളുടെ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനായി District Educational Officers (DEO)-മാരും, 1 മുതൽ 10 വരെയുള്ള ക്ലാസുകളുടെ പരിപാലനത്തിനായി 14 Deputy Directors-ഉം, Vocational Higher Secondary വിഭാഗത്തിനായി 7 Assistant Directors-ഉം, Higher Secondary വിഭാഗത്തിനായി 7 Regional Deputy Directors-ഉം ആണ് നിലവിലുള്ളതെന്നും ഒരു Assistant Educational Officer-ക്ക് (AEO) കീഴിൽ ഏകദേശം 75 പ്രൈമറി സ്കൂളുകളും, District Educational Officer-ക്ക് കീഴിൽ ഏകദേശം 100 ഹൈസ്കൂളുകളും ഉണ്ടെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു.

യോഗാനന്തരം വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി ചെയർമാൻ ആസ്സാം നിയമസഭാ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും കേരള സർക്കാരിന്റേയും കേരള നിയമസഭയുടേയും പേരിലുള്ള നന്ദി അറിയിക്കുകയും സമിതിയുടെ കേരള പര്യടനത്തിന് എല്ലാ വിധ ആശംസകളും നേരുകയും തുടർന്ന് തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ ഒരുക്കിയിരുന്ന വിരുന്നിൽ പങ്കെടുക്കാൻ ക്ഷണിക്കുകയും ചെയ്തു.

കേരള നിയമസഭ സബ്ജക്ട് കമ്മിറ്റിയുടേയും ആസ്സാം നിയമസഭ സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും സംയുക്ത യോഗം ചേരുന്നതിനായുള്ള ക്രമീകരണങ്ങൾ ഒരുക്കിയതിനും ഊഷ്മളമായ സ്വീകരണത്തിനും കേരള നിയമസഭയോടുള്ള നന്ദിയും ആദരവും ആസ്സാം നിയമസഭാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ രേഖപ്പെടുത്തി.

(യോഗം ഉച്ചയ്ക്ക് 12.30-ന് അവസാനിച്ചു.)

യോഗാനന്തരം കേരള-ആസ്സാം നിയമസഭാ സമിതികളിലെ അംഗങ്ങളുടെ ഫോട്ടോ സെക്ഷൻ നടന്നു. തുടർന്ന് ആസ്സാം സന്ദർശക സംഘം നിയമസഭാ ഹാൾ സന്ദർശിക്കുകയും തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ ഒരുക്കിയിരുന്ന വിരുന്നിൽ പങ്കെടുക്കുകയും ചെയ്തു.

## 5. 17-1-2024-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2024 ജനുവരി മാസം 17-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളനഹാളിൽ സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുമായ ഡോ. ആർ. ബിന്ദുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
2) ശ്രീ. ടി. വി. ഇബ്രാഹിം
3) ശ്രീ. മുഹമ്മദ് മുഹസിൻ (വീഡിയോ കോൺഫറൻസിംഗ് മുഖേന)
4) ശ്രീ. കെ. എം. സച്ചിൻദേവ്
5) ശ്രീ. ഷാഫി പറമ്പിൽ (വീഡിയോ കോൺഫറൻസിംഗ് മുഖേന.)

നിയമസഭാ സെക്രട്ടേറിയറ്റ്

1) ശ്രീമതി ദീപ വി., ജോയിന്റ് സെക്രട്ടറി
2) ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി
3) ശ്രീ. അജിത് കുമാർ വി. ഒ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1) ശ്രീമതി റാണി ജോർജ്, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.
2) ശ്രീ. എസ്. ഷാനവാസ്, ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ്.
3) ഡോ. അബ്ദുൾ സലിം എ., ഡയറക്ടർ, ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി.
4) ശ്രീ. അനിൽകുമാർ വി. എസ്., അഡീഷണൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്
5) ശ്രീമതി അലീന തോമസ് വി., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
6) ശ്രീമതി മീനാംബിക എം. ഐ., ജോയിന്റ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.
7) ശ്രീ. രാകേഷ് എസ്. പി. അണ്ടർ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.
8) ശ്രീമതി ഷീബ ബി. കെ., സീനിയർ ഫിനാൻസ് ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്.
9) ശ്രീമതി ശരണ്യ എം. എസ്., ഫിനാൻസ് ഓഫീസർ, ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി.

I. സമിതി, താഴെപ്പറയുന്ന ആക്ടുകളിന്മേൽ കരട് ചട്ടങ്ങൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് പൊതു വിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

(1) 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ട്.

(ഫയൽ നം.1071/സബ്.സി.ഇ 1/2016/നി.സെ)

പ്രസ്തുത ആക്റ്റിന്മേൽ കരട് ചട്ടങ്ങൾ തയ്യാറാക്കി സമർപ്പിക്കുന്നതിനുണ്ടാകുന്ന കാലതാമസം സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പിനോട് സമിതി വിശദീകരണം ആരാഞ്ഞു. ഉന്നതവിദ്യാഭ്യാസ കൗൺസിൽ 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റിന്മേൽ ലഭ്യമാക്കിയ കരട് ചട്ടം സൂക്ഷ്മ പരിശോധനയ്ക്കായി നിയമ വകുപ്പിലേക്ക് അയച്ചിട്ടുണ്ടെന്നും 2023 ഡിസംബർ മാസത്തിലാണ് ഉന്നതവിദ്യാഭ്യാസ കൗൺസിലിൽ നിന്നും കരട് ചട്ടം ലഭിച്ചതെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. 2015-ലെ ആക്റ്റിന്മേൽ കരട് ചട്ടങ്ങൾ തയ്യാറാക്കി സമർപ്പിക്കുന്നതിൽ വരുത്തുന്ന കാലതാമസത്തിൽ സമിതി കടുത്ത അസംതൃപ്തി രേഖപ്പെടുത്തുകയും എത്രയും വേഗം കരടു ചട്ടങ്ങൾ തയ്യാറാക്കി ലഭ്യമാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

(2) 2021-ലെ ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ട്.

(ഫയൽ നം.8343/സബ്.സി.ഇ 1/2021/നി.സെ.)

2021-ലെ ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റിന്മേലുള്ള കരട് ചട്ടം തയ്യാറാക്കിയിട്ടുണ്ടെന്നും രണ്ട് യോഗങ്ങൾക്കൂടി ചേരേണ്ടതായുണ്ടെന്നും 2024 ഫെബ്രുവരി മാസം അവസാനത്തോടുകൂടി കരട് ചട്ടം ലഭ്യമാക്കാമെന്നും ഉന്നതവിദ്യാഭ്യാസ കൗൺസിൽ അറിയിച്ചിട്ടുള്ളതായി ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പബ്ലിക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെട്ട ചട്ടമായതിനാൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ പരിശോധന കൂടി ആവശ്യമായതിനാലാണ് കാലതാമസം നേരിട്ടതെന്ന വിവരം യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി വ്യക്തമാക്കുകയും പ്രസ്തുത കരട് ചട്ടങ്ങൾ സമിതിയുടെ പരിശോധനയ്ക്കായി അടിയന്തരമായി ലഭ്യമാക്കുന്നതിനായി വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തു.

(3) 2021-ലെ കേരള സ്വാശ്രയ കോളേജ് അധ്യാപക-അനധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ആക്ട്.

(ഫയൽ നം.21674/സബ്.സി.ഇ 1/2021/നി.സെ.)

പ്രസ്തുത ആക്റ്റിന്മേലുള്ള കരട് ചട്ടം നിയമ വകുപ്പിന്റെ സൂക്ഷ്മപരിശോധനയ്ക്കു ശേഷം 16-1-2024-ന് തിരികെ ലഭിച്ചിട്ടുണ്ടെന്നും ആയത് സമിതിയുടെ പരിഗണനയ്ക്ക്

സമർപ്പിക്കുന്നതിനായുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയ്ക്ക് ഉറപ്പ് നൽകി.

(4) 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ആക്ട്.

(ഫയൽ നം.849/സബ്.സി.ഇ 1/2022/നി.സെ.)

പ്രസ്തുത ആക്ടുമായി ബന്ധപ്പെട്ട് കരട് ചട്ടം ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, പ്രൊഫ. ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതിന്റെ ഭാഗമായാണ് 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ആക്ട് നിലവിൽ വന്നതെന്നും 2019-ൽ ഓർഡിനൻസായി ആദ്യം പ്രസിദ്ധീകരിക്കുകയും പ്രസ്തുത ഭേദഗതി ഓർഡിനൻസ് യഥാസമയം പുതുക്കുകയും അതിൻ പ്രകാരം ഭേദഗതി ചട്ടം രൂപീകരിക്കുകയും സബ്ജക്ട് കമ്മിറ്റിയ്ക്ക് സമർപ്പിച്ച് ചട്ടത്തിന് സാധൂകരണം നേടുകയും ചെയ്തിട്ടുള്ളതാണെന്നും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത നടപടികളെല്ലാം സംരക്ഷിച്ചുകൊണ്ടാണ് ആക്ട് നിലവിൽ വന്നതെന്നും ഈ സാഹചര്യത്തിൽ 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ആക്ട് അനുസരിച്ച് വീണ്ടും ചട്ടം പുറപ്പെടുവിക്കേണ്ടതില്ലെന്ന് നിയമ വകുപ്പിൽ നിന്നും ഉപദേശം ലഭിച്ചിട്ടുള്ളതും പ്രസ്തുത ഭേദഗതികൾക്ക് പരാമർശ ആക്ട് പ്രകാരം 2019 മേയ് മുതൽ പ്രാബല്യം ഉണ്ടെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

നിയമസഭ പാസ്സാക്കിയ ആക്ടുകളിന്മേൽ കരട് ചട്ടങ്ങൾ യഥാസമയം തയ്യാറാക്കി സമർപ്പിക്കുന്നതിൽ ബന്ധപ്പെട്ട വകുപ്പുകളുടെ ഭാഗത്തു നിന്നും നിരന്തരം വീഴ്ച ഉണ്ടാകുന്ന സാഹചര്യം കണക്കിലെടുത്ത് കുടിശ്ശികയായ ചട്ടങ്ങൾ സംബന്ധിച്ച വിഷയത്തിൽ പ്രത്യേക തെളിവെടുപ്പ് യോഗങ്ങൾ ചേരേണ്ടതാണെന്നും അന്തിമ നടപടി കൈക്കൊണ്ട് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്നും ബഹു. സ്പീക്കർ റൂളിംഗ് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ഈ യോഗം ചേർന്നിരിക്കുന്നതെന്നും ചട്ടങ്ങൾ നിർമ്മിച്ചാൽ മാത്രമേ ആക്ടുകൾ പൂർണ്ണ അർത്ഥത്തിൽ സാക്ഷാത്കരിക്കപ്പെടുകയുള്ളൂവെന്നും ആയതിനാൽ ചട്ട നിർമ്മാണത്തിലെ കാലവിളംബം ഒഴിവാക്കാനായി ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും സത്വര നടപടിയുണ്ടാകണമെന്നും സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

**II. ശ്രദ്ധയിൽപ്പെടുത്തിയ ഫയൽ**

The Kerala Higher Secondary Education Subordinate Service (Amendment) Rules, 2023

(ഫയൽ നം.5047/സബ്.സി.ഇ 1/2019/നി.സെ.)

പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും സമിതിയുടെ പരിഗണനയ്ക്കായി ലഭ്യമാക്കിയതും 7-6-2023-ലെ സമിതി യോഗം പരിഗണിച്ച് അംഗീകരിച്ചതുമായ The Kerala Higher Secondary Education Subordinate Service (Amendment) Rules, 2023 സംബന്ധിച്ച കരട് ചട്ടത്തിൽ ഹൈസ്കൂൾ ടീച്ചർ, യു.പി. സ്കൂൾ ടീച്ചർ, എൽ.പി. സ്കൂൾ ടീച്ചർ എന്നുള്ളത് ചട്ടം വിജ്ഞാപനം ചെയ്തതിൽ (SRO- No:735/2023) ഹൈസ്കൂൾ അസിസ്റ്റന്റ്, യു.പി. സ്കൂൾ അസിസ്റ്റന്റ്, എൽ.പി. സ്കൂൾ അസിസ്റ്റന്റ് എന്നിങ്ങനെ മാറ്റം വരുത്താനുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദീകരണം വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നതിന്മേൽ വകുപ്പിൽ നിന്നും ലഭിച്ച മറുപടി യോഗത്തിൽ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി.പ്രസ്തുത വിഷയത്തെ സംബന്ധിച്ച് സമിതി പൊതുവിദ്യാഭ്യാസ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് വിശദീകരണം ആരാഞ്ഞതിന്, അധ്യാപക തസ്തികയുടെ പേരുകൾ ഹൈസ്കൂൾ ടീച്ചർ, യു.പി. സ്കൂൾ ടീച്ചർ, എൽ.പി. സ്കൂൾ ടീച്ചർ എന്നാക്കി മാറ്റി സർക്കാർ 21-3-2018-ൽ സ.ഉ.(പി) 8/2018/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ടെന്നും എന്നാൽ അപ്രകാരമുള്ള ഭേദഗതി കെ.ഇ.ആർ.-ൽ നാളിതുവരെ വരുത്തിയിട്ടി ല്ലായെന്നും ആയതിനാലാണ് നിയമ വകുപ്പ് അഭിപ്രായപ്പെട്ടത് പ്രകാരം അധ്യാപക തസ്തികകളുടെ പേരുകളിൽ ഇപ്രകാരം മാറ്റം വരുത്താൻ ഇടയായതെന്നും റൂൾസിൽ ജനറൽ ഭേദഗതി വരുത്തുമ്പോൾ ടീച്ചർ (എച്ച്.എസ്.ടി., യു.പി.എസ്.ടി., എൽ.പി.എസ്.ടി.) എന്ന മാറ്റം വരുത്തുന്നതാണെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഇന്റഗ്രേഷൻ വരുന്നതിനാൽ വിവിധ തസ്തികകളുടെ സ്ഥാനപേരുകളിൽ മാറ്റം വരുന്നുണ്ടെന്നും കെ.ഇ.ആർ. പരിഷ്കരണത്തിന് ഒരു കമ്മിറ്റി രൂപീകരിച്ച് ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നതായ വിവരവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വ്യക്തമാക്കി. തുടർന്ന് സമിതി ടി വിഷയത്തിൽ വകുപ്പ് നൽകിയ വിശദീകരണം അംഗീകരിക്കാൻ തീരുമാനിച്ചു.

## III. നിയമസഭാ ചട്ടം 235 (എ) പ്രകാരമുള്ള ചർച്ച

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം സർക്കാർ സ്കൂളുകളിലെ ഉച്ചഭക്ഷണം/ യൂണിഫോം പദ്ധതികൾ സംബന്ധിച്ച വിഷയത്തിൽ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്താൻ നിശ്ചയിച്ചിരുന്ന ചർച്ച ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ മറ്റൊരു യോഗത്തിൽ പരിഗണിക്കുന്നതിനായി മാറ്റിവച്ചു.

യോഗം ഉച്ചയ്ക്ക് 12.00 മണിക്ക് പിരിഞ്ഞു.

## 6. 21-2-2024-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2024 ഫെബ്രുവരി 21-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്- ഒഫീഷ്യോ അംഗമായ ബഹു. ഉന്നത വിദ്യാഭ്യാസ സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദുവും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ.ടി. വി. ഇബ്രാഹിം
2. ശ്രീ. കെ.എം. സച്ചിൻദേവ്
3. ശ്രീ. ടി. ഐ. മധുസൂദനൻ
4. ശ്രീ. എം. വിജിൻ
5. ശ്രീ. മുഹമ്മദ് മുഹസിൻ (വീഡിയോ കോൺഫറൻസിംഗ്)
6. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ( ” )

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ.ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി.
2. ശ്രീ. അജിത് കുമാർ വി.ഒ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീമതി ഇഷിത റോയ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.
2. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്.
3. ശ്രീമതി ഷൈനി ജോർജ്ജ്, സ്പെഷ്യൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
4. ശ്രീ. സജീവ് കുമാർ എൽ. ആർ., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
5. ശ്രീമതി പ്രീത എസ്.നായർ, അഡീഷണൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.
6. ശ്രീമതി സിന്ധു പി. കെ., അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.
7. ശ്രീ. ഷാനവാസ് എസ്., ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്.

8. ശ്രീ. രാജേഷ് ജി. ആർ., ജോയിന്റ് സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്.

9. ശ്രീമതി പ്രീതി ലിയോനോൾഡ്, ഡെപ്യൂട്ടി സെക്രട്ടറി, അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്)

10. ശ്രീമതി സുമി അഗസ്റ്റിൻ, ഡയറക്ടർ(ഫിനാൻസ്), എ.പി.ജെ. അബ്ദുൾ കലാം ടെക്നിക്കൽ യൂണിവേഴ്സിറ്റി.

11. ശ്രീമതി മായ എൻ., ഡയറക്ടർ, സാംസ്കാരികകാര്യ വകുപ്പ്.

12. ശ്രീ. കെ സുധീർ, ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് കൊളീജിയറ്റ് എഡ്യൂക്കേഷൻ.

13. ശ്രീ. പള്ളിയറ ശ്രീധരൻ, ഡയറക്ടർ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്.

14. ശ്രീ. മുരുകൻ കാട്ടാക്കട, ഡയറക്ടർ, മലയാളം മിഷൻ.

15. ഡോ. മ്യൂസ് മേരി ജോർജ്ജ്, ഡയറക്ടർ ആൻഡ് മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്.

16. ഡോ. സുനിൽ വി. റ്റി., ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആൻഡ് ട്രെയിനിംഗ്.

17. ഡോ. ജയപ്രകാശ് ആർ. കെ., ഡയറക്ടർ, സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് (SCERT).

18. ഡോ. എം. അബ്ദുൾ റഹ്മാൻ, ഡയറക്ടർ, എൽ. ബി. എസ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി, തിരുവനന്തപുരം.

19. ഡോ. വി. എ. അരുൺ കുമാർ, ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൺ റിസോഴ്സ് ഡെവലപ്മെന്റ്, തിരുവനന്തപുരം.

20 ഡോ. പി. സുരേഷ് കുമാർ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗ്.

21. ഡോ. സുപ്രിയ എ. ആർ., സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷാ കേരള.

22. ഡോ. രാജൻ വർഗ്ഗീസ്, മെമ്പർ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ കൗൺസിൽ.

23. ശ്രീമതി സ്വാതി അജയ്, പ്രോഗ്രാം മാനേജർ, അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്).

24. ഡോ. രാജശ്രീ എം.എസ്., ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ.

25. ശ്രീ. പി. ആർ. ജിജോയ്, ഡയറക്ടർ, കെ. ആർ നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്സ്.

26. ശ്രീ. എ.പ്രവീൺ, രജിസ്ട്രാർ, എ.പി.ജെ. അബ്ദുൾ കലാം ടെക്നിക്കൽ യൂണിവേഴ്സിറ്റി.

27. ശ്രീമതി ഷിബി ആർ.കെ., രജിസ്ട്രാർ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ്.

28. ഡോ. ഡിമ്പി വി. ദിവാകരൻ, രജിസ്ട്രാർ, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി.

29. പ്രൊഫ. കെ. എസ്. അനിൽകുമാർ, രജിസ്ട്രാർ ,കേരള സർവ്വകലാശാല.

30. ഡോ. ലീന അക്ക മാത്യു, രജിസ്ട്രാർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്.

31. ശ്രീമതി വനജ പി. എസ്., രജിസ്ട്രാർ, ഉന്നതവിദ്യാഭ്യാസ കൗൺസിൽ.

32. ശ്രീ. സുരേഷ് കുമാർ എസ്., രജിസ്ട്രാർ, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്.

33. ഡോ. കെ. എം. ഭരതൻ, രജിസ്ട്രാർ, മലയാള സർവ്വകലാശാല.

34. ശ്രീ.ഡോ. ഉണ്ണികൃഷ്ണൻ പി., രജിസ്ട്രാർ, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വലകലാശാല, കാലടി.

35. ശ്രീ. വിദ്യുത് കെ. എസ്., പ്രിൻസിപ്പാൾ, ഗവ. ലാ കോളേജ്, കോഴിക്കോട്.

36. ഡോ. ബിന്ദു എം.നമ്പ്യാർ, പ്രിൻസിപ്പാൾ, ഗവ. ലാ കോളേജ്, എറണാകുളം.

37. ശ്രീ. എൻ. ജയകൃഷ്ണൻ, അസിസ്റ്റന്റ് ഡയറക്ടർ, കേരള സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

38. ശ്രീ. അൻവർ സാദത്ത് കെ., ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇൻഫ്രാസ്ട്രച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ.

39. ശ്രീമതി സുനിത ഐ.,അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

40. ശ്രീ. ബാലഗോപാൽ കെ. കെ., അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള.

41. ശ്രീ. സുരേഷ് ബാബു എ., അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആൻഡ് ട്രെയിനിംഗ്.

42. ശ്രീ. മനോജ് ബാബു, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗ്.

43. ഡോ. മീനാകുമാരി എസ്., അസോസിയേറ്റ് പ്രൊഫസർ, ഗവൺമെന്റ് ലാ കോളേജ്, തിരുവനന്തപുരം.

44. ശ്രീ. ആർ. മഹാദേവൻ, ഫിനാൻസ് ഓഫീസർ, കേരള സർവ്വകലാശാല.

45. ശ്രീ. ശിവപ്പ പി., ഫിനാൻസ് ഓഫീസർ, കണ്ണൂർ സർവ്വകലാശാല.

46. ശ്രീ. ബിജു ജോർജ്ജ് കെ., ഫിനാൻസ് ഓഫീസർ, കാലിക്കറ്റ് സർവ്വകലാശാല.

47. ശ്രീ. എബ്രഹാം മാത്യു, സെക്രട്ടറി, കേരള സ്റ്റേറ്റ് ബുക്ക്മാർക്ക്.

48. ശ്രീ. സജീവ് കുമാർ എൽ. ആർ., ഫിനാൻസ് ഓഫീസർ, എൽ. ബി. എസ്.സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി.

49. ശ്രീ. അരുൺകുമാർ, ഫിനാൻസ് ഓഫീസർ,നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്.

50. ശ്രീമതി മാരിയറ്റ് തോമസ്, ഫിനാൻസ് ഓഫീസർ, മലയാള സർവ്വകലാശാല.

സമിതി 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച് ധനാഭ്യർത്ഥന നം. XVII-ന്റെ കീഴിൽ വരുന്ന പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, ആസൂത്രണ സാമ്പത്തികകാര്യം, സാംസ്കാരിക കാര്യം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 2202, 2203 ശീർഷകങ്ങൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

## പൊതുവിദ്യാഭ്യാസ വകുപ്പ്

2202-01-101-75—<u>അടിസ്ഥാനസൗകര്യങ്ങളുടെസുസ്ഥിരതയ്ക്കുവേണ്ടിയുള്ള അടിയന്തിര സഹായം</u>

അടിസ്ഥാന സൗകര്യങ്ങളുടെ സുസ്ഥിരതയ്ക്കു വേണ്ടിയുള്ള അടിയന്തര സഹായത്തിനുള്ള ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 2 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-102-99-01-4—ഗവൺമെന്റേതരപ്രൈമറി സ്കൂളുകൾക്കുള്ള ധനസഹായം- ടീച്ചിംഗ് ഗ്രാന്റ് - ശമ്പളം - മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

5849 എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ അധ്യാപകരുൾപ്പെടെ 66006 ജീവനക്കാരുടെ മുൻവർഷങ്ങളിലെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തുക നൽകുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 3 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-102-95—ഗവൺമെന്റ് /എയ്ഡഡ് സ്കൂളുകളിൽ യൂണിഫോം വിതരണം

പത്ത് ലക്ഷത്തോളം കുട്ടികൾക്ക് രണ്ട് ജോഡി കൈത്തറി യൂണിഫോം നൽകുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 45 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-102-93—പി.ടി.എ.നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കുമുള്ള സഹായം

02-4—വേതനം - കൺസോളിഡേറ്റഡ് പേ

പി.ടി.എ. യുടെ നിയന്ത്രണത്തിലുള്ള 1773 സ്കൂളുകളിലെ 1948 പ്രീ-പ്രൈമറി അധ്യാപികമാർക്കും 758 ആയമാർക്കും അനുവദിച്ചിട്ടുള്ള ഓണറേറിയം നൽകുന്നതിന് ബജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-104-99—പരിശോധന

സംസ്ഥാനത്തെ 163 എ.ഇ.ഒ. ഓഫീസുകളിലെ മുൻ വർഷങ്ങളിലെ വെള്ളക്കരം, വൈദ്യുതി ചെലവ്, വാടകയിനത്തിലുള്ള കുടിശ്ശിക ഉൾപ്പെടെയുള്ള ചെലവുകൾക്ക് ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുകകൾ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പദ്ധതിയേതരയിനത്തിൽ 85 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-111-96 —സമഗ്രശിക്ഷ കേരള പ്രോജക്ട് ഡയറക്ടറേറ്റ്

02—സംസ്ഥാന വിഹിതം

കേന്ദ്ര വിഹിതമായ 60 ശതമാനത്തിന് ആനുപാതികമായ 40 ശതമാനം സംസ്ഥാന വിഹിതം വകയിരുത്തിയാൽ മാത്രമേ കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കുകയുള്ളൂ എന്നതിനാൽ ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 285 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

03 —<u>സമഗ്ര ശിക്ഷ കേരളയ്ക്ക് സംസ്ഥാനത്തിന്റെ അധിക സഹായം</u>

സമഗ്രശിക്ഷാ കേരളം സ്റ്റേറ്റ് ഓഫീസിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ശമ്പള ഇനത്തിലുമായി അധികം തുക വേണ്ടി വരുന്നതിനാൽ പദ്ധതിയിനത്തിൽ 5.96 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

04—<u>സംസ്ഥാന സർക്കാർ മുൻകൂറായി നൽകിയ തദ്ദേശസ്വയംഭരണ വിഹിതം</u>

സമഗ്രശിക്ഷാ കേരളം - കേന്ദ്രാവിഷ്കൃത പദ്ധതിയുടെ സംസ്ഥാന വിഹിതത്തിന്റെ 74% തുക എലിമെന്ററി എജ്യൂക്കേഷൻ എന്ന ഘടകത്തിനായതിനാൽ ഈ തുക ബജറ്റിൽ ഉൾപ്പെടുത്തിയാൽ മാത്രമേ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ആദ്യ ഗഡു തുക അനുവദിക്കുകയുള്ളൂ എന്നതിനാൽ പദ്ധതിയിനത്തിൽ 244.2 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-111-95—<u>അദ്ധ്യാപനം ശക്തിപ്പെടുത്തൽ -സംസ്ഥാനങ്ങൾക്കുള്ള പഠനവും ഫലങ്ങളും(സ്റ്റാർസ്) (സമഗ്ര ശിക്ഷ കേരള മുഖാന്തിര നടപ്പാക്കൽ - (60% സി.എസ്.എസ്.)</u>

(01)—<u>കേന്ദ്ര വിഹിതം</u>

2024-25 വർഷം 500 കോടി രൂപയുടെ അനുമതി പ്രതീക്ഷിക്കുന്നതിനാൽ നിലവിലെ ബജറ്റ് വിഹിതത്തിന് പുറമേ പദ്ധതിയിനത്തിൽ 285 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

(02)—സംസ്ഥാന വിഹിതം

അദ്ധ്യാപനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2024-25 വർഷം 500 കോടി രൂപയുടെ അനുമതി പ്രതീക്ഷിക്കുന്നതിനാൽ പദ്ധതിയിനത്തിൽ 19 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-191-50—കോർപ്പറേഷനുകൾക്കുള്ള സഹായം -റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

കോർപ്പറേഷൻ മുഖാന്തിരം പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് കുടിശ്ശിക തുക വിതരണം ചെയ്യുന്നതിനായി ബജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 83.33 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-192-50—മുനിസിപ്പാലിറ്റികൾക്കുള്ള സഹായം -റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

മുൻസിപ്പാലിറ്റി മുഖാന്തിരം പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിനായി ബജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 2.5399 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-196-50—ജില്ലാ പഞ്ചായത്തുകൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

ജില്ലാ പഞ്ചായത്ത് മുഖാന്തിരം പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് കുടിശ്ശിക തുക ഉൾപ്പെടെ വിതരണം ചെയ്യുന്നതിനായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2.9362 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-198-50—വില്ലേജ് പഞ്ചായത്തുകൾക്കുള്ള സഹായം -റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

ഗ്രാമപഞ്ചായത്ത് മുഖാന്തിരം പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് തുക കുടിശ്ശിക ഉൾപ്പടെ വിതരണം ചെയ്യുന്നതിനായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 11.16835 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-01-800-77—മഹിളാ സമഖ്യ പ്രോഗ്രാം

പെൺകുട്ടികൾ താമസിച്ച് പഠിച്ച് വരുന്ന 8 മഹിള ശിക്ഷൺ കേന്ദ്രങ്ങളുടെയും 6 ജില്ലാ നിർവ്വഹണ യൂണിറ്റുകളുടെയും സ്റ്റേറ്റ് പ്രോജക്ട് ഓഫീസിന്റെയും ചെലവുകളും മഹിള സമഖ്യ സൊസൈറ്റിയുടെ ഫീൽഡ്തല പ്രവർത്തനങ്ങൾക്കുമായി ബജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 4.68 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പലകാരണങ്ങളാലും സ്വന്തം വീടുകളിൽ താമസിക്കാൻ കഴിയാത്ത പെൺകുട്ടികളെ സംരക്ഷിക്കുകയും പഠിപ്പിക്കുകയും വിവാഹം നടത്തുകയും ജോലി നേടുന്നതുവരെ അവർക്കാവശ്യമായ പിന്തുണ നൽകുകയുമാണ് മഹിളാ സമഖ്യ സൊസൈറ്റി ചെയ്യുന്നതെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ സമിതിയെ അറിയിച്ചു.

2202-02-001-99—ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ

ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷന് വൈദ്യുതി ചെലവ്, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, മറ്റിനങ്ങൾ എന്നീ കണക്കിനങ്ങളിലായി വകയിരുത്തിയിട്ടുള്ള തുകകൾ അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-001-98—മുഖ്യ ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ -(വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ)

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, വെള്ളക്കരം, വൈദ്യുതി ചെലവ്, മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികളും സംരക്ഷണവും, പി.ഒ.എൽ. എന്നീ കണക്കിനങ്ങളിലായി അനുവദിച്ച ബജറ്റ് വിഹിതം നിലവിലെ കുടിശ്ശിക തുക നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്ക് പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ആകെ 30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-001-95—വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ

34-3—മറ്റു ചെലവുകൾ- മറ്റിനം

വിദ്യാർത്ഥികൾക്കു നിർബന്ധമായും ലഭ്യമാക്കേണ്ട പാഠ്യ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനു വേണ്ടി പദ്ധതിയിനത്തിൽ ബജറ്റിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ 1.20 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2022 മാർച്ച് മുതലുള്ള പൊതുപരീക്ഷകൾ നടത്തിയതിന് 389 സ്കൂളുകൾക്ക് തുക അനുവദിക്കുന്നതിനും, ആയതുമായി ബന്ധപ്പെട്ട മൂല്യ നിർണ്ണയ ക്യാമ്പുകൾക്കുള്ള ഫണ്ട് അനുവദിക്കുന്നതിനുമായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പദ്ധതിയേതരയിനത്തിൽ 5 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വൊക്കേഷണൽ ഹയർസെക്കണ്ടറിയിലെ വിദ്യാർത്ഥികൾക്ക് ചെറിയ വരുമാനം കൂടി ലഭിക്കുന്ന രീതിയിൽ അവർക്ക് ടൂറിസം പ്രമോഷൻ സെന്ററുകളുടെ ഫ്രണ്ട് ഓഫീസിലും മറ്റും ഗൈഡുമാരായി പ്രവർത്തിക്കുന്നതിന് അവസരം നൽകുക എന്ന ലക്ഷ്യത്തോടെ ടൂറിസം വകുപ്പുമായി ചേർന്ന് പദ്ധതി തയ്യാറാക്കുന്നുണ്ടെന്നും, ഭാവിയിൽ ഏറ്റവും കൂടുതൽ ആവശ്യക്കാരുണ്ടാകാൻ സാധ്യതയുള്ള മേഖലയാണ് ഹയർസെക്കണ്ടറി എന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ സമിതിയെ അറിയിച്ചു.

2202-02-101-99—പരിശോധന - ജില്ലാ വിദ്യാഭ്യാസഓഫീസുകൾ

മേൽ ശീർഷകത്തിൻ കീഴിൽ വിവിധ ഓഫീസുകളുടെ മുൻവർഷങ്ങളിലെ മെഡിക്കൽ - റീഇംബേഴ്സ്മെന്റ്, വെള്ളക്കരം, വൈദ്യുതി ചെലവ്, വാടക, കരം, നികുതി എന്നിവ നൽകുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 65 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-105-95—അദ്ധ്യാപക പരിശീലനം - ഫാക്കൽറ്റിവികസനം ഉൾപ്പെടെയുള്ള അക്കാദമിക് പ്രോഗ്രാം മെച്ചപ്പെടുത്തൽ

ഹയർ സെക്കണ്ടറി അദ്ധ്യാപക പരിവർത്തന പരിപാടി, ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ ഗവേഷണ പരിപാടി, അക്കാദമിക് മോണിറ്ററിംഗ്, ട്രൈബൽ വിദ്യാർത്ഥികൾക്കുള്ള അക്കാദമിക ശാക്തീകരണം എന്നിവ നടപ്പിലാക്കാൻ ബജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ 6 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-106-99—പാഠപുസ്തകങ്ങൾ - പാഠ പുസ്തക പ്രസിദ്ധീകരണം

പാഠപുസ്തക ഓഫീസുകലിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം, അലവൻസ്, വേതനം, യാത്രാ ചെലവ്, അവധിയാത്രാനുകൂല്യം, മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, ഓഫീസ് ചെലവ്, വാടക, കരം, നികുതി മറ്റ് മരാമത്ത് പണികൾ എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ചിരുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 54.1325 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-107-95—സൈനിക സ്കൂളുകൾക്കുള്ള സ്കോളർഷിപ്പ്

12—സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും

സൈനിക സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വാർഷിക സ്കോളർഷിപ്പും യൂണിഫോം അലവൻസും ഭക്ഷണത്തിനുമായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ പദ്ധതിയേതരയിനത്തിൽ 3.3499375 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-108-99—പരീക്ഷകൾ - പരീക്ഷാ വിഭാഗം

പരീക്ഷാ വിഭാഗത്തിൽ ജോലി ചെയ്യുന്ന 131 ഉദ്യോഗസ്ഥരുടെ ശമ്പളം, വേതനം, യാത്രാചെലവ്, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, പരീക്ഷയുമായി ബന്ധപ്പെട്ട് ഓഫീസ് ചെലവ്, രഹസ്യ സേവന ചെലവ്, വൈദ്യുതി ചെലവ് എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ല. ആയതിനാൽ 35.9243 കോടി രൂപ പദ്ധതിയേതരയിനത്തിൽ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

17—ചെറുകിട മരാമത്ത് പണികൾ

ചെറുകിട മരാമത്ത് പണികൾക്കായി ഇതു സംബന്ധിച്ച ശീർഷകം ഉൾപ്പെടുത്തി തുകയൊന്നും വകയിരുത്തി കാണുന്നില്ല. ആയതിനാൽ 17 - ചെറുകിട മരാമത്ത് പണികൾ എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി 1 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-109-99—സെക്കണ്ടറി സ്കൂളുകൾ

സംസ്ഥാനത്തെ ഗവൺമെന്റ് സെക്കണ്ടറി സ്കൂളുകളിലെ ജീവനക്കാരുടെ ശമ്പളം, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, റ്റി.എ., അവധി യാത്രാനുകൂല്യം, മറ്റ് അലവൻസുകൾ എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 80 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-109-75—സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം

മാത്സ് ലാബിലേയ്ക്ക് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനും, ഷിഫ്റ്റ് ചെയ്ത ബാച്ചുകളിലെ സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും സർക്കാർ ഹയർ സെക്കണ്ടറി

സ്കൂളുകൾക്ക് ലാബ് ആർട്ടിക്കിൾസ് ഫർണിച്ചർ എന്നിവ വാങ്ങുന്നതിനും ബജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 81.80 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-109-74—<u>ഹയർ സെക്കണ്ടറി വിദ്യാഭ്യാസം -വിദ്യാർത്ഥി കേന്ദ്രീകൃത പരിപാടി</u>

ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിന് ബജറ്റിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ 1.05 കോടി രൂപ പദ്ധതിയിനത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-109-71—<u>അക്കാദമിക് എക്സലൻസ്</u>

സ്കൂൾ തലത്തിൽ വിദ്യാഭ്യാസ മികവ് ഉറപ്പ് വരുത്തുന്നതിനും അധ്യാപക പരിശീലനം നൽകുന്നവർക്ക് പരിശീലനം നൽകുന്നതിനും പാർശ്വവത്ക്കരിക്കപ്പെട്ടതും പിന്നോക്കാവസ്ഥയിലുള്ളതുമായ വിഭാഗങ്ങളിൽ നിന്നുള്ള കുട്ടികളുടെ വിദ്യാഭ്യാസ ഗുണനിലവാരവും അക്കാദമിക് മെച്ചപ്പെടുത്തലും ഉറപ്പാക്കുന്നതിനും അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 7.6438 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-109-70—<u>സ്കൂൾ വിദ്യാഭ്യാസം - വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങൾ</u>

ഗവൺമെന്റ് പ്രീപ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗിനും സംസ്ഥാന കായിക മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികളുടെ ഡി.എ. വർദ്ധിപ്പിക്കുന്നതിനും പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ സ്പോർട്സ് കോംപ്ലക്സിന്റെ നിർമ്മാണത്തിനും അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 10.6552 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-109-61—<u>പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിനുള്ള സഹായം</u>

കോവിഡ് 19-ന്റെ വ്യാപന സാഹചര്യത്തിൽ ജില്ലാ/ഉപജില്ലാ സ്പോർട്സ് മീറ്റുകൾ, സംസ്ഥാന ചാമ്പ്യൻഷിപ്പുകൾ, ദേശീയ ചാമ്പ്യൻഷിപ്പിലെ പങ്കാളിത്തം എന്നിവയ്ക്കായി 2022-23 വർഷം അനുവദിച്ച തുക പര്യാപ്തമല്ലാതിരുന്നതിനാൽ മറ്റ്

ഫണ്ടിൽ നിന്നും കടമെടുത്ത തുക തിരികെ നല്കാനായുണ്ട്. ആയതിനാൽ പദ്ധതിയിനത്തിൽ 10.78 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-191-50—മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

സെക്കണ്ടറി സ്കൂളുകളിലെ സ്കോളർഷിപ്പ് തുക കുടിശ്ശിക ഉൾപ്പടെ വിതരണം ചെയ്യുന്നതിനായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 83.33 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-192-50—മുനിസിപ്പാലിറ്റികൾക്കുള്ള സഹായം -റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

സെക്കണ്ടറി സ്കൂളുകളിലെ സ്കോളർഷിപ്പ് തുക കുടിശ്ശിക ഉൾപ്പടെ വിതരണം ചെയ്യുന്നതിനായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 2.27815 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-196-50—ജില്ലാ പഞ്ചായത്തുകൾക്കുള്ള സഹായം -റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റുകൾ

സെക്കണ്ടറി സ്കൂളുകളിലെ സ്കോളർഷിപ്പ് വിതരണത്തിനായും ഗ്രാമപ്രദേശങ്ങളിലെ സമർത്ഥരായ കുട്ടികൾക്ക് സെക്കണ്ടറി വിഭാഗത്തിൽ ദേശീയ സ്കോളർഷിപ്പ് നൽകുന്നതിനായും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 90.4715 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

അതിദാരിദ്ര്യ കുടുംബങ്ങളിലെ കുട്ടികളെ കണ്ടെത്തി അവരുടെ സമഗ്രപുരോഗതിക്കും, 2025-ഓടുകൂടി കേരളത്തിൽ അതിദാരിദ്ര്യ കുടുംബങ്ങൾ ഇല്ലാതാക്കുകയെന്ന ലക്ഷ്യം മുൻ നിർത്തിയും ഒരു പ്രോജക്ട് തയ്യാറാക്കുന്നതിന് എല്ലാ അനുബന്ധ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിരുന്നെന്നും നിലവിൽ 8-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് പ്രഭാത ഭക്ഷണവും പഠനസാമഗ്രികളും സൗജന്യമായി നൽകുന്നുണ്ടെന്നും ഇതേ രീതിയിൽ അതിദാരിദ്ര്യ കുടുംബങ്ങളിലെ 12-ാം ക്ലാസ് വരെയുള്ള കുട്ടികൾക്കും പ്രസ്തുത സൗകര്യങ്ങളും,യൂണിഫോമും

സൗജന്യമായി നൽകി വാഹനസൗകര്യവും ഏർപ്പെടുത്തി കൂടുതൽ അധ്യാപകരെ നിയമിച്ച് അവരെ പഠിപ്പിച്ച് വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിലേയ്ക്കായി പ്രസ്തുത ശീർഷകത്തിൽ അധികതുക അനുവദിക്കണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ സമിതിയെ അറിയിച്ചു.

2202-02-800-78 —<u>കഴക്കൂട്ടം സൈനിക സ്കൂളിനുള്ള സ്പെഷ്യൽ ഗ്രാന്റ്</u>

സൈനിക സ്കൂൾ ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനദ്ധ്യാപകരുടെ ശമ്പളവും ഒഴികെയുള്ളവ സംസ്ഥാന സർക്കാർ വഹിക്കണമെന്ന് ധാരണാ പത്രത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതായി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 11.2938658 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-02-800-47—<u>ഐ.ടി @ സ്കൂൾ പദ്ധതി (കൈറ്റ്)</u>

മുൻ വർഷങ്ങളിൽ സ്കൂളുകളിൽ ലഭ്യമാക്കിയ ഐ.സി.ടി. ഉപകരണങ്ങളുടെ 5 വർഷത്തെ വാറണ്ടി തീർന്നതിനാൽ ഇവയുടെ വാർഷിക പരിപാലന ചെലവുകൾ നിർവ്വഹിക്കുന്നതിലേയ്ക്കായി പദ്ധതിയിനത്തിൽ 3 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-80-004-91-36—<u>സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.റ്റി.) - സഹായധനം - ശമ്പളേതരം</u>

പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി പ്രീ സ്കൂൾ വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, അദ്ധ്യാപക വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസം തുടങ്ങിയ നാല് പാഠ്യ പദ്ധതി തയ്യാറാക്കൽ, ടീച്ചർ ടെക്സ്റ്റുകൾ, ഡിജിറ്റൽ പാഠ പുസ്തകങ്ങൾ, രക്ഷകർത്താക്കൾക്കുള്ള കൈപുസ്തകം, ദേശീയ അന്തർദേശീയ വിദഗ്ധർ പങ്കെടുക്കുന്ന ശില്പശാലകൾ സംഘടിപ്പിക്കൽ എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 5 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-80-004-91-31—<u>സഹായധനം - ശമ്പളേതരം</u>

എസ്.സി.ഇ.ആർ.റ്റി.-യുടെ തനത് ഫണ്ട് കമ്മി ആയതിനാൽ ജീവനക്കാരുടെ 2024-25 വർഷത്തെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി പദ്ധതിയേതരയിനത്തിൽ 9 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-01-201-92—പ്രാഥമിക വിദ്യാഭ്യാസം - ഓട്ടിസം പാർക്കിന്റെ അടിസ്ഥാന സൗകര്യം

ഓട്ടിസം ബാധിച്ച കുട്ടികൾക്കായുള്ള പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ, കെട്ടിടം ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ, ഫർണ്ണിച്ചറുകൾ, മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്കായി അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 1.60 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-01-201-91—സ്കൂൾ അടിസ്ഥാന സൗകര്യങ്ങളുടെ ഉപജീവനത്തിനുള്ള ആകസ്മിക സഹായം

സംസ്ഥാനത്തെ സ്കൂൾ അടിസ്ഥാന സൗകര്യങ്ങളുടെ ഉപജീവനത്തിനുള്ള ആകസ്മിക സഹായത്തിനായി അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 2.50 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-01-202-93—അടിസ്ഥാന സൗകര്യം - സ്കൂൾ വിദ്യാഭ്യാസം

സ്കൂളുകളുടെ അടിസ്ഥാന സൗകര്യത്തിനായും സംസ്ഥാനത്തെ സ്കൂളുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനും അധികമായി തുക ആവശ്യമായതിനാൽ പദ്ധതിയിനത്തിൽ 50 കോടി രൂപ കൂടി ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-01-202-77 —സ്കൂൾ വിദ്യാഭ്യാസം - അടിസ്ഥാന സൗകര്യങ്ങൾ

സ്കൂൾ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള മരാമത്ത് പണികൾക്കായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 10 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ഉന്നതവിദ്യാഭ്യാസ വകുപ്പ്**

2202-03-102-99—കേരള സർവ്വകലാശാല

31—സഹായധനം - ശമ്പളം

ശമ്പളം, പെൻഷൻ, അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനം, ശമ്പള പരിഷ്കരണ കുടിശ്ശിക, യു.ജി.സി. കുടിശ്ശിക, പെൻഷൻകാർക്കുള്ള ക്ഷാമബത്ത

കുടിശ്ശിക എന്നിവ നല്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 113.58 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-102-98—കോഴിക്കോട് സർവ്വകലാശാല

യു.ജി.സി. ശമ്പള പരിഷ്കരണ പ്രകാരവും, സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണ പ്രകാരവുമുള്ള ശമ്പളം, ശമ്പള കുടിശ്ശിക, പെൻഷൻ ആനുകൂല്യങ്ങൾ, ദിവസവേതന/കരാർ ജീവനക്കാരുടെ പരിഷ്കരിച്ച വേതനം എന്നീ ചെലവുകൾക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 72.2580 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സർവ്വകലാശാല പരീക്ഷാ നടത്തിപ്പുകൾക്കും അക്കാദമിക് പ്രവർത്തനങ്ങൾക്കും മറ്റ് ദൈനംദിന ആവശ്യങ്ങൾക്കുമായി മാറ്റിവച്ച സർവ്വകലാശാലയുടെ തനത് ഫണ്ടിലെ തുക തിരിച്ചടയ്ക്കുന്നതിനും, നവീകരണ/വികസന/ഭരണ/അക്കാദമിക പ്രവർത്തനങ്ങളിലൂന്നിയുള്ള പദ്ധതികൾ പ്രാബല്യത്തിൽ കൊണ്ടു വരുന്നതിനും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 46.6350891 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-102-97— മഹാത്മാഗാന്ധി സർവ്വകലാശാല

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ജീവനക്കാരുടെ ശമ്പളവും പെൻഷനും ശമ്പള പരിഷ്കരണ കുടിശ്ശികയും മറ്റാനുകൂല്യങ്ങളും നൽകുന്നതിനായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. 2024-25 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതി പ്രവൃത്തികൾക്കും അധിക തുക ആവശ്യമാണ്. ആയതിനാൽ പദ്ധതിയേതരയിനത്തിൽ 151.1677 കോടി രൂപയും പദ്ധതിയിനത്തിൽ 55.8457 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-102-95—ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി

കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളിലും നടന്നുകൊണ്ടിരിക്കുന്ന വിദൂര വിദ്യാഭ്യാസം നടത്തുന്നതിനും, നടത്തിവരുന്ന പ്രോഗ്രാമുകൾക്ക് അനുസൃതമായി ജീവനക്കാരെ നിയമിക്കുന്നതിനും അവർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ

ഒരുക്കുന്നതിനും സ്വയം പഠന സാമഗ്രികൾ, വിർച്വൽ കൗണ്ടറുകൾ എന്നിവ തയ്യാറാക്കുന്നതിനും മറ്റുമായി അധിക തുക ആവശ്യമായതിനാൽ പദ്ധതിയിനത്തിൽ 14.7755 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1.5060 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-102-93—ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

ജീവനക്കാരുടെ ശമ്പളവും, വിരമിച്ച ജീവനക്കാരുടെ പെൻഷൻ, ആനുകൂല്യങ്ങളും നൽകുന്നതിനും സർവ്വലാശാലയുടെ നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീ കരിക്കുന്നതിനും, വിദ്യാർത്ഥികളുടെ ഹോസ്റ്റൽ നിർമ്മാണം, പഠന വകുപ്പുകൾക്കാവശ്യമായ ഫർണീച്ചറുകൾ, ലൈബ്രറി പുസ്തകങ്ങൾ, ജേണലുകൾ എന്നിവ വാങ്ങുന്നതിനും, ഓഫീസ് ഓട്ടോമേഷൻ പൂർത്തിയാക്കുന്നതിനും, ആർട്സ് വില്ലേജ്, സെന്റർ ഫോർ ഓൺലൈൻ കോഴ്സസ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി അധിക തുക ആവശ്യമാണ്. ആയതിനാൽ പദ്ധതിയേതരയിനത്തിൽ 98.2849 കോടി രൂപയും, പദ്ധതിയിനത്തിൽ 2.38 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-102-92—കണ്ണൂർ സർവ്വകലാശാല ധനസഹായം

അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിനും അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലെ നിയമനങ്ങൾ നടത്തുന്നതിനും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ല. കൂടാതെ വിവിധ പദ്ധതി പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനും ഭരണാനുമതി ലഭിച്ച പദ്ധതികളുടെ നടത്തിപ്പിനുമായി പദ്ധതിയിനത്തിൽ അധിക തുക ആവശ്യമാണ്. ആയതിനാൽ പദ്ധതിയിനത്തിൽ 8.7750 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 27.9462 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-102-77—നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ്ലീഗൽ സ്റ്റഡീസ് (ന്യുവാൽസ്)

ന്യുവാൽസിന്റെ ക്യാമ്പസ് വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനും, അന്താരാഷ്ട്ര നിലവാരത്തിലുള്ള ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണത്തിനും, MKD സെന്ററിന് വേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടിയും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 32.95 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-102-72—തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല

അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ശമ്പളം, ഏഴാം യു.ജി.സി. ശമ്പള പരിഷ്കരണ കുടിശ്ശിക, പെൻഷൻ ഫണ്ട് കുടിശ്ശിക, വാഹന വാടക, ഇന്ധനം എന്നിവയ്ക്കായി അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 11.8616 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ക്യാമ്പസ് വികസനം, അക്കാദമിക് ഭരണവിഭാഗ കെട്ടിട നിർമ്മാണം, ലൈബ്രറി വികസനം, ഹോസ്റ്റൽ നിർമ്മാണം, താല്ക്കാലിക ക്ലാസ്സ് മുറികളും ഓഡിറ്റോറിയവും നിർമ്മാണം, ദേശീയഅന്തർദേശീയ സെമിനാറുകൾ, അന്തർ സർവ്വകലാശാല സഹകരണം/ ചെയറുകൾ, പ്രോജക്ടുകൾ എന്നിവയ്ക്കായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ '35-മൂലധന ആസ്തികളുടെ രൂപീകരണം' എന്ന ഉപശീർഷകത്തിൽ 16.7536 കോടി രൂപയും '36- സഹായധനം ശമ്പളേതരം' എന്ന ഉപശീർഷകത്തിൽ 4.80 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-103-90—എറണാകുളം ലോ കോളേജ്

എറണാകുളം ലോ കോളേജിന് കൺസോളിഡേറ്റഡ് പേ, ദിവസ വേതനം, യാത്രാ ബത്ത, അവധി യാത്രാനുകൂല്യം, വൈദ്യുതി ചെലവ് എന്നീ കണക്കിനങ്ങളിൽ 2024-25 സാമ്പത്തിക വർഷം അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയേതരയിനത്തിൽ 9.21 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-103-83—തൃശ്ശൂർ ലോ കോളേജ്

തൃശ്ശൂർ ലോ കോളേജിന് ശമ്പളം, വീട്ടുവാടക അലവൻസ്, യാത്രാബത്ത, വൈദ്യുതി ചെലവ്, ടെലിഫോൺ ചെലവ് എന്നീ കണക്കിനങ്ങളിൽ അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ പദ്ധതിയേതരയിനത്തിൽ 23.94 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-103-57—<u>രാഷ്ട്രീയ ഉച്ചതാർ ശിക്ഷ അഭിയാൻ(ആർ.യു.എസ്.എ.) (60% സി.എസ്.എസ്.)</u>

സംസ്ഥാനത്തെ വിവിധ സർക്കാർ എയ്ഡഡ് കോളേജുകൾ, സ്വയംഭരണ കോളേജുകൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിൽ റൂസ Phase- 2 പദ്ധതി നടന്നു വരികയാണ്. റൂസ Phase- 1, റൂസ Phase- 2 പദ്ധതികളിലായി കേന്ദ്രവിഹിതം അനുവദിക്കുന്ന പക്ഷം ആനുപാതികമായ 40% സംസ്ഥാന വിഹിതവും ഉൾപ്പടെ പദ്ധതി പൂർത്തിയാക്കുന്നതിന് ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 58.99 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-103-56—<u>ഹയർ എഡ്യൂക്കേഷൻ കൗൺസിൽ</u>

ഉന്നതവിദ്യാഭ്യാസ നിക്ഷേപ നയരൂപീകരണത്തിന്റെ ഭാഗമായി ടാക്സ് ഫോഴ്സ് രൂപീകരണം, അന്തർദേശീയ കോൺക്ലേവുകൾ, ട്രാൻസ്ഫോർമേഷൻ ഇൻഷ്യേറ്റീവ് ഗ്ലോബൽ കോൺക്ലേവ്, അദ്ധ്യാപക പരിശീലന പരിപാടി, ഇ-ജേർണൽ കൺസോർഷ്യം, നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് എന്നിവ സംബന്ധിച്ച ചെലവുകൾ നിർവ്വഹിക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 29.683080 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-103-48—<u>കേരളം - എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സൊല്യൂഷനും (K-REAP) ഉന്നത വിദ്യാഭ്യാസത്തിലെ മികവുകളുടെ കേന്ദ്രങ്ങളും</u>

കേരളം-എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സൊല്യൂഷൻ (കെ-റീപ്പ്) വികസിപ്പിക്കുന്നതിനും, സെന്റേഴ്സ് ഓഫ് എക്സലൻസസ് രൂപീകരിക്കുന്നതിനും നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 9 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-103-47—<u>ഭൗതിക, മാനവിക, വിവരസാങ്കേതിക വിദ്യ എന്നീ അടിസ്ഥാന സൗകര്യങ്ങളിൽ നിലവാരം ഉയർത്തൽ,വികസനം,പരിപാലനം</u>

പദ്ധതി വിഹിതം പ്രയോജനപ്പെടുത്തി നിരവധി നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾനടത്തുന്നതിനും, ഉപകരണങ്ങൾ വാങ്ങുന്നതിനും നിലവിലെ ബജറ്റ്

വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 5 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-105-98—സ്കോളേഴ്സിനുള്ള റസിഡൻസ് പ്രോഗ്രാം (എറുഡൈറ്റ് പദ്ധതി)

പ്രമുഖ അക്കാദമിക വിദഗ്ധരെ ഉപയോഗിച്ച് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിന് നിലവിലെ ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-105-97-02—അധിക വൈദഗ്ദ്ധ്യം ആർജ്ജിക്കുന്നതിനുള്ള പദ്ധതി (എ.എസ്. എ.പി.) (എഫ്.എ.പി.)

അസാപ്പിന്റെ സ്കിൽ പാർക്കിന്റെ നിർമ്മാണത്തിനും പരിപാലനത്തിനും, തൊഴിൽ നൈപുണ്യ പരിശീലനങ്ങൾക്കും, മികവിന്റെ വ്യാവസായിക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 47.1 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-107-88-12—ലോകോളേജുകളിലെ അന്ധവിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ - സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻസുകളും

എറണാകുളം ലോ കോളേജിന് 9/2022- മുതലുള്ള മെസ് ഫീസ്, കോളേജ് ഫീസ്, എന്നീ ഇനങ്ങളിൽ തുക അനുവദിക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-107-74—അവാർഡുകളും സ്കോളർഷിപ്പുകളും

വിദ്യാർത്ഥികൾക്കായുള്ള വിവിധ സ്കോളർഷിപ്പ് തുകകൾ നല്കുന്നതിനായി 9.5 കോടി രൂപയും, മുഖ്യമന്ത്രിയുടെ പ്രതിഭ സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനായി 10 കോടി രൂപയും ആവശ്യമാണ്. കൂടാതെ മുഖ്യമന്ത്രിയുടെ പ്രതിഭാ സ്കോളർഷിപ്പ് വിതരണ ചടങ്ങ് സംഘടിപ്പിക്കുന്നതിനായും തുക ആവശ്യമാണ്. ആകയാൽ നിലവിൽ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ പദ്ധതിയിനത്തിൽ 3 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-04-001-93 —<u>തുടർവിദ്യാഭ്യാസ കേന്ദ്രം</u>

മൂന്നാർ എഞ്ചിനീയറിംഗ് കോളേജിന്റെ ശമ്പള ചെലവിനായി പദ്ധതിയേതരയിനത്തിൽ 2 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-80-800-45—<u>കെ.ആർ.നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട്ഫോർ വിഷ്വൽ സയൻസ് ആന്റ് ആർട്ട്</u>

കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്സിൽ അക്കാഡമിക് ആവശ്യങ്ങൾക്കു വേണ്ടിയും, പർച്ചെയ്സ്, സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം, സോളാർ പവർ ജനറേഷൻ സിസ്റ്റം, ടെക്നിക്കൽ അപ്ഗ്രേഡിഷൻ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്കുമായി നിലവിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 35-മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം എന്ന കണക്കിനത്തിൽ 17.4217 കോടി രൂപയും 31-സഹായധനം-ശമ്പളം എന്ന കണക്കിനത്തിൽ പദ്ധതിയേതരയിനത്തിൽ 1.8058 കോടി രൂപയും 36 - സഹായധനം-ശമ്പളേതരം എന്ന കണക്കിനത്തിൽ പദ്ധതിയേതരയിനത്തിൽ 2.3889 കോടി രൂപയും പദ്ധതിയിനത്തിൽ 10.43 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-102-99— <u>കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല (കുസാറ്റ്)</u>

പ്രവേശന പരീക്ഷാനടത്തിപ്പ് ചെലവുകൾ, വൈദ്യുതി ചാർജ്, വെള്ളക്കരം, അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ, വാർഷിക ഇൻക്രിമെന്റ്, പെൻഷൻ, ഡി.എ. അരിയർ, എന്നീ ഇനങ്ങളിലെ ചെലവുകൾക്കായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 82.4352 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനും, പശ്ചാത്തല അടിസ്ഥാന സൗകര്യ വികസനവും അവ സമയബന്ധിതമായി നടത്തുന്നതിനും, വിവിധ വകുപ്പുകളിലെ പഠന ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങളും കമ്പ്യൂട്ടറുകളും വാങ്ങുന്നതിനും, പരിസ്ഥിതി സൗഹൃദവും സുരക്ഷാനടപടികളും സർവ്വകലാശാലയിൽ നടപ്പാക്കുന്നതിനും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 9.2 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-102-97—കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (ഡോ.എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി)

31—സഹായധനം - ശമ്പളം

ഡോ. എ. പി. ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി ജീവനക്കാരുടെ ശമ്പള ചെലവുകൾക്കായി 'സഹായധനം - ശമ്പളം' എന്ന ഉപശീർഷകം 31-ൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 39.45 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

ഡോ. എ. പി. ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ നടന്നു വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 16.877 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

36—സഹായധനം - ശമ്പളേതരം

ഡോ. എ. പി. ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ പഠനവിഭാഗങ്ങൾ ആരംഭിക്കുന്നതിനും, സർവ്വകലാശാലയുടെ വിദ്യാർത്ഥി നൈപുണ്യ വികസന പദ്ധതികൾ ഉൾപ്പടെ 22 ഘടകങ്ങളുടെ സ്ഥാപക ചെലവുകൾക്കുമായി പദ്ധതിയിനത്തിൽ 70.0730 കോടി രൂപയും ശമ്പളേതര ആവർത്തന ചെലവുകൾക്കായി പദ്ധതിയേതരയിനത്തിൽ 87.3040 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-103-99—ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനം

ടെക്നിക്കൽ ഹൈസ്കൂളുകൾക്കായി സ്ഥലം ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ ഈ ശീർഷകത്തിൽ 2.75 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വിവിധ ടെക്നിക്കൽ ഹൈസ്കൂളുകളുടെ വാട്ടർ ചാർജ് ഇനത്തിലെ ചെലവ് വഹിക്കുന്നതിനായി 05-1- ഓഫീസ് ചെലവുകൾ- വെള്ളക്കരം എന്ന ശീർഷകത്തിൽ 28,000 രൂപ കൂടി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-105-91—ടെക്നിക്കൽ ഹൈസ്കൂളുകളെ പോളിടെക്നിക്കുകളായി ഉയർത്തുന്നതിനുള്ള വിഹിതം.

05-2—ഓഫീസ് ചെലവുകൾ -വൈദ്യുതി ചെലവ്

വൈദ്യുതി ചെലവ് ഇനത്തിൽ മുൻ വർഷത്തെ പെൻഡിംഗ് ബില്ലുകളുടെ തുക നല്കാനുള്ളതിനാൽ 60,000 രൂപ കൂടി ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-105-79—സർക്കാർ പോളിടെക്നിക്കുകളുടെ വികസനം

നിലവിലെ പോളിടെക്നിക്ക് കോളേജുകളുടെ വികസനത്തിനും പോളിടെക്നിക്കിലെ വിവിധ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും പിണറായി എഡ്യൂക്കേഷൻ ഹബ്ബിൽ നിർദ്ദേശിക്കപ്പെട്ട പുതിയ പോളിടെക്നിക്ക് കോളേജിന്റെ വികസനത്തിനും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 15 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-112-72—സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡവലപ്മെന്റ്

പ്രസ്തുത ശീർഷകത്തിലെ പദ്ധതിയിനത്തിൽപ്പെട്ട വിവിധ ഘടകങ്ങളുടെ ചെലവുകൾക്കായി നിലവിലെ ബജറ്റ് വിഹിതത്തിന് പുറമേ 8.1020 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-112-60—ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.എച്ച്.ആർ.ഡി.)

ഐ.എച്ച്.ആർ.ഡി.-യിലെ ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനും, AICTE/ UGC മുതലായ റെഗുലേറ്ററി ബോഡികൾ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ '31-സഹായധനം - ശമ്പളം' എന്ന ഉപശീർഷകത്തിൽ 143.4358 കോടി രൂപയും '36-സഹായധനം - ശമ്പളേതരം' എന്ന ഉപശീർഷകത്തിൽ 9.2541 കോടി രൂപയും പദ്ധതിയേതരയിനത്തിൽ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

35 & 36 —മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം സഹായധനം - ശമ്പളേതരം

2024-25 സാമ്പത്തിക വർഷത്തെ പദ്ധതി പ്രൊപ്പോസൽ പ്രകാരം തിരഞ്ഞെടുത്ത 10 സ്ഥാപനങ്ങളിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ അസിസ്റ്റീവ് ടെക്നോളജി തുടങ്ങുന്നതിനും, പുതിയ നഴിസിംഗ് കോളേജ്, ലോ കോളേജ് എന്നിവ തുടങ്ങുന്നതിനും, ടെക്നോളജി ബിസിനസ് ഇൻക്യുബേറ്റേഴ്സ്, ഇൻഡസ്ട്രി അറ്റ് ക്യാമ്പസ്, നൈപുണ്യ വികസന കേന്ദ്രം മുതലായ പദ്ധതികൾ നടപ്പിലാക്കുന്നതിനും ബജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പദ്ധതിയിനത്തിൽ മേൽ കണക്കിനങ്ങളിൽ 714.9640 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-112-58—എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വുമൺ, പൂജപ്പുര, തിരുവനന്തപുരം സെന്ററിന് പുതിയ ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണത്തിനും കാസർഗോഡ് എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ ഇൻഡോർ സ്റ്റേഡിയം പൂർത്തീകരിക്കുന്നതിനും പദ്ധതിയിനത്തിൽ 3 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കൂടാതെ, മലപ്പുറം എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിക്ക് ഭൂമി ഏറ്റെടുക്കലും അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി നിലവിൽ ബജറ്റ് വിഹിതം അനുവദിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 35.51 കോടി രൂപ പദ്ധതിയിനത്തിൽ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

എൽ.ബി.എസ്.ഐ.റ്റി.ഡബ്ല്യു., പൂജപ്പുര, എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാസർഗോഡ് എന്നിവിടങ്ങളിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് അനുബന്ധ ചെലവുകളും നിർവ്വഹിക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ ഇതിലേയ്ക്കായി ബന്ധപ്പെട്ട ശീർഷകത്തിൽ 10 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-112-41—<u>എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം</u>

നിലവിലെ എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനത്തിനും എഞ്ചിനീയറിംഗ് കോളേജുകളിലെ വിവിധ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും ബജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 12 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-800-91—<u>കേരള സംസ്ഥാന നൂതന അച്ചടി പരിശീലനകേന്ദ്രം - ധനസഹായം</u>

36—<u>സഹായധനം - ശമ്പളേതരം</u>

സ്ഥാപനത്തിന്റെ വികസനത്തിന്റെ ഭാഗമായി ഒരു ഓക്സിലറി പ്രിന്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി പദ്ധതിയിനത്തിൽ 3 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-102-99—<u>നാഷണൽ കേഡറ്റ് കോർപ്സ്</u>

05-4 —<u>ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ</u>

എൻ.സി.സി. വകുപ്പിന് സർക്കാർ അച്ചടി വകുപ്പിലേയ്ക്ക് കുടിശ്ശികയിനത്തിൽ നല്കേണ്ട തുക നല്കുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 05-4 എന്ന ശീർഷകത്തിൽ 37.80 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34-3 —<u>മറ്റു ചെലവുകൾ - മറ്റിനം</u>

കേഡറ്റുകൾക്ക് റിഫ്രഷ്മെന്റ്/ ഓണറേറിയം നൽകുന്നതിനും, സ്കൂൾ/ കോളേജ് ക്യാന്റീനുകൾക്ക് ഫണ്ട് നൽകുന്നതിനുമായി പദ്ധതിയേതരയിനത്തിൽ 19.50 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-105-99—<u>കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ</u>

31 —<u>സഹായധനം - ശമ്പളം</u>

ശമ്പളം, പെൻഷൻ കുടിശ്ശിക എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 4.6865 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

36—സഹായധനം - ശമ്പളേതരം

ലൈബ്രറികൾക്ക് പുസ്തക ഗ്രാന്റ്, ലൈബ്രേറിയൻ അലവൻസ് എന്നിവ അനുവദിക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 25.6941 കോടി രൂപഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-01-203-70—പബ്ലിക് യൂണിവേഴ്സിറ്റി ക്യാമ്പസ് നിർമ്മാണവും വികസനവും (മലയാളം സർവ്വകലാശാലയുടെ പുതിയ ക്യാമ്പസും ഇൻഫ്രാസ്ട്രക്ചറൽ ഫെസിലിറ്റികളും)

താല്ക്കാലിക കെട്ടിടങ്ങളിലാണ് നിലവിൽ മലയാള സർവ്വകലാശാല പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. സർക്കാർ ഏറ്റെടുത്തു നല്കിയ 10 ഏക്കർ ഭൂമിയിൽ സ്ഥിരം കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 30 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-01-203-64—ഭൗതിക, മാനവിക വിവരസാങ്കേതിക വിദ്യ എന്നീ അടിസ്ഥാന സൗകര്യങ്ങളിൽ നിലവാരം ഉയർത്തൽ, വികസനം, പരിപാലനം - കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന

കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ നിർമ്മാണ-നവീകരണ അറ്റകുറ്റ പ്രവർത്തനങ്ങൾക്കും വിവിധ സാധന സാമഗ്രികൾ വാങ്ങുന്നതിനുമായി പദ്ധതിയിനത്തിൽ 7 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുകയും പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിനായി അനുവദിച്ച തുക മാറ്റി നൽകാനും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്**

2202-03-112-95—സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്

31—സഹായധനം- ശമ്പളം

സി.ഡി.എസ്സി-ലെ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 2.1753 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## സാംസ്കാരികകാര്യ വകുപ്പ്

2202-05-102-98—സംസ്ഥാന സർവ്വവിജ്ഞാന കോശം പ്രസിദ്ധീകരണ കേന്ദ്രം

36—സഹായധനം - ശമ്പളേതരം

13 ലഘുവിജ്ഞാന കോശങ്ങൾ, പരിസ്ഥിതി വിജ്ഞാന കോശം, വൈക്കം സത്യാഗ്രഹം, കേരള വിജ്ഞാന കോശം, ദളിത് സാഹിത്യം, കേരളത്തിന്റെ പാരിസ്ഥിതിക ചരിത്രം തുടങ്ങിയവയുടെ പ്രസിദ്ധീകരണം, പരസ്യക്കൂലി, ജീവനക്കാരുടെ ശമ്പളം, പേ റിവിഷൻ കുടിശ്ശിക, മറ്റ് അത്യാവശ്യ ചെലവുകൾ എന്നിവയ്ക്കും റിവോൾവിംഗ് ഫണ്ടിൽ നിന്നും കടമെടുത്ത തുക തിരിച്ചടയ്ക്കുന്നതിനും ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 1.70 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 2.70 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-05-102-97-36—സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് -സഹായധനം - ശമ്പളേതരം

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും, തളിര് മാസികയുടെ പ്രസിദ്ധീകരണത്തിനും, ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ 11-ാം ശമ്പള പരിഷക്കരണ പ്രകാരമുള്ള ശമ്പളവും കുടിശ്ശികയും നൽകുന്നതിനും, ദൈനംദിന പ്രവർത്തനങ്ങൾക്കും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 25 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 1 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-05-102-96—കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

36—സഹായധനം - ശമ്പളേതരം

ഡോ. ബി. ആർ അംബേദ്ക്കർ സമ്പൂർണ്ണ കൃതികളുടെ പ്രസിദ്ധീകരണ പദ്ധതി, പ്രാദേശിക കേന്ദ്രത്തിന്റെ പുതിയ കെട്ടിടത്തിന്റെ ഫർണിഷിംഗ് എന്നിവയ്ക്കും വിജ്ഞാന മുദ്രണം പ്രസ്സിന് ബൈൻഡിംഗ് ഫോൾഡിംഗ് മെഷീൻ, പ്രോഗ്രാം കട്ടിംഗ് മെഷീൻ എന്നിവ വാങ്ങുന്നതിനും, ജീവനക്കാരുടെ ശമ്പളവും മറ്റും നൽകുന്നതിനും, വാടക, വൈദ്യുത ചാർജ്, വാട്ടർ ചാർജ്, ദൈനംദിന ചെലവുകളും നിർവ്വഹിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തി 75 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 1.5576 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനി യോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-05-102-92—<u>കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി ധനസഹായം</u>

ബുക്ക്മാർക്ക് ബുക്ക്കഫെ പദ്ധതി, ബുക്ക്മാർക്കിന് സ്വന്തമായി പബ്ലിക്കേഷൻ, ദൃശ്യവൽക്കരണം, ബുക്ക് വെൻഡിംഗ് മെഷീൻ, അന്തർദേശീയ പുസ്തകമേള തുടങ്ങിയ ചെലവുകൾക്കായും കൂടാതെ ജീവനക്കാരുടെ ശമ്പളം, ഓഫീസുകളുടെ വാടക എന്നിവയ്ക്കായും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 1.85 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-05-102-86—<u>മലയാളം മിഷൻ</u>

മലയാളം മിഷൻ വിപുലീകരിക്കപ്പെടുകയും ഊർജ്ജസ്വലമാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതിന്റെ ഭാഗമായി പദ്ധതിയിനങ്ങളിലുണ്ടായ വർദ്ധന കണക്കിലെടുത്തും ജീവനക്കാരുടെ ശമ്പളം, വേതനം, ഇന്ധനം, വാഹനത്തിന്റെ അറ്റകുറ്റപ്പണി, ദൈനംദിന ഓഫീസ് ചെലവുകൾ, സ്റ്റേഷനറി എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാലും പദ്ധതിയിനത്തിൽ 1.043 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 54.26 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

80 രാജ്യങ്ങളിൽ മലയളം മിഷന്റെ പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ടെന്നും, അതിഥി തൊഴിലാളികളെ മലയാളം പഠിപ്പിക്കാനായി പഠനവണ്ടി രൂപകല്പന ചെയ്തിട്ടുണ്ടെന്നും മലയാളം മിഷൻ ഡയറക്ടർ സമിതിയെ അറിയിച്ചു.

2235-02-102-93—<u>മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് വേണ്ടിയുള്ള സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട്, പാങ്ങപ്പാറ</u>

സ്ഥാപനത്തിലെ വൊക്കേഷണൽ ട്രെയിനിംഗ് സെന്ററും, ഹോസ്റ്റലും നിർമ്മിക്കുന്നതിനും കെട്ടിടം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ബജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 13.11666 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള സർക്കാർ മേഖലയിലെ ഏക സ്ഥാപനമാണ് എസ്. ഐ. എം. സി. എന്നും ഈ സ്ഥാപനത്തെ ഇന്റർനാഷണൽ സെന്റർ എന്ന നിലവാരത്തിലേയ്ക്ക് ഉയർത്തികൊണ്ടു വരുന്നതിനുള്ള പഠനങ്ങളും മറ്റും നടത്തേണ്ടത് അനിവാര്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

യോഗം ഉച്ചയ്ക്കുശേഷം 1.15-ന് അവസാനിച്ചു.

## 7. 27-2-2024-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2024 ഫെബ്രുവരി 27-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5- എ' സമ്മേളന ഹാളിൽ ചേർന്ന യോഗത്തിൽ സമിതി ചെയർമാനും ബഹു. പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രിയുമായ ശ്രീ.വി.ശിവൻകുട്ടി വീഡിയോകോൺഫറൻസിംഗ് മുഖേന അദ്ധ്യക്ഷം വഹിച്ചു. സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും ബഹു. മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യം വകുപ്പു മന്ത്രിയുമായ ശ്രീ. സജി ചെറിയാൻ ഗൂഗിൾ മീറ്റ് മുഖേന പങ്കെടുത്ത പ്രസ്തുത യോഗത്തിൽ പ്രത്യേക ക്ഷണിതാവായ ബഹു. രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
2. ശ്രീ. കെ. എം. സച്ചിൻദേവ്
3. ശ്രീ. ടി. വി. ഇബ്രാഹിം
4. ശ്രീ. എം. എസ്. അരുൺ കുമാർ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. അജിത് കുമാർ വി.ഒ., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. പ്രണബ് ജ്യോതിനാഥ്, സെക്രട്ടറി, കായിക യുവജനകാര്യ വകുപ്പ്.
2. ശ്രീ. എൽ. ആർ. സജീവ് കുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീമതി ഡാർലി ജോസഫ്, അഡീഷണൽ സെക്രട്ടറി ആന്റ് സെക്രട്ടറി,കേരള സ്റ്റേറ്റ് യൂത്ത് കമ്മീഷൻ
4. ശ്രീ. ഇ. ദിനേശൻ, ഡയറക്ടർ, പുരാവസ്തു വകുപ്പ് (അഡീഷണൽ ചാർജ്ജ് പുരാരേഖവകുപ്പ്)
5. ശ്രീമതി മായ എൻ., ഡയറക്ടർ, സാംസ്കാരിക കാര്യ വകുപ്പ്
6. ശ്രീ. ജയറാം കുമാർ ആർ., ജോയിന്റ് സെക്രട്ടറി, കായിക യുവജനകാര്യ വകുപ്പ്
7. ശ്രീമതി സുധ ബി., ജോയിന്റ് സെക്രട്ടറി, പൊതുഭരണ വകുപ്പ്
8. ശ്രീ. രാജേഷ് ജി. ആർ., ജോയിന്റ് സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
9. ശ്രീ. എസ്. ശ്രീനിവാസൻ, സെക്രട്ടറി, മാർഗി, തിരുവനന്തപുരം
10. ശ്രീ. പ്രസന്ന കുമാർ വി.ഡി., മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്
11. ശ്രീ. പി. എസ്. മനേക്ഷ്, മെമ്പർ സെക്രട്ടറി, വൈലോപ്പിള്ളി സംസ്കൃതി ഭവൻ
12. ശ്രീ. പ്രിയദർശൻ പി.എസ്., എക്സിക്യൂട്ടീവ് ഡയറക്ടർ, വാസ്തുവിദ്യാ ഗുരുകുലം.
13. ശ്രീ. ജയകുമാർ എസ്., കൺസർവ്വേഷൻ ഓഫീസർ, ആർക്കിയോളജി ഡിപ്പാർട്ട്മെന്റ്.
14. ഡോ. രാജേഷ് കുമാർ, രജിസ്ട്രാർ, കേരള കലാമണ്ഡലം.
15. ശ്രീ. രാജീവ്.ഡി., മാനേജർ ജവഹർ ബാലഭവൻ, കൊല്ലം.
16. ശ്രീ.അജയ്കുമാർ എ.വി., സെക്രട്ടറി, കേരള ഫോക് ലോർ അക്കാദമി.
17. പ്രൊഫ.സി.പി. അബൂബക്കർ, സെക്രട്ടറി, കേരള സാഹിത്യ അക്കാദമി.
18. ശ്രീ. കരിവെള്ളൂർ മുരളി, സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി
19. ശ്രീ. ബാലമുരളീകൃഷ്ണൻ, സെക്രട്ടറി, കേരള ലളിതകലാ അക്കാദമി.

20. ശ്രീമതി സബ്ന ശശിധരൻ, സെക്രട്ടറി, ഗുരുഗോപിനാഥ് നടനഗ്രാമം.

21. ശ്രീ. വി.ജയപ്രകാശ്, സെക്രട്ടറി, കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ.

22. ശ്രീ. റഷീദ് അലി കെ., സെക്രട്ടറി, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാഡമി.

23. ശ്രീമതി. വിദ്യ ജി., കമ്പനി സെക്രട്ടറി ആന്റ് ഫിനാൻസ് മാനേജർ, കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ.

24. ശ്രീ. ശ്രീലാൽ.ആർ., ട്രഷറർ, കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി.

സമിതി 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നം. XVII-ന്റെ കീഴിൽ വരുന്ന കായികയുവജനകാര്യം, സാംസ്കാരികകാര്യം, പൊതുഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 2204, 2205, 4202 എന്നീ ശീർഷകങ്ങൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

**സാംസ്കാരികകാര്യ വകുപ്പ്**

2205-00-101-97—കേരള കലാമണ്ഡലം

കേരള കലാമണ്ഡലത്തിൽ നടന്നുവരുന്ന വിവിധ നിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, 7-ാം യു.ജി.സി. ശമ്പള പരിഷ്കരണത്തിന്റെയും, 11-ാം ശമ്പള പരിഷ്കരണത്തിന്റെയും കുടിശ്ശിക, കറണ്ട് ചാർജ് എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 2.99 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 9.96 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-101-96—ജവഹർ ബാലഭവൻ

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 5 ജവഹർ ബാലഭവനുകളിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം അനുവദിച്ചതിൻ പ്രകാരമുള്ള ശമ്പളവും കുടിശ്ശികയും നൽകാനുള്ളതിനാൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-101-89—<u>തുഞ്ചൻ സ്മാരക ട്രസ്റ്റ്, തിരൂർ, മലപ്പുറം</u>

തുഞ്ചൻ സ്മാരകത്തിലെ പഴക്കം ചെന്ന കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, മലയാള ഭാഷ സാഹിത്യ മ്യൂസിയം നവീകരണം, പുസ്തകപ്പുര നിർമ്മാണം, കമ്പ്യൂട്ടർവൽക്കരണം തുഞ്ചൻ സ്മാരകത്തിന്റെ ചരിത്രം വ്യക്തമാക്കുന്ന ഫോട്ടോ ഗ്യാലറി സ്ഥാപിക്കൽ എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 1.10 കോടി രൂപയും ജീവനക്കാരുടെ വേതനം, ദൈനംദിന ചെലവുകൾ എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 1.50 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-101-88—<u>ഉണ്ണായിവാര്യർ കലാനിലയം, ഇരിങ്ങാലക്കുട</u>

തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന ഉണ്ണായിവാര്യർ സ്മാരക കലാനിലയത്തിലെ ജീവനക്കാരുടെ ശമ്പളം/ശമ്പള കുടിശ്ശിക എന്നിവ അനുവദിക്കുന്നതിനുമായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-98—<u>പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾക്കായുള്ള സഹായം</u>

വിവിധ ജില്ലകളിലായി നിർമ്മാണത്തിലിരിക്കുന്ന സാംസ്കാരിക സമുച്ചയങ്ങൾ സാംസ്കാരിക നായകന്മാരുടെ പേരിലുള്ള സ്മാരകങ്ങൾ എന്നിവയുടെ പ്രവൃത്തി പൂർത്തീകരണത്തിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 1.40 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-97-36—<u>കേരള സാഹിത്യ അക്കാദമി ധനസഹായം</u>

സാംസ്കാരിക രംഗത്ത് കൂടുതൽ വ്യാപകമായ പ്രവർത്തനങ്ങൾ ആവശ്യമായിവരുന്ന സാഹചര്യത്തിൽ പദ്ധതിയിനത്തിലും ജീവനക്കാരുടെ ഡി.എ. വർദ്ധന, പെൻഷൻ ആനുകൂല്യങ്ങൾ, 11-ാം ശമ്പളപരിഷ്കരണം എന്നിവ നൽകുന്നതിനുമായും അധിക തുക ആവശ്യമാണ്. ആയതിനാൽ പദ്ധതിയിനത്തിൽ 4.30 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1.45 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-91—കേരള ലളിതകലാ അക്കാഡമി

കോഴിക്കോട് ആർട്ട് ഗ്യാലറി നിർമ്മാണം, കിളിമാനൂർ രാജാരവിവർമ്മ സ്മാരക നിലയം, കലാവസ്തുക്കളുടെ സ്റ്റോറേജ് നിർമ്മാണം, ഇന്റർനാഷണൽ പെയിന്റേഴ്സ് ക്യാമ്പ് എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 6 കോടി രൂപയും ജീവനക്കാരുടെ ശമ്പളം, വേതനം, ഗ്യാലറികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ദൈനംദിന ചെലവുകൾ എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 2 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-90—കേരള സംഗീതനാടക അക്കാഡമി

കേരള സംഗീത നാടക അക്കാദമിക്ക് കീഴിൽ നടത്താൻ ഉദ്ദേശിക്കുന്ന പരിപാടികൾ, നവീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്കും നിലവിൽ അനുവദിച്ച വിഹിതത്തിനും പുറമേ പദ്ധതിയിനത്തിൽ 24.1505 കോടി രൂപയും ജീവനക്കാരുടെ വേതനം, എൻ.പി.എസ്., ശമ്പളപരിഷ്കരണം, ശമ്പള കുടിശ്ശിക, യാത്രാബത്ത, ഓഫീസ് ചെലവുകൾ എന്നിവയ്ക്കുമായും പദ്ധതിയേതരയിനത്തിൽ 2.9868 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-86—കഥകളി പരിശീലനം - മാർഗി

സ്കൂൾ തലത്തിൽ പഠിക്കുന്ന കുട്ടികൾക്ക് കഥകളി, കൂടിയാട്ടം, ചെണ്ട, മദ്ദളം തുടങ്ങിയവയിൽ സൗജന്യ പരിശീലനം, മാർഗ്ഗിയിൽ ഉപരിപഠനത്തിന് വരുന്നവർക്ക് വിദഗ്ധ പരിശീലനം, സായിഗ്രാമത്തിലെ അനാഥ കുട്ടികൾക്ക് കഥകളി, ചെണ്ട പരിശീലനം, ശ്രീചിത്രാ ഹോമിലെ പെൺകുട്ടികൾക്ക് സൗജന്യമായി നങ്ങ്യാർകൂത്തിൽ പരിശീലനം എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 25 ലക്ഷം രൂപയും ജീവനക്കാരുടെ വേതനം, വെള്ളക്കരം, വൈദ്യുതി ചെലവ് എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 60 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-82—തിരുവനന്തപുരം ഭാരത് ഭവൻ

സ്വാതി തിരുനാൾ ചെയർ ആന്റ് യേശുദാസ് ഡിജിറ്റൽ ലൈബ്രറിക്കായും പദ്ധതി വിഹിതത്തിലെ മുഴുവൻ സാംസ്കാരിക അവതരണങ്ങളുടെ നടത്തിപ്പിനായും,

ജീവനക്കാരുടെ ശമ്പളം, വൈദ്യുതി ചെലവ്, വെള്ളക്കരം, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായും ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 6.3505 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 57.94469 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-80—നാട്ടരങ്ങ്

'ഒരു ജില്ലയിൽ ഒരു നാട്ടരങ്ങ് ' നിർമ്മിക്കുന്ന പദ്ധതിയിൻ പ്രകാരം നിലവിൽ നിർമ്മാണത്തിലിരിക്കുന്ന ചെങ്ങന്നൂർ, വള്ളിക്കുന്ന്, അന്നമനട, ആലങ്ങാട് എന്നീ നാട്ടരങ്ങുകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുവാനും മറ്റ് ജില്ലകളിൽ നിന്നും ലഭിക്കാവുന്ന പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ നാട്ടരങ്ങിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-77—സാംസ്കാരിക സ്ഥാപനങ്ങൾക്കുള്ള ധനസഹായം

**11—**കുഞ്ചൻ നമ്പ്യാർ സ്മാരകം, കിള്ളിക്കുറിശ്ശി മംഗലം

പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന കുഞ്ചൻ നമ്പ്യാർ സ്മാരകത്തിലെ ജീവനക്കാരുടെ കുടിശ്ശികയുള്ള 4 മാസത്തെ ശമ്പളം അനുവദിക്കുന്നതിനും മറ്റുള്ള ചെലവുകൾക്കുമായി നിലവിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 15 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-76 —ഗുരു ഗോപിനാഥ് നടനഗ്രാമം, വട്ടിയൂർക്കാവ്

കലാപരിശീലന വിഭാഗങ്ങളുടെ സുഗമമായ നടത്തിപ്പിന് കെട്ടിട നിർമ്മാണവും ഹോസ്റ്റൽ നിർമ്മാണവും അത്യന്താപേക്ഷിതമാകയാൽ പദ്ധതിയിനത്തിൽ 1 കോടി രൂപയും സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിനും വിദ്യാർത്ഥികൾക്ക് വേണ്ട വിധം സൗകര്യവും നല്ല രീതിയിൽ പരിശീലനവും നൽകുന്നതിനായി പദ്ധതിയേതരയിനത്തിൽ 25 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-75—<u>കേരളത്തിൽ നടത്തുന്ന അന്തർദേശീയ ചലച്ചിത്രമേള</u>

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് പദ്ധതിയേതര വിഹിതമായി തുക അനുവദിക്കുന്നത് ഈ ശീർഷകത്തിൽ നിന്നാണ്. 29-ാമത് ഐ.എഫ്.എഫ്.കെ. സംഘടിപ്പിക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-74—<u>കേരള നാടൻകല അക്കാഡമി</u>

മ്യൂസിയത്തിൽ എത്തുന്ന സന്ദർശകരുടെ സൗകര്യാർത്ഥം ശൗചാലയങ്ങൾ നിർമ്മിക്കുന്നതിനും, കാളൻ സ്മാരകത്തിന്റെ രണ്ടാം നിലയിൽ ഒരു ഗസ്റ്റ് റൂം പണിയുന്നതിനും ജിവനക്കാരുടെയും സെക്രട്ടറിയുടെയും ശമ്പളം, ചെയർമാൻ, വൈസ് ചെയർമാൻ എന്നിവരുടെ ഓണറേറിയം, യാത്രാപ്പടി, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കുമായി ബജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയിനത്തിൽ 1 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-71—<u>കലാകാരന്മാരുടെ ഉപജീവനവും പ്രാദേശിക ആർട്ട് ഹബ്ബുകളും</u>

14 ജില്ലകളിലായി നിലവിലുള്ള കലാ പൈതൃക ഗ്രാമങ്ങളെ കൂടാതെ പുതിയ പൈതൃക ഗ്രാമങ്ങളെ ഉൾപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും പൈതൃക ഗ്രാമങ്ങൾ/വിപണന മേളകൾ എക്സിബിഷനുകൾ എന്നിവ സംഘടിപ്പിക്കുന്നതിനും ഓൺലൈൻ വിപണി ഒരുക്കുന്നതിനും മറ്റുമായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1.25 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-68—<u>വാസ്തുവിദ്യാ ഗുരുകുലം</u>

പാരമ്പര്യ വാസ്തുവിദ്യാ, ചുമർചിത്രരചന സുസ്ഥിര സാങ്കേതിക വിദ്യ എന്നിവയുടെ സംരക്ഷണവും പ്രചാരണവും, ഓഫീസ് മന്ദിര നവീകരണം, ആസ്ഥാന മന്ദിര നിർമ്മാണം, ജീവനക്കാരുടെ ശമ്പളം, പേ റിവിഷൻ കുടിശ്ശിക, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയിനത്തിൽ 24.65 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-67—<u>അശരണരും രോഗബാധിതരുമായ കലാ സാംസ്കാരിക പ്രവർത്തകർക്കുള്ള അടിയന്തിരചികിത്സയ്ക്കുള്ള സാമ്പത്തിക സഹായം</u>

സാമ്പത്തിക പ്രയാസങ്ങൾ നേരിടുന്ന സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും അവരുടെ ചികിത്സയ്ക്കായി ചെലവാക്കുന്ന തുക ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ധനസഹായത്തിനായി ശിപാർശ ചെയ്യുന്ന ഈ പദ്ധതിയിൻ കീഴിൽ ലഭ്യമാകുന്ന അപേക്ഷകരുടെ എണ്ണം കൂടുന്നതിനാൽ നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ 10 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-66—<u>കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി</u>

മലയാള സിനിമാ മ്യൂസിയത്തിന്റെ നിർമ്മാണം, അന്താരാഷ്ട്ര ചലച്ചിത്രോത്സവം, അന്താരാഷ്ട്ര ഡോക്യുമെന്ററി ആന്റ് ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, സിനിമാ രംഗത്തെ വനിതകൾക്കായുള്ള തൊഴിൽ പരിശീലന പദ്ധതി, അക്കാദമിയിലെ ജീവനക്കാരുടെ ശമ്പളം, വേതനം, കേരള സംസ്ഥാന ചലച്ചിത്ര അവാർഡ്, ജെ.സി. ഡാനിയേൽ അവാർഡ് എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 5.25 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1.80 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-65-33—<u>മലയാള ചിത്രങ്ങൾക്കുള്ള സബ്സിഡി - സബ്സിഡികൾ</u>

മലയാള ചലച്ചിത്രങ്ങൾക്കുള്ള സബ്സിഡി തുകയ്ക്ക് ആനുപാതികമായി സിനിമകൾക്ക് സബ്സിഡി നല്കുന്നതിനും ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിർമ്മിക്കുന്ന ചിത്രങ്ങളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിലും മുൻകാലങ്ങളിലുള്ള സബ്സിഡി കുടിശ്ശിക വിതരണം ചെയ്യുന്നതിനുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ് ആയതിനാൽ 6.2562 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-63— <u>മൊയിൻകുട്ടി വൈദ്യർ മാപ്പിളകല, അക്കാഡമി</u>

ഗ്രാന്റിൽ കുറവ് വന്നതുകാരണം മന്ദഗതിയിലായ അക്കാഡമിയുടെ നിരവധി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി പദ്ധതിയിനത്തിൽ 2.71 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 87.66 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-55—കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രം, തോന്നയ്ക്കൽ

ആശാൻ സൗധവും ലൈബ്രറി മന്ദിരവും, ആശാൻ ഡോക്യുമെന്ററി നിർമ്മാണം, പ്രവേശന കവാടം, ചുറ്റുമതിൽ നിർമ്മാണം, ആശാൻ കാവ്യഭൂമി പൂർത്തീകരണം മാനുസ്ക്രിപ്റ്റ് മ്യൂസിയം, കെട്ടിടം ശീതികരിക്കലും നവീകരിക്കലും, ആശാൻ ജന്മവാർഷികാഘോഷം - ആശാൻചരമദിനാചരണം എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 12.6087745 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-49—സാംസ്കാരിക ഡയറക്ടറേറ്റിന്റെ നവീകരണം, അടിസ്ഥാന സൗകര്യ വികസനം, സാംസ്കാരിക സമുച്ചയങ്ങളുടെ പരിപാലനം

ഭിന്നശേഷിക്കാർ ഉൾപ്പടെയുള്ള എല്ലാവരുടേയും തനതായ ആവശ്യങ്ങൾ നിറവേറ്റുന്നതിനുതകുന്ന ആധുനികവത്ക്കരിച്ച ഫ്രണ്ട് ഓഫീസ് സംവിധാനം സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിൽ ഒരുക്കുന്നതിനും കിഫ്ബി ഫണ്ട് ഉപയോഗിച്ച് ജില്ലകളിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയങ്ങൾ വകുപ്പിന് കൈമാറുമ്പോൾ അവയുടെ അറ്റകുറ്റപ്പണികൾ, ദൈനംദിന ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിനും മറ്റുമായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 80 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-44—ഗാന്ധി സേവാ സദനം - കഥകളി കലാനിലയം

ഗാന്ധി സേവാ സദനം കലാനിലയത്തിലെ ജീവനക്കാരുടെ ശമ്പള കുടിശ്ശികയ്ക്കും കഥകളി അനുബന്ധ ക്ലാസിക് കലകളെ പ്രോത്സാഹിപ്പിക്കുന്ന പ്രസ്തുത സ്ഥാപനത്തിന്റെ നിലവിലെ പ്രവർത്തന മികവിനായും പദ്ധതിയേതരയിനത്തിൽ 15 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ദുർവ്വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-45—ശതാബ്ദി ആഘോഷങ്ങൾ - വൈക്കം സത്യാഗ്രഹവും ആലുവ സർവ്വമത സമ്മേളനവും

വൈക്കം സത്യാഗ്രഹത്തിന്റേയും ആലുവ സർവ്വമത സമ്മേളനത്തിന്റേയും ചരിത്രപരമായ പ്രാധാന്യം മാനിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ശതാബ്ദി ആഘോഷങ്ങൾ എന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാകയാൽ 80 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-41—<u>സാംസ്കാരിക പ്രവർത്തനങ്ങൾക്കുള്ള ധനസഹായം - ആവർത്തിക്കാത്തത്</u>

കലാസാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന സംഘടനകൾക്കും സ്ഥാപനങ്ങൾക്കും അനാവർത്തന ധനസഹായം നൽകുന്ന പദ്ധതിയിൻ പ്രകാരം കൂടുതൽ സ്ഥാപനങ്ങൾ/ സംഘടനകൾ എന്നിവയെ അവരുടെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാകയാൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-40—<u>വൈലോപ്പിള്ളി സംസ്കൃതി ഭവൻ (വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം) തിരുവനന്തപുരം</u>

സംസ്കൃതി ഭവൻ കെട്ടിട നവീകരണം, ഇ-ഓഫീസ് സിസ്റ്റം, രാകേന്ദു ഓപ്പൺ എയർ ആഡിറ്റോറിയം പുനർനിർമ്മാണം, കലാരൂപങ്ങളുടെ ഡോക്യുമെന്റേഷൻ, പൈതൃകമ്യൂസിയം എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 32.10 കോടി രൂപയും വൈദ്യുതി ചെലവ്, വെള്ളക്കരം, വാഹനവാടക, ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 1.0350 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**അന്താരാഷ്ട്ര നാടകോത്സവം**

ലോക നാടകത്തിന്റെ ഏറ്റവും നവീനമായ പ്രവണതകളും സങ്കേതങ്ങളും കേരളീയർക്ക് പരിചയപ്പെടുത്തുന്ന അന്താരാഷ്ട്ര നാടകോത്സവം കടുത്ത സാമ്പത്തിക ബാധ്യതയാണ് ഇത് സംഘടിപ്പിക്കുന്നതിലൂടെ അക്കാദമിക്ക് ഉണ്ടാകുന്നത്. കോവിഡ് പശ്ചാത്തലത്തിൽ മുൻ വർഷത്തെ അന്താരാഷ്ട്ര നാടകോത്സവം നടത്താൻ സാധിച്ചിരുന്നില്ല. ആയതിൽ 2205-00-102-34 എന്ന ശീർഷകത്തിൽ ഉൾക്കൊള്ളിച്ച് 3.50 കോടി രൂപ പദ്ധതിയിനത്തിൽ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-32—<u>ശ്രീനാരായണ അന്തർദേശീയ പഠനകേന്ദ്രം, ചെമ്പഴന്തി</u>

പണ്ഡിതരെയും പ്രമുഖ ഇൻഡോളജിസ്റ്റുകളെയും ഉൾപ്പെടുത്തി ഒരു"റൈറ്റേഴ്സ് വർക്ക് ഷോപ്പ്" സംഘടിപ്പിക്കൽ, ഗുരുദേവ ദർശനത്തിന്റെ ആഗോള പ്രചാരണത്തിനായി UNESCO യുമായി ബന്ധപ്പെട്ട് അന്തർദേശീയ ശില്പശാല/ സെമിനാർ സംഘടിപ്പിക്കൽ എന്നിവയ്ക്കായി

പദ്ധതിയിനത്തിൽ 25 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളം, വൈദ്യുതി ചെലവ്, വെള്ളക്കരം, സ്റ്റേഷനറി, ഓഫീസ് ചെലവ് എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 18.86 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-31—<u>കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ഫണ്ട്</u>

ജീവനക്കാരുടെ വേതനം, മീറ്റിംഗ് ചെലവുകൾ, യാത്രാബത്ത, ഓഫീസ് ഓട്ടോമേഷൻ, വാഹന വാടക, എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 72.50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-25—<u>സാംസ്കാരിക സ്ഥാപനങ്ങളിൽ നിന്നുംവിരമിച്ച ജീവനക്കാർക്കുള്ള പെൻഷൻ പദ്ധതി</u>

വിവിധ സാംസ്കാരിക സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പ്രതിമാസ പെൻഷൻ, അനുബന്ധ ആനുകൂല്യങ്ങൾ, വിരമിക്കൽ ആനുകൂല്യങ്ങൾ, പെൻഷൻ പരിഷ്കരണ കുടിശ്ശിക എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ 2.5 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-18—<u>കേരള സംസ്കാരത്തിന്റെ വ്യാപനം</u>

കേരള സംസ്കാരത്തിന്റെ വ്യാപനം എന്ന പദ്ധതിയുടെ ഭാഗമായി 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾക്ക് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാകയാൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-102-12—<u>കൊങ്കണി സാഹിത്യ അക്കാഡമി</u>

വർഷങ്ങളായി അക്കാഡമി ആസൂത്രണം ചെയ്ത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് പദ്ധതിയേതരയിനത്തിൽ 20 ലക്ഷം രൂപയും അക്കാദമിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതിയിനത്തിൽ 1 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-103-99—<u>പുരാവസ്തു വകുപ്പ്</u>

മ്യൂസിയങ്ങളിൽ എത്തുന്ന സന്ദർശകരുടെ എണ്ണം കൂടിവരുന്നതിനാലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ തുറന്നു കൊടുത്തതിനാലും വെള്ളത്തിന്റെ ഉപയോഗം വളരെയധികം കൂടിയതിനാൽ 05-1 ഓഫീസ് ചെലവുകൾ – വെള്ളക്കരം എന്ന ഇനത്തിൽ 1 ലക്ഷം രൂപയും ഏറ്റവും വലിയ പുരാവസ്തു മ്യൂസിയമായ ഹിൽപാലസ് മ്യൂസിയത്തിൽ പുതുതായി ട്രാൻസ്ഫോമർ സ്ഥാപിച്ചതിനാലും നവീകരണം പൂർത്തിയാക്കിയ പല മ്യൂസിയങ്ങളിലും ഡിസ്പ്ലേ സംവിധാനം പ്രവർത്തിക്കുന്നതിനാലും 05-2 വൈദ്യുതി ചെലവ് എന്ന ഇനത്തിൽ 10 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-103-94—<u>മ്യൂസിയം വികസനവും പ്രദർശന തന്ത്രങ്ങളും</u>

പുരാവസ്തു വകുപ്പിന് കീഴിലുള്ള 17 മ്യൂസിയങ്ങളിൽ സ്ഥിരം മ്യൂസിയം ഗൈഡുമാരുടെ തസ്തിക നിലവിലില്ലാത്തതിനാൽ പ്രസ്തുത അഭാവം പരിഹരിക്കുന്നത് മ്യൂസിയം ഗൈഡ് സർവ്വീസ് പ്രോജക്ടിലൂടെയാണ്. ഇതിനായി ബജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 02-5-എന്ന കണക്കിനത്തിൽ 60.55 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-103-85—<u>പൈതൃക പഠന കേന്ദ്രം</u>

പൈതൃക പഠനവും സംരക്ഷണവുമായി ബന്ധപ്പെട്ട് സെമിനാറുകളും, പ്രദർശനങ്ങളും, അക്കാദമിക് കോഴ്സുകളുടെ നടത്തിപ്പ്, ഹെറിറ്റേജ് ഗ്യാലറി സ്ഥാപിക്കൽ, ഹോർത്തൂസ് മലബാറിക്കസ് ഗാർഡന്റെ നവീകരണം, പരിപാലനം എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 51 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 9.54 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-104-99 —<u>കേരള സ്റ്റേറ്റ് ആർക്കൈവ്സ്</u>

കേരള സ്റ്റേറ്റ് ആർക്കേവ്സ് വകുപ്പിലെ കരാർ ജീവനക്കാർക്ക് ശമ്പളം കൺസോളിഡേറ്റഡ് പേ എന്ന കണക്കിനത്തിൽ നിന്നും നൽകുന്നതിന് ട്രഷറിയിൽ നിന്നും നിർദ്ദേശം ഉള്ളതായി സമിതി മനസിലാക്കുന്നു. പ്രസ്തുത ശീർഷകത്തിൽ നിലവിൽ

തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത കണക്കിനം ഉൾപ്പെടുത്തി ആയതിൽ 36 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ വകുപ്പിന്റെ ഓഫീസുകളിൽ കെട്ടിട നികുതി അടയ്ക്കുന്നതിനായി 06 എന്ന കണക്കിനത്തിൽ 2.50 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-107-91—എ.കെ.ജി. സ്മാരക മ്യൂസിയം

കണ്ണൂർ ജില്ലയിലെ പെരളശ്ശേരിയിൽ പുതിയതായി സ്ഥാപിക്കുന്ന എ.കെ.ജി. സ്മൃതി മ്യൂസിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും ലാന്റ്സ്കേപ്പിംഗ് വർക്ക്, ഉദ്യാന നിർമ്മാണം എന്നിവ നടത്തുന്നതിനും പദ്ധതിയിനത്തിൽ 7 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-04-190-99-01—കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ - മരാമത്തുപണികൾ

2024-25 സാമ്പത്തിക വർഷത്തെ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനും നിലവിൽ നവീകരണ ജോലികൾ നടന്നുകൊണ്ടിരിക്കുന്ന തൃശ്ശൂർ കൈരളി/ ശ്രീ തിയേറ്ററിന്റെ നവീകരണ ജോലികൾ പൂർത്തിയാക്കുവാനും ഡോക്യുമെന്ററി ഷോർട്ട് ഫിലിം നിർമ്മാണം, തീയേറ്ററുകൾക്ക് ഇ-ടിക്കറ്റിംഗ് സംവിധാനം നടപ്പിലാക്കൽ, ജെ.സി. ഡാനിയേലിന്റെ ശില്പം, കേരളത്തിലെ ഫിലിം ക്ലബ്ബുകൾ/ ഫിലിം സൊസൈറ്റിയുടെ പുനരുജ്ജീവനം, പുതിയ തീയേറ്ററുകളുടെ നിർമ്മാണം, കെ.എസ്.എഫ്.ഡി.സി-യിൽ ഒ.ടി.ടി. പ്ലാറ്റ്ഫോമിന്റെ വികസനവും നടപ്പാക്കലും, അഡ്വാൻസസ് ഫിലിം നിലവിലെ മേക്കിംഗ് സെന്റർ ഡി.പി.ആർ തയ്യാറാക്കൽ എന്നിവയ്ക്കായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പദ്ധതിയിനത്തിൽ 16 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-04-800-85 —ഡയറക്ടറേറ്റ് ഓഫ് കൾച്ചർ കോംപ്ലക്സിന്റെ നിർമ്മാണം

തിരുവനന്തപുരം ജില്ലയിൽ നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സാംസ്കാരിക ഡയറക്ടറേറ്റിന്റെ ഓഫീസിനേയും മറ്റ് സാംസ്കാരിക സ്ഥാപനങ്ങളേയും ഉൾക്കൊള്ളിക്കുന്ന പദ്ധതിക്ക് ലഭ്യമായ ഭൂമിയിൽ സമുച്ചയത്തിന്റെ പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ബജറ്റ് വിഹിതം അപര്യാപ്തമാകയാൽ 1.50 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-04-800-84—കലാകാരന്മാർക്കുള്ള അഭയ കേന്ദ്രം (ഹോം സ്റ്റേ)/ കലാ ഗ്രാമം.

ആലപ്പുഴ ജില്ലയിലെ സാംസ്കാരിക സമുച്ചയത്തിനായി കണ്ടെത്തിയ ഭൂമിയിൽ സമുച്ചയത്തിന്റെ ഭാഗമായി നിർമ്മിക്കുന്ന അഭയകേന്ദ്രത്തിന്റെ നിർമ്മാണ ചെലവിലേയ്ക്ക് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാകയാൽ 1.90 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-04-800-83—ഫ്രീഡം മെമ്മോറിയൽ പാർക്ക്

ഇന്ത്യയുടെ 75-ാം സ്വാതന്ത്ര്യ വാർഷികത്തിന്റെ സ്മരണയ്ക്കായി ആസാദി കാ അമൃത് മഹോത്സവ് എന്ന പേരിൽ ഒരു വർഷം നീണ്ടു നിൽക്കുന്ന ആഘോഷ പരിപാടികളുടെ ഭാഗമായി തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ സ്വാതന്ത്ര്യ സമര സേനാനികളുടെ സ്മരണയ്ക്കായി സ്മാരക പാർക്കുകൾ നിർമ്മിക്കുന്ന പദ്ധതിക്ക് ഭൂമി കണ്ടെത്തൽ, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാകയാൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-04-800-82—സാംസ്കാരിക പൈതൃക ഗ്രാമം

കേരളത്തിന്റെ സമ്പന്നമായ പൈതൃകത്തെ പ്രതിഫലിപ്പിക്കുന്ന നാടൻ പാരമ്പര്യങ്ങളും കരകൗശല വസ്തുക്കളും പ്രദർശിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിക്കുന്ന ഈ പദ്ധതി തുടക്കമെന്ന നിലയിൽ ചെങ്ങന്നൂർ, ആറന്മുള ഭാഗങ്ങളിലായാണ് നടപ്പിലാക്കുന്നത്. ടി പദ്ധതിക്ക് നിലവിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പദ്ധതി നടപ്പിലാക്കുന്നതിന് പര്യാപ്തമല്ലാത്തതിനാൽ 90 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**കായിക യുവജനകാര്യ വകുപ്പ്**

2202-02-109-66—തിരുവനന്തപുരം ജി.വി. രാജ സ്പോർട്സ് സ്കൂളിന്റേയും കണ്ണൂർ സ്പോർട്സ് ഡിവിഷന്റെയും അടിസ്ഥാന സൗകര്യ വികസനം.

റസിഡൻഷ്യൽ മാതൃകയിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം ജി. വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യവികസനം, 600-ൽ പരം കുട്ടികളുടെ പരിശീലനം, താമസം, ഭക്ഷണം, കായികോപകരണങ്ങൾ എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 5 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-001-99 —<u>കായിക യുവജനകാര്യ ഡയറക്ടറേറ്റ്</u>

ഈ ശീർഷകത്തിൻ കീഴിലെ വിവിധ കണക്കിനങ്ങളിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 04-2 - സ്ഥലമാറ്റബത്ത ഇനത്തിൽ 1 ലക്ഷം രൂപ, 21-2 - മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും - അറ്റകുറ്റപ്പണികളും എന്ന ഇനത്തിൽ 90,000 രൂപ, 34-3 - മറ്റുചിലവുകൾ – മറ്റിനം എന്ന ഇനത്തിൽ 85,000 രൂപ എന്നിങ്ങനെ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-103-98—<u>യൂത്ത് വെൽഫയർ ബോർഡ്</u>

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ കരാർ ജീവനക്കാരായിരുന്ന 16 പേരെ സ്ഥിരപ്പെടുത്തിയതിൻ പ്രകാരം 2021 വർഷം മുതലുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകാനുള്ളതിനാൽ പദ്ധതിയേതരത്തിൽ 2.42 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-103-68—<u>കേരള സംസ്ഥാന യൂത്ത് കമ്മീഷൻ</u>

കേരള സംസ്ഥാന യൂത്ത് കമ്മീഷനിലെ ജീവനക്കാരുടെ ശമ്പളം, കമ്മീഷൻ അംഗങ്ങളുടെ ഓണറേറിയം തുടങ്ങിയ ചെലവുകൾക്കായി പദ്ധതിയേതരയിനത്തിൽ അനുവദിച്ച തുക പര്യാപ്തമല്ല. അതുപോലെ കമ്മീഷൻ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായും, കമ്മീഷൻ ചെയർപേഴ്സൺ/ സെക്രട്ടറി എന്നിവരുടെ ഔദ്യോഗിക വാഹനങ്ങളുടെ വാടക, ഓഫീസിലെ ദൈനംദിന ചെലവ്, വൈദ്യുത ചാർജ്, കംപ്യൂട്ടർ പ്രിന്റർ എന്നിവയുടെ സർവ്വീസ്, കമ്മീഷൻ മീറ്റിംഗ് എന്നിവയുടെ ചെലവുകൾക്കും അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ കമ്മീഷന്റെ 31-സഹായധനം എന്ന ശീർഷകത്തിൽ 45 ലക്ഷം രൂപയും 36-സഹായധനം - ശമ്പളേതരം എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ 1.0149 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 22 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന /ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-104-97 —<u>കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുള്ള ധനസഹായം</u>

കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുള്ള പദ്ധതി/ പദ്ധതിയേതരയിനങ്ങളിൽ ധനസഹായമായി വിവധ ശീർഷകങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ല. ആയതിനാൽ 31 – സഹായധനം - ശമ്പളം എന്ന ശീർഷകത്തിൽ 7 കോടി രൂപയും

36-സഹായധനം - ശമ്പളേതരം എന്ന കണക്കിനത്തിൽ 20.73 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 12.50 കോടി രൂപയും ഉപധനാഭ്യർത്ഥന /ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-104-91—ഡിപ്പാർട്ടുമെന്റ് സ്കൂളുകളിൽ കായിക വിനോദ വിഭാഗങ്ങളിൽ സൗകര്യങ്ങൾ സജ്ജീകരിക്കൽ(സ്പോർട്സ് സ്കൂളുകളും ഡിവിഷനുകളും)

05-1—ഓഫീസ് ചെലവുകൾ- വെള്ളക്കരം

ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ വെള്ളക്കരത്തിനായി പദ്ധതിയേതരയിനത്തിൽ 54 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-104-89—സിവിൽ സർവ്വീസസ് ടൂർണമെന്റിന്റെ നടത്തിപ്പിനുള്ള ധനസഹായം

കിറ്റ്, ഡയറ്റ് അലവൻസ്, കാഷ് അവാർഡ് തുക എന്നിവ വർദ്ധിപ്പിച്ചതിനാലും കൂടുതൽ ഇനങ്ങൾ സംസ്ഥാന മീറ്റിൽ ഉൾപ്പെടുത്തിയതിനാലും ബഡ്ജറ്റിലെ നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 33 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-03-102-83—ഗ്രാമീണ കളിസ്ഥലം

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 124 കളിക്കളങ്ങൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ആദ്യ ഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി ബജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 46 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

(യോഗം ഉച്ചയ്ക്ക് ശേഷം 12.35-ന് പിരിഞ്ഞു.)

## 8. 6-3-2024-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2024 മാർച്ച് 6-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ ചേർന്ന യോഗത്തിൽ സമിതി ചെയർമാനും ബഹു. പൊതുവിദ്യാഭ്യാസ- തൊഴിൽവകുപ്പ് മന്ത്രിയുമായ ശ്രീ. വി.ശിവൻകുട്ടി വീഡിയോ കോൺഫറൻസിംഗ് മുഖേന അദ്ധ്യക്ഷം

വഹിച്ചു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഉന്നതവിദ്യാഭ്യാസ - സാമൂഹ്യ നീതി വകുപ്പ് മന്ത്രിയുമായ ഡോ. ആർ. ബിന്ദുവും, പ്രത്യേക ക്ഷണിതാവായ രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. ടി. വി. ഇബ്രാഹിം
2. ശ്രീ. കെ. എം. സച്ചിൻദേവ്
3. ശ്രീ. എം. വിജിൻ
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (വീഡിയോ കോൺഫറൻസിംഗ്)
5. ശ്രീ. എം. എസ്. അരുൺ കുമാർ ,,
6. ശ്രീ. മുഹമ്മദ് മുഹസിൻ ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. അജിത്കുമാർ വി. ഒ., അണ്ടർ സെക്രട്ടറി.

സമിതി 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും പ്രസ്തുത റിപ്പോർട്ടിൽ ഗവൺമെന്റ് ലോകോളേജ്, തിരുവനന്തപുരം, കോഴിക്കോട് എന്നീ സ്ഥാപനങ്ങൾ ലഭ്യമാക്കുകയുണ്ടായ ധനാഭ്യർത്ഥനകൾ കൂടി ഉൾപ്പെടുത്തണമെന്ന നിർദ്ദേശത്തോടെ കരട് റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 3.00 മണിക്ക് പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.